www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം വാല്യം : 7 ലക്കം : 2 നവംബർ 2021 പേജ് 14 ത്രൈമാസിക


# കാരുണ്യത്തിന്റെ പ്രഭയിൽ സുവിശേഷത്തിന്റെ പരിമളം


**കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ജേക്കബ് മാർ ബർണബാസ് തിരുമേനി തന്റെ നിത്യസമ്മാനത്തിനായി യാത്രയായിരിക്കുന്നു. ദീർഘകാലം ബഥനി ആശ്രമത്തിലൂടെ സന്യാസത്തിന്റെ സൽമാതൃകകൾ പകർന്നുതന്ന ആത്മീയ ഗുരു. ഇടയശുശ്രൂഷാ നിയോഗത്തിൽ കഴിഞ്ഞ 14 വർഷക്കാലം ഡൽഹി നഗരത്തിലെയും ഉത്തരേന്ത്യയിലെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെയും കുഗ്രാമങ്ങളിൽ വിശക്കുന്നവർക്ക് ഭക്ഷണമായും കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചമായും നന്മചെയ്ത് നടന്നുനീങ്ങിയ അദ്ദേഹം ദൈവ കരുണയുടെ മനുഷ്യ രൂപവും ഭാവവുമായിരുന്നു. ക്രിസ്തുവിന്റെ സഭയിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേൽപ്പട്ട ശുശ്രൂഷയിൽ എനിക്കൊപ്പം നിന്ന് കരങ്ങൾക്ക് ശക്തിപകർന്ന, സഭാമക്കൾക്ക് ദൈവസാന്നിദ്ധ്യ നിറവ് പകർന്ന ആ പുണ്യജീവിതത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. നിത്യമായ വാസത്തിന് ആ ശ്രേഷ്ഠാചാര്യൻ യാത്രയാകുമ്പോൾ ഹൃദയം നിറഞ്ഞ് കവിയുന്ന ഒരായിരം ഓർമ്മകൾ ബാക്കിയാവുന്നു.

### ദൈവം തെരഞ്ഞെടുത്ത വഴികൾ

ദൈവം തെരഞ്ഞെടുത്ത മനുഷ്യരുടെ ജീവിതങ്ങൾ പരിശോധിക്കുമ്പോൾ ദൈവം, അവരെ നടത്തിയ വഴികൾ നമ്മെ അത്ഭുതപ്പെടുത്തും. പ്രിയങ്കരനായ മാർ ബർണബാസ് തിരുമേനിയുടെ ജീവിതം അത്തരത്തിലൊന്നാണ്. പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ കരികുളം ഏറത്ത് കുടുംബത്തിൽ ജനിച്ച ഏവർക്കും പ്രീയങ്കരനായ ചാക്കോച്ചൻ ബഥനി ആശ്രമ വൈദികനായി 1986 ഒക്ടോബർ 2-ന് അഭിഷിക്തനായി. ഒരു പുരോഹിതന്റെ ജീവിതത്തിൽ കുടംബം നൽകുന്ന ആത്മീയ അടിത്തറ പ്രധാനമാണ്. ദൈവം തെരഞ്ഞെടുത്ത വഴിയിൽ ധീരമായി നടക്കുതിന് വന്ദ്യപിതാവിന് ബലമേകിയ വൽസല മാതാവിനും പിതാവിനും കുടുംബാംഗങ്ങൾക്കും ഏറെ നന്ദി സമർപ്പിക്കുന്നു.

പിന്നീട് റോമിലേക്ക് ഉപരിപഠനാർത്ഥം അയക്കപ്പെട്ട അദ്ദേഹം ധാർമ്മിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി വിജയകരമായി തന്റെ പഠനം പൂർത്തിയാക്കി. പൂനയിലെ ബഥനി ആശ്രമം സുപ്പീരിയർ, ബഥനി വേദവിജ്ഞാന പീഠം റെക്ടർ, ബഥനി പ്രൊവിൻഷ്യൽ സുപ്പീരിയർ തുടങ്ങിയ ചുമതലകൾ വഹിച്ച അദ്ദേഹം 2007 മാർച്ച് 10-ന് ബലഹീനനായ എന്റെ കൈകളാൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഒരു മെത്രാനായി അഭിഷിക്തനായി. തുടർന്ന് കേരളത്തിനു പുറത്തുള്ള സഭയുടെ മിഷൻ കേന്ദ്രങ്ങളുടെ അപ്പസ്തോലിക വിസിറ്റേറ്ററായി ചുമതലയേറ്റു. 2015 മെയ് മാസം ഡൽഹി കേന്ദ്രമായി സ്ഥാപിതമായ ഗുഡ്ഗാവ് സെന്റ് ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു. ഈ കാലയളവിൽ CBCI വനിതാ കമ്മീഷൻ ചെയർമാനായും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷ സംഘം ചെയർമാനായും പ്രവർത്തിച്ചു.

*(തുടർച്ച 2-ാം പേജിൽ)*

ഉൾപേജുകളിൽ


| | |
|---|---|
| ആർഷഭാരതത്തിൽ മലങ്കരയുടെ നവ സുവിശേഷ സാക്ഷ്യം | 3 |
| മുഖമൊഴി | 5 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 6, 7 |
| സ്വർഗ്ഗം സ്വപ്നങ്ങൾ പകർന്ന നമ്മുടെ ബർണബാസ് പിതാവ് | 9 |
| ഞാൻ അറിയുന്ന എന്നെ അറിയുന്ന ഒരു വിശുദ്ധൻ | 10 |
| സുവിശേഷ അഗ്നിയും പ്രേഷിത തീഷ്ണതയുമുള്ള ശ്രേഷ്ഠാചാര്യൻ | 11 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 14 |


## സുവിശേഷ ദീപമേ, സ്വർഗ്ഗീയ ശോഭയിൽ പ്രശോഭിച്ചാലും



**അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന് സുവിശേഷസംഘത്തിന്റെ പ്രാർത്ഥനാഞ്ജലികൾ**

# മാർ ബർണബാസ് മെത്രാപ്പോലിത്താ സുവിശേഷസംഘത്തിന്റെ ആത്മീയ ചൈതന്യം


**ഫാ. ഡോ. ആന്റണി കാക്കനാട്ട്**

സുവിശേഷസംഘം എക്സിക്യൂട്ടീവ് സെക്രട്ടറി




മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷസംഘ ചെയർമാൻ എന്ന നിലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ശുശ്രൂഷ നിർവഹിച്ച് സുവിശേഷസംഘത്തെ സഭയുടെ ആത്മീയ വസന്തമാക്കി സ്വർഗീയ മഹത്വത്തിലേക്ക് കടന്നുപോയ അഭിവന്ദ്യനായ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്തായുടെ ദീപ്തമായ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. വന്ദ്യ പിതാവിനെകുറിച്ചുള്ള ഈ അനുസ്മരണം സുവിശേഷസംഘവുമായി ബന്ധപ്പെടുത്തിയും എന്റെ വ്യക്തിപരമായ അനുഭവത്തോട് ചേർത്തും പങ്കുവയ്ക്കുവാനാണ് താല്പര്യപ്പെടുന്നത്.

### സുവിശേഷസംഘ ചെയർമാൻ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘത്തിന്റെ ആത്മീയ ചൈതന്യമായി മുമ്പിൽനിന്ന് നേതൃത്വം നൽകിയ വ്യക്തിയായിരുന്നു അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ്. 2011 സെപ്തംബർ 21, 22, 23 തീയതികളിൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയിൽ രൂപപ്പെട്ട ചിന്താധാരയാണ് സുവിശേഷസംഘം. തുടർന്നുവന്ന സുന്നഹദോസ് സുവിശേഷസംഘം ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ജേക്കബ് മാർ ബർണബാസ് പിതാവിനെ ചെയർമാനായി ചുമതല ഏൽപിക്കുകയും

*(തുടർച്ച 8-ാം പേജിൽ)*

www.malankaralibrary.com

www.malankaralibrary.com



*( ...... 1-ാം പേജിൽ നിന്നും തുടർച്ച)*

ദൈവത്തിന്റെ തീരുമാനങ്ങൾ ഒരിക്കലും തെറ്റിപ്പോവുകയില്ലല്ലോ. സഭാശുശ്രൂഷയിൽ അദ്ദേഹത്തിന് നൽകപ്പെട്ട എല്ലാ ചുമതലകളും അങ്ങേയറ്റത്തെ സമർപ്പണത്തോടെ അദ്ദേഹം നിറവേറ്റി. താലന്തുകളുടെ ഉപമയിൽ യേശുക്രിസ്തു പറഞ്ഞ വചനമാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നത്: കൊള്ളാം! "നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും."

**ദൈവത്തിന്റെ ഹൃദയമുള്ള മനുഷ്യസ്നേഹി**

2015 മുതൽ തന്റെ പുതിയ പ്രവർത്തനമേഖലയായ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിൽ തിരുമേനി നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ചാലറിയാം ദൈവത്തിന്റെ ഹൃദയമുള്ള ഒരാൾക്കേ ഇത്രമേൽ പാവപ്പെട്ട മനുഷ്യരെ ചേർത്തുപിടിക്കാനാവൂ; അവരുടെ കണ്ണീരൊപ്പാനാവൂ; അവർക്കുവേണ്ടി തന്റെ ജീവിതത്തെ വ്യയം ചെയ്യാനാവൂ.

ഡൽഹിയിൽ മാർ ബർണബാസ് തിരുമേനി ആരംഭിച്ച പ്രചോദന സോഷ്യൽ സർവ്വീസ് സൊസൈറ്റി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സാമൂഹ്യസേവന രംഗത്ത് കാഴ്ചവച്ചത്. പ്രത്യേകിച്ച് കോവിഡ് ലോക്ഡൗൺ കാലത്ത് ഡൽഹിയിലെ ചേരിപ്രദേശങ്ങളിൽ ഒരുലക്ഷത്തിലധികം ഭക്ഷണ പൊതികളാണ് പിതാവ് വിതരണം ചെയ്തത്. പാവപ്പെട്ടവർക്കും വിശക്കുന്നവർക്കും ബിഷപ്പ് ജേക്കബ് മാർ ബർണബാസും പ്രചോദനയും ഏതു സമയവും ഓടിയെത്താവുന്ന അത്താണിയായിരുന്നു. പ്രചോദനയുടെ പ്രവർത്തനങ്ങൾ രാജ്യതലസ്ഥാനത്തു നിന്നും ഉത്തരേന്ത്യയിലെയും വിവിധ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപകമാക്കി. 'Food for Hungy' എന്ന പദ്ധതിയിലൂടെയായിരുന്നു വിശക്കുന്നവർക്കുള്ള ഭക്ഷണപ്പൊതി വിതരണം ചെയ്യുന്ന പദ്ധതിയുടെ തുടക്കം. ആളുകളിൽ നിന്ന് ഭക്ഷണപ്പൊതി സ്വീകരിച്ച് വിതരണം ചെയ്തു. ജാതിമത ഭേദമന്യേ എല്ലാവരും ഭക്ഷണ പൊതികൾ കൊടുക്കുവാൻ അതീവ താൽപര്യത്തോടെ മുന്നോട്ടു വന്നു. കഴിഞ്ഞ കോവിഡ് കാലത്ത് പ്രചോദനയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി കിച്ചണിൽ അദ്ദേഹം ഭക്ഷണം ഉണ്ടാക്കുന്നതും ലോക്ക്ഡൗണിൽ ഡൽഹി വിട്ട് മറ്റ് സംസ്ഥാനങ്ങളിലേക്ക് പലായനം ചെയ്ത നിർദ്ധനരായ തൊഴിലാളികൾക്ക് വഴിയരികിൽ നിന്ന് ഭക്ഷണ പൊതികൾ വിതരണം ചെയ്യുന്നതും സോഷ്യൽ മീഡിയായിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും നാം കണ്ടതാണ്. തെരുവോരങ്ങളിൽ വിശന്നുവലഞ്ഞ മനുഷ്യർക്ക് ഭക്ഷണമായി എത്തിയ ഈ ഇടയൻ കരുണയുടെ ഒളിമങ്ങാത്ത കൈത്തിരികളാണ് കത്തിച്ചു വച്ചത്. 'Send a Child to School' എന്ന പദ്ധതിയിലൂടെ പകുതി വഴിക്ക് പഠനം മുടങ്ങിയ കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന് പ്രചോദനമായി. ഡൽഹിയിലെ മാനസ സരോവർ പാർക്കിലെ ചേരിയിലെ കുട്ടികൾക്ക് തങ്ങൾക്ക് അക്ഷരം അഭ്യസിക്കാൻ പ്രചോദനം നൽകിയ തിരുമേനി ഉള്ളിൽ കത്തുന്ന വെളിച്ചമാണ്. അരുണാചൽ, അസം, ത്രിപുര, ഒറീസ്സ തുടങ്ങി അനേകം ഇടങ്ങളിൽ തിരുമേനി പകർന്നു നൽകിയ അക്ഷരവെളിച്ചത്തിന്റെ സത്ഫലങ്ങൾ കാണാൻ കഴിയും. സുവിശേഷമെന്നാൽ തിരുമേനിക്ക് അത് വിശക്കുന്നവനുള്ള അപ്പവും ദാഹിക്കുന്നവനുള്ള ജലവും ദുർബലന് നൽകുന്ന പരിഗണനയും അജ്ഞന് നൽകുന്ന അറിവുമായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ മുൻഗണനകൾ. ആ മുൻഗണനയാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുത്. പലപ്പോഴും ഈ കാര്യങ്ങളൊക്കെ അടുത്ത് കാണാനും കേൾക്കാനും അനുഭവിക്കാനുമൊക്കെ അവസരം ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് ചുറ്റുമുള്ള പാവപ്പെട്ട മനുഷ്യരുടെ ജീവിതങ്ങളോട് എന്തുമാത്രം പരഗണന പുലർത്തുന്നുവെന്ന് ഓർത്ത് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്.

**സമർപ്പണത്തിന്റെ സുവിശേഷമെഴുതിയ തൂലിക**

വിശുദ്ധ ബൈബിൾ തുടക്കം മുതൽ വായിക്കുമ്പോഴറിയാം ദൈവം തെരഞ്ഞെടുത്ത മനുഷ്യരൊക്കെ തങ്ങളുടെ നിയോഗം പൂർത്തിയാക്കിയിട്ടുള്ളത് ചെയ്യാൻ ഭരമേൽപ്പിക്കപ്പെട്ട കാര്യത്തിനായി നൂറുശതമാനം ആത്മസമർപ്പണം നടത്തിയപ്പോഴാണ്. വന്ദ്യ തിരുമേനിയുടെ കാര്യത്തിൽ ഇത് അക്ഷരാർത്ഥത്തിൽ ശരിയാണ്. സമർപ്പണത്തിന്റെ ഒരു സുവിശേഷത്തെ ലോകത്തിന് പരിചയപ്പെടുത്താനുള്ള ദൈവത്തിന്റെ കരങ്ങളിലെ തൂലികയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

വിശ്രമമില്ലാതെ ലാളിത്യത്തിന്റെ ആൾരൂപമായി അദ്ദേഹം ഓരോ പ്രദേശത്തിന്റെയും ഭാഷയും സംസ്കാരവും സ്വന്തമാക്കി. അപ്പം കൊടുത്തും അറിവ് കൊടുത്തും ദൈവവിശ്വാസത്തിൽ വളരുവാൻ പഠിപ്പിച്ചും തന്റെ ശുശ്രൂഷയുടെ സൽഫലങ്ങൾ സകല മനുഷ്യർക്കും നൽകിയാണ് മാർ ബർണബാസ് തിരുമേനി കടന്നു പോയത്. പകരം വയ്ക്കാൻ കഴിയാത്ത കാരുണ്യത്തിന്റെ പ്രഭാവമായിരുന്നു ബർണബാസ് തിരുമേനി. വിശാലമായ ഒരു ഭൂപ്രദേശമായിരുന്നു അദ്ദേഹത്തിന്റെ അജപാലനത്തിനായി നൽകപ്പെട്ടത്. ആഗോള സഭയിലെ കത്തോലിക്കാ രൂപതകളിൽ ഇത്രയേറെ ഭൂവിസ്തൃതിയും ജനസാന്ദ്രതയുമുള്ള ഒരു പ്രദേശം വേറെ ഉണ്ടോ എന്നെനിക്കറിയില്ല. ഈ ഭൂപ്രദേശത്തിന്റെ വലിപ്പം അദ്ദേഹത്തിന് നിദ്ര നഷ്ടപ്പെട്ട രാത്രികളും വിശ്രമമില്ലാത്ത യാത്രകളും ഏറെ നൽകിയിട്ടുണ്ട്. സ്വന്തം ആരോഗ്യം അദ്ദേഹത്തിന്റെ പരിഗണനാവിഷയങ്ങളിൽ ഏറ്റവും അവസാനത്തേതു മാത്രമായിരുന്നു. ദീർഘായുസ്സോടെ അദ്ദേഹം ജീവിച്ചില്ലല്ലോ എന്ന് നിരാശയോടെ ചിന്തിക്കുതിനേക്കാൾ എത്രയോ അർത്ഥവത്താണ് ഒരു മനുഷ്യായുസ്സിൽ ചെയ്യാവുന്നതിന്റെ എത്രയോ ഇരട്ടി അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു എന്ന് പ്രത്യാശയോടെ ചിന്തിക്കുന്നത്. വിശുദ്ധ ബൈബിളിലെ നാലു സുവിശേഷങ്ങൾക്കുപുറമേ അഞ്ചാമതൊരു സുവിശേഷമുണ്ടെങ്കിൽ അത് നിങ്ങളുടെ ഓരോരുത്തരുടെയും ജീവിതമാണെന്ന് പറഞ്ഞത് പരി. ഫ്രാൻസിസ് മാർപാപ്പയാണ്. അതുപോലെയാണ്, മലങ്കര സഭാമക്കൾക്ക് ഒരു സമർപ്പണത്തിന്റെ സുവിശേഷമെഴുതിക്കൊടുക്കാൻ ദൈവത്തിന്റെ കൈയിലെ തൂലികയായിരുന്നു മാർ ബർണബാസ് പിതാവ് എന്ന് ആത്മനിർവൃതിയോടെ പറയാം.

**ആടുകളുടെ മണമുള്ള ഇടയൻ**

നിങ്ങൾ ആടുകളുടെ മണമുള്ള ഇടയന്മാരാകണമെന്ന് മാർപാപ്പ വൈദികരെ ഉപദേശിച്ചിട്ട് അധികനാളായിട്ടില്ല. മാർ ബർണബാസ് പിതാവിനെക്കുറിച്ച് ഓർക്കുമ്പോഴുള്ള ഒരു സന്തോഷമതാണ്. ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ട നാൾമുതൽ ആ സഭാഗാത്രത്തെ കൃത്യതയോടെ കെട്ടിപ്പടുക്കുവാൻ തിരുമേനിയെടുത്ത ധീരമായ ചുവടുവയ്പ്പുകളും ശക്തമായ ആത്മസമർപ്പണവും എന്നും നന്ദിയോടെ ഓർക്കപ്പെടും. ഒറീസ്സായിലെയും ത്രിപുരയിലെയും പഞ്ചാബിലെയും തദ്ദേശീയരായ ആളുകൾക്കു വേണ്ടി സംസാരിക്കുമ്പോൾ തിരുമേനിയുടെ കണ്ണുകളിലെ തിളക്കം ഹൃദയത്തിൽ മായാതെ നിൽക്കുന്നു. അവിടെ നിന്നും ട്രെയിൻ നിറയെ ആളുകളെ കൂട്ടി അവരിലൊരാളായി ടിക്കറ്റെടുത്ത് പകൽ പ്രാർത്ഥിച്ചും രാത്രി ബർത്തിൽ ഉറങ്ങിയും മൂന്ന് രാവും പകലും പിന്നിട്ട് ഇങ്ങ് അനന്തപുരിയിൽ പുണ്യ പിതാവായ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിടത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകനായ മാർ ബർണബാസ് തിരുമേനിയുടെ ചിത്രം ഒരിക്കലും മറക്കാനാവില്ല. ആ ലാളിത്യവും സന്മനസ്സുമായിരുന്നു അദ്ദേഹം ഈ ലോകത്തോട് പങ്കുവച്ച സുവിശേഷത്തിന്റെ പശ്ചാത്തല സംഗീതം.

**ധീരമായ സഭാശുശ്രൂഷയുടെ നാൾവഴികളിൽ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുവേണ്ടി 2015-ൽ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി ചുമതലയേറ്റെടുത്തത് അഭിവന്ദ്യ മാർ ബർണബാസ് തിരുമേനിയാണ്. ഉത്തരേന്ത്യയിൽ ക്രൈസ്തവർക്ക് നേരിടേണ്ടിവരുന്ന ക്ലേശങ്ങളെക്കുറിച്ചുള്ള ആശങ്കകൾ നിലനിൽക്കുമ്പോൾ തയൊണ് തിരുമേനി ആ ചുമതല പൂർണ്ണമനസ്സോടെ ഏറ്റെടുക്കുന്നത്. പക്ഷേ തിരുമേനിയുടെ പ്രവർത്തനശൈലി

*(തുടർച്ച 4-ാം പേജിൽ)*


**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

**ചീഫ് എഡിറ്റർ**
റവ. ഡോ. ആന്റണി കാക്കനാട്ട്

**മാനേജിംഗ് എഡിറ്റേഴ്സ്**
റവ. ഫാ. ബനഡിക്ട് മുഴിക്കര OIC
റവ. ഡോ. സി. മേരി പ്രസാദ് DM

**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ

**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്


## വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന (Lectio Divina) നടത്തിയ ദൈവാലയങ്ങൾ

| | |
|---|---|
| തിരുവനന്തപുരം | 23 |
| തിരുവല്ല | 16 |
| കഡ്കി - പൂന | 15 |
| പത്തനംതിട്ട | 10 |
| ബത്തേരി | 9 |
| മൂവാറ്റുപുഴ | 7 |
| ഗുഡ്ഗാവ്-ഡൽഹി | 5 |
| മാവേലിക്കര | 6 |
| പാറശാല | 4 |
| **ആകെ** | **95** |

## സുവിശേഷസംഘം 2021 നവംബർ മാസത്തിലെ ട്രെയിനിംഗ് പ്രോഗ്രാമുകൾ

| തീയതി | ഗ്രൂപ്പ് |
|---|---|
| 2021 നവംബർ 2 | സുവിശേഷ സന്ധ്യ |
| 2021 നവംബർ 5 | മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി |
| 2021 നവംബർ 7 | ബോംബെ - പൂനെ 2-ാം ബാച്ച് |
| 2021 നവംബർ 9 | സുവിശേഷ സന്ധ്യ |
| 2021 നവംബർ 12 | മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി |
| 2021 നവംബർ 14 | സുവിശേഷ ധ്യാനം കറവൂർ ഇടവക |
| 2021 നവംബർ 14 | ബോംബെ-പൂനെ 3-ാം ബാച്ച് (ഹൈദ്രാബാദ്) |
| 2021 നവംബർ 16 | സുവിശേഷ സന്ധ്യ |
| 2021 നവംബർ 19 | മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി |
| 2021 നവംബർ 20 | സുവിശേഷസംഘം പത്തനംതിട്ട 3-ാം ബാച്ച് |
| 2021 നവംബർ 20 | സുവിശേഷസംഘം 1-ാം ബാച്ച്, ലണ്ടൻ |
| 2021 നവംബർ 21 | ഫോർമേഷൻ 8-ാം ബാച്ച് |
| 2021 നവംബർ 23 | സുവിശേഷ സന്ധ്യ |
| 2021 നവംബർ 26 | മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി |
| 2021 നവംബർ 27 | 2-ാം ബാച്ച് കൂട്ടായ്മ |
| 2021 നവംബർ 28 | സുവിശേഷസംഘം 3-ാം ബാച്ച്, തിരുവല്ല |
| 2021 നവംബർ 30 | സുവിശേഷസന്ധ്യ |

www.malankaralibrary.com

www.malankaralibrary.com





# ആർഷഭാരതത്തിൽ മലങ്കരയുടെ നവ സുവിശേഷ സാക്ഷ്യം

**ഫാ. ബനഡിക്ട് മുഴിക്കര ഒ.ഐ.സി**
സുവിശേഷസംഘം അസി. എക്സിക്യുട്ടീവ് സെക്രട്ടറി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കര കത്തോലിക്കാസഭയുടെ സുവിശേഷ യാത്രയ്ക്ക് ചുക്കാൻ പിടിക്കാൻ 2012 ൽ മലങ്കരകത്തോലിക്കാ സുവിശേഷസംഘം രൂപീകൃതമായപ്പോൾ സുവിശേഷസംഘത്തെ നയിക്കാൻ പരിശുദ്ധ സുന്നഹദോസ് ഭരമേൽപിച്ചത് അഭിവന്ദ്യ ബർണബാസ് പിതാവിനെയായിരുന്നു. ഒരു ദശകത്തോളം മലങ്കര സഭയിലെ ഒരു വലിയ ആത്മീയ മുന്നേറ്റ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നുകൊണ്ട് ദീർഘവീക്ഷണത്തോടെ അതിനെ നയിച്ച് പ്രേഷിത ഭൂമിയിൽ ജ്വലിച്ചുനിന്ന ആ വിളക്കിന് പെട്ടെന്ന് മങ്ങലേറ്റെങ്കിലും അദ്ദേഹം നൽകിയ സംഭാവനകൾ, അദ്ദേഹം സമ്മാനിച്ചുപോയ ഓർമ്മകൾ, അദ്ദേഹത്തിലൂടെ നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഒക്കെ നിരവധിയാണ്. സുവിശേഷ സംഘം സഭയിൽ ആത്മീയ ജീവിതത്തിന് നവഭാവം നൽകുകയും പ്രേഷിത ശുശ്രൂഷകൾക്ക് പുത്തൻ ഉണർവിന് തുടക്കം കുറിക്കുകയും ചെയ്തു. ധീരമായ നേതൃത്വത്തിലൂടെയും അവസരോചിതമായ ഇടപെടലുകളിലൂടെയും, സവിശേഷമായ സുവിശേഷ സാക്ഷ്യത്തിലൂടെയും, മാതൃകാപരമായ മിഷനറി പ്രവർത്തനങ്ങളിലൂടെയും പുതു ദർശനങ്ങൾ നൽകി സുവിശേഷസംഘത്തെ മുന്നോട്ട് നയിക്കാൻ പിതാവിന് സാധിച്ചു. സുവിശേഷസംഘത്തിന്റെ ആരംഭം മുതൽ വളർച്ചയുടെ ഓരോ ഘട്ടത്തിലും ക്രിസ്തീയതയെ വെല്ലുവിളിക്കുന്ന ചോദ്യങ്ങളിലൂടെയും ജീവിതത്തിലൂടെയും അനേകരെ സുവിശേഷസംഘ കൂട്ടായ്മയിലേക്ക് ആകർഷിക്കുവാനും, സുവിശേഷസംഘ ശുശ്രൂഷയിലൂടെ ലഭിച്ച ദൈവകൃപയാലും പ്രചോദനത്താലും ഭാരതമണ്ണിൽ, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ, മലങ്കരയുടെ സുവിശേഷ ദീപം തെളിയിക്കുന്നതിന് പുതിയ കാല്വയ്പുകൾ നടത്തി വചനത്തിന്റെ വഴിവിളക്കായി മാറി. യേശുക്രിസ്തുവിന്റെ സുവിശേഷം സ്വജീവിതത്തിൽ പകർത്തിയും അജഗണങ്ങൾക്കു പങ്കുവച്ചും സഭയുടെയും സമൂഹത്തിന്റെയും കർമഭൂമികയിൽ ആ ഇടയശ്രേഷ്ഠൻ പുതിയൊരു സുവിശേഷമായി മാറി. ആ ജീവിത വഴിയിലൂടെ ഓരോ സുവിശേഷസംഘാംഗവും യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

### ഏറത്ത് വീട്ടിൽനിന്ന് ഇന്ത്യയുടെ ആത്മാവിലേക്ക്

1960 ഡിസംബർ 3-ാം തീയതി പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ കരികുളം ഏറത്ത് കുടുംബത്തിൽ റെയ്ച്ചലിന്റെയും ഗീവർഗീസിന്റെയും പ്രഥമ പുത്രനായി ജനിച്ച വന്ദ്യ പിതാവ്, ചാക്കോ എന്ന മാമോദിസ പേരിലും മോനച്ചൻ എന്ന വിളിപ്പേരിലും അറിയപ്പെട്ടു. സന്യാസ-വൈദിക ജീവിതത്തിനോട് ഏറെ താല്പര്യം പ്രകടിപ്പിച്ച് 1975 ജൂൺ 16-ാം തീയതി ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. പ്രാഥമിക സന്യാസ പരിശീലനവും നവസന്യാസ പരിശീലനവും പൂർത്തിയാക്കി 1979 മെയ് 31-ാം തീയതി പ്രഥമ വ്രതവാഗ്ദാനവും, 1985 മെയ് 15-ാം തീയതി നിത്യവ്രത വാഗ്ദാനവും നടത്തി. പൂനെ ജ്ഞാനദീപ വിദ്യാപീഠത്തിലെ വൈദിക പരിശീലനത്തിനുശേഷം 1986 ഒക്ടോബർ 2-ാം തീയതി ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദിക പട്ടം സ്വീകരിച്ചു. 1986 മുതൽ ആലുവ തപോവനം ആശ്രമത്തിൽ ശുശ്രൂഷചെയ്ത ചാക്കോച്ചൻ, 1989-1994 വരെ റോമിൽ ധാർമിക ദൈവശാസ്ത്രത്തിൽ ഉപരിപഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് കരസ്ഥമാക്കി. 1995 മുതൽ പൂനെ ബഥനി ആശ്രമ റെക്ടറായും, ജ്ഞാനദീപ വിദ്യാപീഠത്തിലെ (JDV) ധാർമിക ദൈവശാസ്ത്ര വിഭാഗത്തിന്റെ തലവനായും ബഥനി വേദവിജ്ഞാനപീഠത്തിന്റെ (BVP) ഡയറക്ടറായും സേവനമനുഷ്ഠിച്ചു. ബഥനി സന്യാസ സമൂഹം 2000-ൽ പ്രോവിൻസുകളായി തിരി



ഞ്ഞതിനെതുടർന്ന് ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യറായി രണ്ടുപ്രാവശ്യം (2001-2006) തെരഞ്ഞെടുക്കപ്പെട്ടു. 2006-2007 കാലയളവിൽ നവസന്യാസ ഗുരുവായി സേവനം ചെയ്തുവരുമ്പോഴാണ് 2007 ഫെബ്രുവരി മാസം 7-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭ ബാഹ്യകേരള മിഷനുകളുടെ അപ്പസ്തോലിക വിസിറ്റേറ്റർ ആയി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ നിയമിച്ചത്. 2007 മാർച്ച് മാസം 10-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ചാക്കോ ഏറത്തച്ചനെ ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തു. 2015 മെയ് മാസത്തിൽ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി ദൈവം നിയോഗിച്ചു. മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടതുമുതൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഭാരത സുവിശേഷവത്കരണം എന്ന ദർശനം ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചു.

### ഇവാനിയൻ സ്വപ്നങ്ങളെ നെഞ്ചിലേറ്റിയ പ്രേഷിത തീഷ്ണത

സുവിശേഷപ്രഘോഷണ ദൗത്യവുമായി ഭാരതത്തിന്റെ ആത്മാവിലേക്കും അതിരുകളിലേക്കും ഇറങ്ങിച്ചെല്ലുന്ന ഓരോ സുവിശേഷ സംഘാംഗത്തിന്റെയും മാതൃകയും മാർഗദർശിയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവാണ്. സുവിശേഷ ദൗത്യമാണ് ഒരു സഭയുടെ അസ്തിത്വത്തിന്റെ അടിസ്ഥാനമെന്ന തിരിച്ചറിവിൽ മാർ തോമാ ക്രിസ്ത്യാനികളുടെ നഷ്ടപ്പെട്ടുപോയ മിഷനറി ചൈതന്യം വീണ്ടെടുക്കുവാനുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ചിന്ത, ഭാരത മാനസാന്തരം എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് നയിച്ചു (*ഗിരിദീപം* p. 55). ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന ഈ സ്വപ്നമായിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവിന്റെ പ്രേഷിത ദർശനത്തിന്റെ അടിസ്ഥാനം. മിശിഹാനുകരണത്തിലൂടെ ആഗോളസഭയിൽ സുവിശേഷദൗത്യത്തിൽ പങ്കു ചേരുന്നതിനും് മലങ്കരസഭയുടെ ആധ്യാത്മിക നവീകരണത്തിനും സ്വയം വിശുദ്ധീകരണത്തിനും വേണ്ടി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സന്യാസപ്രസ്ഥാനങ്ങളോടൊപ്പം കുടുംബജീവിതക്കാർക്കായി സ്ഥാപിച്ച ത്രിതീയാശ്രമത്തിന്റെ (Thrird Order ) ആധുനിക രൂപമാണ് സുവിശേഷസംഘം.

സുവിശേഷ സംഘത്തിന്റെ ഓരോ കൂട്ടായ്മയിലും തികഞ്ഞ ആവേശത്തോടെ ഉള്ള് ചോരാതെ പിതാവ് അനുഭവങ്ങൾ പങ്കുവയ്ക്കുമായിരുന്നു. ഇന്ന് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ മലങ്കരയുടെ സാന്നിധ്യത്തിനും പ്രേഷിത മുന്നേറ്റത്തിനും ബർണബാസ് പിതാവിനെ നയിച്ചിരുന്നത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥ ശക്തിയും ആ മഹത്തായ സ്വപ്ന സാക്ഷാത്കാരത്തിനുള്ള തീവ്രാഭിലാഷവുമായിരുന്നു. മിഷൻ പ്രവർത്തനങ്ങളുടെ തുടക്കത്തിൽ അനേകം വെല്ലുവിളികളും പ്രയാസങ്ങളും പിതാവിന് നേരിടേണ്ടി വന്നിട്ടുണ്ട്. അജപാലനശുശ്രൂഷയുടെ നൈയാമിക അധികാര പരിധിയ്ക്കപ്പുറത്ത് സുവിശേഷം പ്രഘോഷിക്കണമെങ്കിൽ പ്രത്യേകാനുവാദം ആവശ്യമായിരിക്കെ സി.ബി.സി.ഐ. പോലുള്ള മീറ്റിംഗുകളിൽ ചോദ്യങ്ങൾ വന്നാൽ ഞങ്ങളുടെ സഭയ്ക്ക് സുവിശേഷസംഘമെന്ന ഒരു കൂട്ടായ്മയുണ്ട്. അവരുടെ സ്വാഭാവികമായ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാണ് ഭാരത സുവിശേഷവത്കരണം. ഇതൊരു ദൈവനിയോഗമായി കണ്ടതുകൊണ്ട് ഞാൻ അവരെ നിരുത്സാഹപ്പെടുത്തുന്നില്ല എന്ന് ഉത്തരം നൽകാനായിരുന്നു പിതാവ് ആഗ്രഹിച്ചത്. സുവിശേഷത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി എന്ത് ത്യാഗവും ഏറ്റെടുത്ത് മുന്നോട്ട് പോകാൻ മാർ ഈവാനിയോസ് പിതാവിനെപ്പോലെ മാർ ബർണബാസ് പിതാവും സുവിശേഷസംഘാംഗങ്ങൾക്ക് മാതൃകയും വഴികാട്ടിയുമാണ്. മാർ ഈവാനിയോസ് പിതാവിന്റെ 'വിജാതിയ മിഷൻ' എന്ന കാഴ്ചപ്പാടിന്റെ ഉൾകാമ്പ് ശരിക്കും കണ്ടെത്താനും പ്രായോഗികതലത്തിൽ പ്രാവർത്തികമാക്കാനും ബർണബാസ് പിതാവ് പരിശ്രമിച്ചിരുന്നു.

ഒറീസായിലും രാജസ്ഥാനിലും പഞ്ചാബിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നടത്തിയ മാർ ബർണബാസ് തിരുമേനിയുടെ മിഷൻ യാത്രകൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷസ്വപ്നങ്ങൾക്ക് അനിതരസാധാരണവും അനിഷേധ്യവുമായ സാക്ഷാത്കാരവും സഫലീകരണവുമാണ് നൽകിയത്. മാർ ബർണബാസ് ഭാരതത്തിലെ 'മിഷൻ ബിഷപ്' എന്ന വിളിപ്പേര് അനേകം അധരങ്ങൾ ഒന്നിച്ചു പറയുമ്പോൾ പുനരൈക്യ നവതിയഭിഷേകയായ മലങ്കരസഭയും സ്വർഗസ്ഥിതനായ മാർ ഈവാനിയോസ് പിതാവും ആനന്ദനിർവൃതിയിൽ ആമഗ്നരായി.

### സുവിശേഷവത്കരണ പ്രക്രിയയിൽ അല്മായ പങ്കാളിത്തവും പ്രോത്സാഹനവും ഉറപ്പുവരുത്തിയ നേതൃത്വശൈലി

സഭയുടെ സുവിശേഷവത്കരണ പ്രക്രിയയിൽ അല്മായർക്കുള്ള സജീവ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയും ഭാരതത്തിന്റെ ഇപ്പോഴത്തെ പ്രത്യേക പശ്ചാത്തലത്തിൽ അതിന്റെ പ്രാധാന്യം മനസിലാക്കി പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്ത വ്യക്തിയാണ് ബർണബാസ് പിതാവ്. പരമ്പരാഗതമായ മിഷൻ പ്രവർത്തനങ്ങളിൽ ആരംഭസമയത്ത് വൈദികരുടെയും സന്യസ്തരുടെയും ആവശ്യകത അവിഭാജ്യഘടകമായിരുന്നു. എന്നാൽ പിതാവ്, വടക്കേ ഇന്ത്യയുടെ ഓരോ പ്രദേശത്തിന്റെയും വ്യത്യസ്തമായ പശ്ചാത്തലം കണക്കിലെടുത്ത് കൂടുതൽ വിശ്വാസ തീക്ഷ്ണതയുള്ള അല്മായരേയും തദ്ദേശിയരായ പാസ്റ്റർമാരെയും ഉൾപ്പെടുത്തി ഒരു ബദൽ മാർഗത്തിന് രൂപം നൽകി. ക്രിസ്തുവിനെ അറിയാനുള്ളവരുടെയും, കുറച്ച് അറിവുള്ളവരുടെയും ഇടയിൽ യേശുവിനെ പ്രഘോഷിക്കാനും പ്രാദേശിക സഭാരൂപീകരണ പ്രക്രിയയിൽ ഏർപ്പെടാനും പിതാവിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സുവിശേഷ പ്രവർത്തനത്തിന് സന്നദ്ധരായി കടന്നുവരുന്ന ഏത് വ്യക്തിയേയും പിതാവ് ഇരുകൈയ്യുംനീട്ടി സ്വീകരിക്കുമായിരുന്നു. ഇന്നത്തെ രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ മിഷനറി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും,

www.malankaralibrary.com

www.malankaralibrary.com



പ്രായോഗിക പ്രാദേശിക വിഷമതകൾ ദൂരീകരിക്കാനും, പുതിയ സ്ഥലങ്ങൾ തുറന്നു കിട്ടാനും തീക്ഷ്ണമതികളായ അല്മായർക്ക് കൂടുതൽ സാധ്യതകൾ ഉണ്ട് എന്ന തിരിച്ചറിവിൽനിന്നാണ് ഇങ്ങനെയുള്ള പരീക്ഷണത്തിന് പിതാവ് മുതിർന്നത്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പാസ്റ്റർമാരെയും അത്മായരെയും ഡൽഹിയിൽ കൊണ്ടുവന്ന് വിശ്വാസ പരിശീലന പ്രക്രിയയിലൂടെ മിഷനറി പരിശീലനം നൽകി സുവിശേഷത്തിലെ 'അറിയിപ്പുകാരെ' പോലെ വിവിധ പ്രദേശങ്ങളിലേക്ക് അയച്ചിട്ടുണ്ട്. പുതിയ മിഷൻ പ്രദേശങ്ങളിൽ പോയി താമസിക്കാനും, സാമ്പത്തിക സഹായങ്ങൾ ചെയ്യാനും പ്രവർത്തനങ്ങളിൽ പങ്കുചേരാനും അനേകം സുവിശേഷസംഘാംഗങ്ങൾ മുന്നോട്ടു വന്നു. പ്രേഷിതദൗത്യം എല്ലാ മലങ്കര മക്കളുടെയും ഉത്തരവാദിത്തമാണെന്ന് പിതാവ് എപ്പോഴും പറയുമായിരുന്നു. സുവിശേഷവത്കരണം സാമൂഹിക പ്രവർത്തനവും, സ്ഥാപനവത്കരണവും അല്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹം സുവിശേഷാംഗങ്ങളെ തന്റെ ഓരോ മിഷൻ പ്രദേശങ്ങളിലും സുവിശേഷം പ്രഘോഷിക്കാൻ ക്ഷണിച്ചിരുന്നത്. തുറന്ന ലോകത്തിലുള്ള സുവിശേഷ സാക്ഷ്യം കൂടുതൽ സാധ്യമാകുന്നത് അല്മായരിലൂടെയാണ് എന്ന ഉറച്ച ബോധ്യമാണ് ഇങ്ങനെ ബദൽ മാർഗങ്ങൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും പ്രായോഗികതലത്തിൽ വിജയിപ്പിക്കാനും പിതാവിനെ ശക്തനാക്കിയത്.

**തെരുവോരങ്ങളിൽ അപ്പമായി മാറിയ സുവിശേഷസാക്ഷ്യം**

'വചനത്തിന് സാക്ഷ്യമാകാൻ' എന്ന ആപ്തവാക്യം തന്റെ സുവിശേഷവേലയുടെ മുഖമുദ്രയായിരുന്നു. ഒന്നുമില്ലാത്തവർക്ക് ആദ്യം നൽകിയ സുവിശേഷം 'വിശക്കുന്നവർക്ക് ആഹാരം' എന്ന പദ്ധതിലൂടെയായിരുന്നു. വിശന്നവന്റെ മുൻപിൽ ക്രിസ്തു അപ്പമായി ജനിക്കുമ്പോൾ പ്രഘോഷണങ്ങൾക്ക് ഉപരി ക്രിസ്തു ജീവിക്കും എന്ന ഉത്തമ ബോധ്യം പിതാവിനുണ്ടായിരുന്നു. ദേശീയ തലസ്ഥാനത്തിന്റെ അരികുകളിൽ കിടന്നവരെത്തേടിയെത്തുന്ന 'പ്രചോദന'യുടെ പൊതിച്ചോറ് ജീവന്റെ കനിവും കരുതലുമായി മാറി. ഭക്ഷണം മാത്രമല്ല വസ്ത്രവും മരുന്നും വെള്ളവും തെരുവിന് ആവശ്യമായിരുന്നു. മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങളിൽ പ്രതികരിക്കാൻ സാധിക്കുമ്പോഴാണ് സുവിശേഷവത്കരണം കൂടുതൽ സാധ്യമാകുന്നത്.

ചേരി നിവാസികളുടെ കുട്ടികൾക്കും അതിഥിതൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കും നൽകിയ അനൗപചാരിക വിദ്യാഭ്യാസവും, പുഴുവരിക്കുന്ന ശരീരങ്ങളിൽ പകർന്നു നൽകുന്ന ഔഷധവും, അശരണർക്ക് തണലേകുന്ന കൂടും (Shanti Ashram Jasola, Delhi), സാമൂഹ്യ നന്മയ്ക്കായിട്ടുള്ള പിതാവിന്റെ ക്ഷേമപ്രവർത്തനങ്ങളും സുവിശേഷസാക്ഷ്യത്തിന്റെ വേദികകളായിമാറി. ഈ പ്രവർത്തനങ്ങളെല്ലാം തികഞ്ഞ ദൈവാശ്രയബോധത്തിലായിരുന്നതിനാൽ ഒരിക്കലും ഇവയ്ക്ക് മുടക്കം വന്നിട്ടില്ല. കാരണം, ഈ "ചെറിയ സഹോദരന്മാരിൽ ഒരാൾക്ക് ചെയ്തത് എനിക്ക് ചെയ്തിരിക്കുന്നു" (മത്താ 25: 40). മനുഷ്യരോടുള്ള ഹൃദയത്തിന്റെ ഇഴയടുപ്പം ആശ്രമത്തിലും അരമനയിലും എത്തുന്ന നാനാജാതി മതസ്ഥർക്ക് 'മനുഷ്യപ്പറ്റുള്ള മഹാത്മാ'വാക്കി പിതാവിനെ മാറ്റിയത് സുവിശേഷ സാക്ഷ്യത്തിന്റെ നേർക്കാഴ്ചകളാണ്. തന്റെതന്നെ



സുവിശേഷവത്കരണമാണ് സുവിശേഷവത്കരണത്തിന്റെ തുടക്കമെന്നും അഞ്ചാമത്തെ സുവിശേഷമായി മാറുക എന്നുമുള്ള സുവിശേഷസംഘാംഗത്തിന്റെ ലക്ഷ്യങ്ങൾ സ്വജീവിതത്തിലൂടെ മാതൃക കാട്ടി സുവിശേഷസംഘത്തിന് ശുശ്രൂഷയിൽ അധിഷ്ഠിതമായ ഒരു ആധ്യാത്മികത രൂപപ്പെടുത്തുവാൻ സഹായിച്ചു.

**രക്ഷാകരമായ സഹനയാത്രയിലെ സഹയാത്രികൻ**

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ മുന്നണി പോരാളിയായി, ദൈവകരുണയുടെയും സമാശ്വാസത്തിന്റെയും ആൾരൂപമായി മാറിയ തിരുമേനി പൊതുസമൂഹത്തിന്റെയും സഭാതനയരുടെയും ഹൃദയങ്ങളിലെ ആവേശമായിരുന്നു. യുദ്ധസമാനമായ പോരാട്ടത്തിൽ മക്കളുടെ ആത്മരക്ഷയ്ക്കും ജീവിതസംരക്ഷണത്തിനും വേണ്ടി ഒടുവിൽ ബലിക്കുഞ്ഞാടായി. ലാകം മുഴുവൻ പിടിപെട്ട മഹാമാരി ഏല്പിച്ച ശാരീരികക്ലേശത്തിന്റെ അതിദാരുണമായ അവസ്ഥകളിലൂടെ പിതാവ് കടന്നുപോകുമ്പോൾ ഓരോ ദിവസവും ഇടവിടാതെ സുവിശേഷസംഘാംഗങ്ങൾ ആരാധനയിലും പ്രാർത്ഥനയിലുമായിരുന്നു. സുവിശേഷസംഘം നേതൃത്വം നൽകിയ ഓൺലൈൻ ശുശ്രൂഷകളിലൂടെ പിതാവിന്റെ രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും, സഹനത്തിന്റെ ലക്ഷ്യം മനസിലാക്കുന്നതിനും, ദൈവഹിതം തിരിച്ചറിയുന്നതിനും, അംഗീകരിക്കുന്നതിനും അനേകംപേർക്ക് സാധിച്ചിട്ടുണ്ട്. ഓരോ ദിവസത്തെയും വചന സന്ദേശങ്ങൾ, പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായർ എന്നിവർ പങ്കുവെച്ചപ്പോൾ പിതാവിന്റെ വേറിട്ട വ്യക്തിത്വത്തേയും ബന്ധങ്ങളെയും ജീവിതത്തെപ്പറ്റിയും വടക്കേ ഇന്ത്യയിലെ സുവിശേഷ പ്രവർത്തനങ്ങൾ, പാവങ്ങളോടുള്ള പക്ഷം ചേരൽ എന്നിവയെപറ്റിയും ആഴത്തിൽ മനസിലാക്കാൻ മലങ്കര കത്തോലിക്കാ വിശ്വാസികൾക്കും പൊതുസമൂഹത്തിനും സാധിച്ചു. ആരോഗ്യവാനായി സുവിശേഷസംഘത്തിലേക്കും സുവിശേഷ പ്രവർത്തനത്തിലേക്കും ജീവിതത്തിലേക്കും തിരിച്ചുവരുമെന്ന തികഞ്ഞ പ്രതീക്ഷ സുവിശേഷസംഘാംഗങ്ങൾക്ക് ഉണ്ടായിരുന്നു എങ്കിലും ദൈവത്തിന്റെ തിരുഹിതം നിറവേറട്ടെയെന്ന് പ്രാർഥിച്ചു. പിതാവിന്റെ സഹനം മലങ്കര സഭയ്ക്ക് പൊതുവായും സുവിശേഷസംഘക്കൂട്ടായ്മയ്ക്ക് പ്രത്യേകമായും വിശുദ്ധീകരണത്തിന് കാരണമായി. ഈ ശ്രേഷ്ഠാചാര്യജീവിതം ആഗോളസഭയുടെയും മലങ്കര സഭയുടെയും മിഷൻ വയലുകളിൽ മുപ്പതും അറുപതും നൂറും മേനി ഫലം നൽകാൻ ദൈവം തിരഞ്ഞെടുത്ത ഗോതമ്പുമണിയായിരുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി കുരിശുവഴി താണ്ടിയ നസ്രായന്റെ സഹയാത്രികനാകാൻ നൂറ്റിയിരുപത് ദിനങ്ങളിലേറേ നീണ്ട സഹനരാത്രികൾ അഭിവന്ദ്യ പിതാവിനെ പ്രാപ്തനാക്കി. സുവിശേഷ പ്രഘോഷണവഴിയിൽ തളരാതെ മുന്നേറാൻ മുമ്പേ നടന്ന ഈ യാത്രികന്റെ മാധ്യസ്ഥമുണ്ട്, സഹന വീഥികളിൽ ആത്മബലിയായി ഈ രോഗക്കിടക്കയുമുണ്ട്. ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനും സുവിശേഷസംഘത്തിന്റെ വളർച്ചയ്ക്കുംവേണ്ടി ഒരു മാധ്യസ്ഥനെകൂടി ലഭിച്ചു എന്നതിൽ നമുക്ക് സന്തോഷിക്കാം.

**ഉപസംഹാരം**

അതിധന്യമായ പൗരോഹിത്യ ശുശ്രൂഷയുടെയും സന്യാസ സമർപ്പണത്തിന്റെയും പ്രേഷിതപ്രവർത്തനത്തിന്റെയും സഹനജീവിതത്തിന്റെയും അതിശ്രേഷ്ഠമായ സാക്ഷ്യവും മാതൃകയുമാണ് അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ജീവിതം. 'യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ ഞാൻ' എന്ന സ്വയം വിശേഷിപ്പിക്കുന്ന വി. പൗലോസ് ശ്ലീഹാ താൻ കണ്ടുമുട്ടിയ, അനുഭവിച്ച ക്രിസ്തുവിനെ വിശ്വം മുഴുവൻ പകർന്ന് നൽകാൻ നടത്തിയ ജൈത്രയാത്ര ഏറെ ശ്രദ്ധേയമാണല്ലോ. വി. പൗലോസ് ശ്ലീഹായെപ്പോലെ വേറിട്ടു നിൽക്കുന്ന പ്രേഷിത ദൗത്യവും സുവിശേഷ ജീവിതവും അസാധാരണമായ വിധത്തിൽ സമന്വയിപ്പിച്ചുകൊണ്ട് ക്രിസ്തുവിന്റെ സുവിശേഷം നൽകാൻ യാത്ര ചെയ്ത ബർണബാസ് പിതാവ് മറ്റൊരു സുവിശേഷമായി മാറാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. "ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു" (2 തിമോ 4:7). പിതാവ് നമുക്ക് മുന്നേ ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. മരണമെങ്കിൽ യേശുവിനൊപ്പം ചേരുവാനും ജീവിക്കുന്നെങ്കിൽ അത്രയും നാൾ കൂടെ സുവിശേഷ പ്രേഷിതദൗത്യം തുടരുവാനും ആഗ്രഹിച്ച ബർണബാസ് പിതാവിന്റെ കബറിടം ഭാരത സഭയുടെ പ്രേഷിത ശുശ്രൂഷയ്ക്ക് സർഗസക്തിയും പ്രചോദനവുമാണെന്നുള്ളതിൽ സന്ദേഹമില്ല. തിരുസഭാചരിത്രത്തിൽ മായാത്ത മുദ്ര ചാർത്തി പ്രേഷിത ശുശ്രൂഷയുടെ ജ്വലിക്കുന്ന മുഖമായ ഈ ഇടയശ്രേഷ്ഠനെ ഓർത്ത് നമുക്ക് അഭിമാനിക്കാം. സുവിശേഷകയായ മലങ്കര കത്തോലിക്കാസഭയുടെ പ്രേഷിതപ്രയാണത്തിൽ സുവിശേഷദൗത്യത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും അനന്യതയെക്കുറിച്ചും ബോധ്യമുള്ളവരാകാം.

---

( ...... 2-ാം പേജിൽ നിന്നും തുടർച്ച)

ശത്രുക്കളെപ്പോലും മിത്രങ്ങളാക്കി മാറ്റാൻ പോവിധം സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു. അവിടെയുള്ള ഇതര മതസമൂഹങ്ങളുമായും സമുദായങ്ങളുമായും വളരെ അടുത്തബന്ധം പുലർത്താനും അവരുടെ വിശ്വാസമാർജ്ജിക്കാനും തിരുമേനിക്ക് കഴിഞ്ഞു. ഇതര മതസ്തർ സംഘടിപ്പിച്ചിരുന്ന ക്രിസ്തുമസ് ആഘോഷങ്ങളിലൊക്കെ എപ്പോഴും മുഖ്യ അതിഥിയായി അവർ ക്ഷണിച്ചിരുന്നത് മാർ ബർണബാസ് തിരുമേനിയെയാണ്. ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്ത ഒരു ജനസമൂഹത്തിന്റെ മധ്യത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിത്വത്തിൽ ധീരമായി ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു. ഒരു പുതിയ ഭദ്രാസനത്തിന്റെ പ്രാരംഭദശയിൽ നേരിടേണ്ടി വന്ന എല്ലാ വെല്ലുവിളികളും പരിമിതമായ സാഹചര്യങ്ങൾക്കെതിരെ ധീരമായി പൊരുതി ഏറ്റെടുക്കാൻ തിരുമേനിക്കായി. അതിനുവേണ്ടി അദ്ദേഹത്തിന് സഹിക്കേണ്ടി വന്ന ത്യാഗങ്ങൾ എണ്ണമറ്റതാണ്. സഭയേൽപ്പിച്ച ഒരു ശുശ്രൂഷയ്ക്കായി തന്റെ ജീവിതം മുഴുവൻ സമർപ്പിച്ച അദ്ദേഹം സഭാസമൂഹത്തിന് മുഴുവൻ വലിയ പ്രചോദനവും ശക്തിയുമാണ്.

**ഒരിക്കലും പിരിയാത്ത ധന്യമായ ഓർമ്മകൾ**

അഭിവന്ദ്യനായ മാർ ബർണബാസ് പിതാവ് കാലംചെയ്തു എന്നു പറയുമ്പോഴും അത് പൂർണ്ണമായും വിശ്വസിക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമായി മനസിലവശേഷിക്കുന്നു. ബൗദ്ധികമായി അത് അംഗീകരിക്കാൻ കഴിയുന്നുവെങ്കിലും ഹൃദയം അത് സ്വീകരിക്കാൻ മടികാണിക്കുന്നതുപോലെ. അതിന്റെ കാരണം, അനേക വർഷങ്ങൾ അദ്ദേഹത്തോടൊപ്പം ഒരുമിച്ച് പ്രവർത്തിക്കാൻ എനിക്ക് അവസരങ്ങൾ ലഭിച്ചതുകൊണ്ടാകാം. അത്രമേൽ ഹൃദയവുമായി പിതാവുമൊന്നിച്ചുള്ള ഓർമ്മകൾ ഇഴചേർ കിടക്കുന്നതുകൊണ്ടാവാം. പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ ഞങ്ങൾ ഒരുമിച്ചാണ് ദൈവശാസ്ത്ര പഠനം നടത്തിയത്. പഠനത്തിൽ അതിസമർത്ഥനായിരുന്ന അദ്ദേഹത്തോടൊപ്പം റോമിൽ ഉപരിപഠനം നടത്താനും എനിക്കവസരം ലഭിച്ചു. സന്തോഷകരമായ ഒരുപാട് നല്ല നിമിഷങ്ങൾ ഞങ്ങൾക്ക് സമ്മാനിച്ച കാലഘട്ടമായിരുന്നു അത്. പഠനത്തിലും പഠനേതര കാര്യങ്ങളിലും എല്ലാവരെയും സഹായിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും ആത്മസമർപ്പണവും ഒക്കെ ഓർക്കുമ്പോൾ, ആ ഓർമ്മകളെ പരാവർത്തനം ചെയ്യാൻ വാക്കുകൾക്ക് ഞാനിപ്പോൾ പരിമിതി നേരിടുന്നു.


അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട എന്റെ പ്രഭാപൂർണ്ണമായ ഓർമ്മ 2007-ൽ അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യാനുള്ള നിയോഗവും അനുഗ്രഹവും എളിയവനായ എനിക്ക് ലഭിച്ചതാണ്. ഒരു വലിയ സഭാശുശ്രൂഷയിലേക്ക് ദൈവം അദ്ദേഹത്തെ നിയോഗിച്ചപ്പോൾ അതിൽ ഒരു ഉപകരണമായിത്തീരുവാൻ ദൈവം എനിക്കവസരം തന്നത് നന്ദിയോടെയല്ലാതെ ഓർമ്മിക്കാനാവുന്നില്ല. മേൽപ്പട്ട ശുശ്രൂഷയിൽ സഹശുശ്രൂഷകനായി തുടരുമ്പോഴും പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിൽ ഒരുമിച്ച് പങ്കെടുക്കുമ്പോഴുമൊക്കെ പരിശുദ്ധാത്മ നിറവിൽ അദ്ദേഹം പ്രസരിപ്പിച്ച ആത്മീയ വെളിച്ചം അതുല്യമായിരുന്നു. വിവിധ കാര്യങ്ങളിൽ ആശയരൂപീകരണം നടത്തുമ്പോഴും സഭയുടെ മുൻഗണനകൾ രൂപീ

(തുടർച്ച 5-ാം പേജിൽ)

www.malankaralibrary.com

www.malankaralibrary.com





മുഖമൊഴി

# സുവിശേഷ തീഷ്ണതയുടെ ആചാര്യൻ അഭിവന്ദ്യ ബർണബാസ് പിതാവ്

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് മാർ തോമാ ശ്ലീഹാ നമുക്ക് കൊണ്ടുവന്നു നൽകിയ സുവിശേഷം ഭാരതം മുഴുവൻ എത്തിക്കാൻ നമുക്ക് ഇന്നുവരെ സാധിച്ചില്ല എന്നത് ഹൃദയത്തിലൊരു വേദനയായി കൊണ്ടു നടന്ന അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ഓർമകളാണ് റീഹോ ദ് ഏവൻഗേലിയോന്റെ താളുകളിൽ അക്ഷരങ്ങളായി, വാക്കുകളായി നിറയുന്നത്. സുവിശേഷസംഘാംഗങ്ങളോരോരുത്തർക്കും വത്സലപിതാവിനെക്കുറിച്ചു പങ്കുവയ്ക്കാനുള്ള ഓർമകൾ ഏറെയാണ്. പിതാവിനോട് അടുത്തിടപഴകിയിട്ടുള്ള എല്ലാവർക്കും ആ സൗഹൃദത്തിന്റെ നേർമ അനുഭവവേദ്യമായിട്ടുണ്ട്. സൗഹൃദഭാഷണത്തിലാരംഭിച്ച് ആത്മീയവഴികളിലൂടെ നടത്തി പ്രേഷിതരംഗങ്ങളിലെത്തിച്ച് കൂട്ടുവേലക്കാരാക്കി എന്നും കൂടെ നിർത്തി വളർത്തിയ അനുഭവം പങ്കുവയ്ക്കാനാഗ്രഹിക്കുന്നവർ അനേകരുണ്ട്.

ആദ്യദർശനത്തിൽത്തന്നെ പിന്നൊരിക്കലും കണ്ണിൽ നിന്നും മായാത്തവിധം പുഞ്ചിരിതൂകുന്ന ആ മുഖം ഹൃദയത്തിൽ പതിക്കപ്പെടുംവിധമുള്ള ഹൃദ്യമായ ഇടപെടലുകളുള്ള നല്ല നുഷ്യൻ, ഊഷ്മളപരിചരണങ്ങളിലൂടെ ആത്മാവിനെ തൊട്ടുണർത്തുന്ന ഒരു നല്ല പിതാവ്. തെളിമയാർന്ന സംവേദനശൈലിയുള്ള ഒരു ശ്രേഷ്ഠനേതാവ്. ജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരിലേക്കിറങ്ങിച്ചെന്ന് അവരെ ക്രിസ്തുവിനോട് ചേർത്തു നിർത്തിയ നല്ല ശമറായൻ. ആടുകൾക്കായി ജീവനർപ്പിക്കാൻപോലും തയ്യാറായ നല്ല ഇടയൻ. ഇതെല്ലാമായിരുന്നു അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ്.

എല്ലാറ്റിലുമുപരി സ്വയം ജ്വലിക്കുകയും തന്റെ പക്കൽ എത്തുന്നവരെ ജ്വലിപ്പിക്കുകയും അകന്നു നിൽക്കുന്നവരിലേക്ക് പടർന്നു ചെന്നെത്തുകയും ചെയ്യുന്ന പ്രേഷിത തീഷ്ണതയുടെ ഒരു അഗ്നിസ്ഫുലിംഗമായിരുന്നു പിതാവ്. ഭാരതജനതയെ മുഴുവൻ ക്രിസ്തുവിനുവേണ്ടി നേടുന്നതിനായി എന്തു ത്യാഗവും സഹിക്കാൻ ആ പ്രേഷിതൻ തയ്യാറായിരുന്നു. ആ തയ്യാറെടുപ്പാണ് ഗുഡ്ഗാവ് രൂപതയുടെ മെത്രാൻ സ്ഥാനം ഭരമേൽക്കുന്നതിനുള്ള സന്നദ്ധതയിലൂടെ പിതാവ് പ്രകടമാക്കിയത്. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും പ്രതീകൂലമാണെങ്കിലും സുവിശേഷം പ്രസംഗിക്കുക (2 തിമോ 4. 2-4) എന്ന വേദവാക്യം അക്ഷരാർഥത്തിൽ ജീവിച്ചുകൊണ്ട് തന്റെ പ്രേഷിതജീവിതം പിതാവ് ധന്യമാക്കി. അനേകരെ പ്രേഷിതപാതയിലേക്ക് കൈപിടിച്ചാനയിച്ചു. അങ്ങനെ ഒരുക്കിയെടുത്ത പ്രേഷിതസംഘത്തെ പലവിധത്തിൽ ലക്ഷ്യബോധം നൽകി നയിച്ചു.

സുവിശേഷസംഘത്തിന്റെ നട്ടെല്ലായിതീർന്നുകൊണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ ഭാരതത്തിന്റെ ഉത്തരദേശങ്ങളിലെ ഗ്രാമങ്ങളിൽ സുവിശേഷവുമായി പിതാവ് കടന്നുചെന്നു. വിശക്കുന്നവനിലേക്ക് ഭക്ഷണത്തിലൂടെ - ഭക്ഷണത്തിലൂടെ ക്രിസ്തുവിലേക്ക് ഇതായിരുന്നു പിതാവിന്റെ പ്രവർത്തന ശൈലി. വിശക്കുന്നവന് ഭക്ഷണം നൽകിക്കൊണ്ട് നാം അവനിലേക്ക് ക്രിസ്തുവിനായി ഇറങ്ങിച്ചെല്ലുന്നു. ഭക്ഷണത്തിലൂടെ അവനെ ക്രിസ്തുവിലേക്ക് ആനയിക്കുന്നു. ഇതായിരുന്നു പിതാവിന്റെ പ്രേഷിതരീതി. സുവിശേഷസംഘജീവിതശൈലി പൂർണമായും ജീവിതമാക്കിക്കൊണ്ട് പിതാവ് നൽകിയ ഉജ്ജ്വല മാതൃക എന്നും നമ്മെ ആവേശഭരിതരാക്കട്ടെ. സ്വജീവൻ തൃണവൽഗണിച്ചും അപരനെ ക്രിസ്തുവിനായി നേടുക, സ്വയം മറന്ന് അപരനെ ശുശ്രൂഷിക്കുക എന്ന പിതാവിന്റെ ആഹ്വാനം എന്നും നമ്മെ കർമോന്മുഖരാക്കട്ടെ.

നമ്മുടെ ഓർമകളിൽ പിതാവ് എന്നും ജീവിക്കുകയും ഇനിയും നാം ചെന്നേത്തേണ്ട എല്ലാ ഇടങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷവുമായി ചെന്നെത്താനുള്ള ഊർജം ആ ഓർമകൾ നമുക്ക് പകരുകയും ചെയ്യട്ടെ.



# മനസിൽ നിറഞ്ഞുനില്ക്കുന്ന ഒരതുല്യസ്നേഹം!

**ഡോ. സി. നമിത എസ്.ഐ.സി.**
സഭാതല സുവിശേഷസംഘം

എന്റെ മനസിൽ നിറഞ്ഞുനില്ക്കുന്ന ഒരതുല്യ വ്യക്തിത്വമായ അഭിവന്ദ്യ ബർണബാസ് പിതാവുമായുള്ള എന്റെ ചില അനുഭവ സ്മരണകൾ ഏറെ സന്തോഷത്തോടെ പങ്കുവയ്ക്കുകയാണ്. 25 വർഷങ്ങൾക്കുമുമ്പ് ഞാൻ അംഗമായിരിക്കുന്ന ബഥനി സിസ്റ്റേഴ്സിന്റെ തിരുവനന്തപുരം പ്രോവിൻസിൽ അഭിവന്ദ്യ പിതാവ് (അന്നത്തെ ബഹു. ചാക്കോ ഏറത്ത് അച്ചൻ) നയിച്ച വാർഷിക ധ്യാനത്തിൽ സംബന്ധിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമാധിഷ്ഠിതമായ ആദ്ധ്യാത്മീക ദർശനമനുസരിച്ചുള്ള ഒരു ധ്യാനമായിരുന്നു അത്. ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് എന്നെ വലിച്ചടുപ്പിച്ച ആ ധ്യാന അനുഭവവും, പിതാവിന്റെ വാക്കുകളും, ആ മുഖത്തു പ്രതിഫലിച്ച ചൈതന്യവുമെല്ലാം ഇന്നും എന്റെ മനസിൽ സജീവമായി തെളിഞ്ഞുനില്ക്കുന്നു. ആ ധ്യാനത്തിൽ പിതാവു പാടി വിശദീകരിച്ചുതന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമത്തിലെ വിവാഹകൂദാശയിൽനിന്നുള്ള മംഗളഗീതത്തിലെ ചില ഈരടികൾ ഇന്നും എപ്പോഴും എന്റെ അന്തരംഗത്തിൽ മുഴങ്ങുന്നു.

സ്നേഹത്താൽ നൃത്തം വയ്പൂ
ആഹ്ളാദിപ്പൂ നിന്നഴകിൽ
നീ ദൈവാത്മജനെന്നറിയൂ
ഏന്തീടുകെന്നെ നിൻ തോളിൽ...
എന്നാലംബം നിൻ പ്രേമം
നിൻസ്നേഹത്താലെരിയുന്നേൻ
എൻ ശിരസ്സിടതാം കൈയ്യിലണ
ച്ചെന്നെത്തഴുകുക മറുകൈയാൽ...
നാഥാ കാണുക സുന്ദരി ഞാൻ
എന്നെ മണവറയേറ്റണമേ
നിൻ തിരുമാർവിൽ സുഖ നിദ്ര
പ്രാപിച്ചാനന്ദിക്കും ഞാൻ.

നമ്മുടെ കർത്താവായ യേശുമിശിഹായോട് അഭിവന്ദ്യ പിതാവിനുണ്ടായിരുന്ന അടുപ്പവും ആത്മബന്ധവും ആ ധ്യാനത്തിലൂടെ ഞാൻ മനസിലാക്കി. യഥാർഥത്തിൽ ആ ധ്യാനം എന്റെയുള്ളിലുണർത്തിയ ദിവ്യപ്രേമം അവർണനീയമാണ്.

അതുകഴിഞ്ഞ് പത്തു വർഷങ്ങൾക്കുശേഷം നമ്മുടെ മാർ ഈവാനിയോസ് ധ്യാന നികേതൻ, മിസിയോളജിക്കൽ-തിയോളജിക്കൽ സെന്ററിൽ വന്ന് പിതാവ് എടുത്ത ചില മോറൽ തിയോളജി ക്ലാസുകളിലൂടെ ക്രിസ്തീയ ധാർമീകതയെക്കുറിച്ച് പിതാവിനുണ്ടായിരുന്ന ആധികാരികവും സുവ്യക്തവുമായ കാഴ്ച്ചപ്പാട് മനസിലാക്കാൻ എനിക്കു സാധിച്ചു. 2010 മുതൽ അഭിവന്ദ്യ ബർണബാസ് പിതാവ് ചെയർമാനായിരുന്ന മലങ്കര സുറിയാനികത്തോലിക്കാ സഭയുടെ ഇവാൻജലൈസേഷനുവേണ്ടിയുള്ള സുനഹദോസ് കമ്മിഷന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കാനുള്ള അവസരം ലഭിച്ചപ്പോൾ പിതാവിനോട് കൂടുതൽ അടുത്തിടപെടാനും പിതാവിന്റെ പ്രേഷിത തീക്ഷ്ണത അടുത്തറിയാനുമുള്ള അവസരം എനിക്കു ലഭിച്ചു. ഈ അവസരത്തിൽ നമ്മുടെ സഭയുടെ പ്രഥമ അസംബ്ലിയിൽ പൊതു ആലോചനയ്ക്കും പരിചിന്തനത്തിനും ചർച്ചകൾക്കുമായി സമർപ്പിക്കുവാൻ "മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘത്തെ"ക്കുറിച്ചുള്ള രൂപരേഖ തയ്യാറാക്കുവാനായി പിതാവിനോടൊത്തു ചിലവഴിച്ച ദിനങ്ങളും മാസങ്ങളും വളരെ അനുഗ്രഹപൂർണമായ അനുഭവമായിരുന്നു. ഒരു ജ്യേഷ്ഠസഹോദരനോടെന്നപോലെ ഹൃദയസ്വാതന്ത്ര്യത്തോടെ അഭിവന്ദ്യപിതാവിനോട് ഇടപെടാൻ സാധിച്ചിരുന്നു. സുവിശേഷവല്ക്കരണത്തിനായി നമുക്ക് ഒരു "കർമ്മസേന" രൂപീകരിക്കണമെന്ന് വന്ദ്യപിതാവ് എപ്പോഴും പറയുമായിരുന്നു. "ക്രൈസ്തവ സഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷപ്രചരണമാണെന്ന" ദൈവദാസൻ മാർഈവാനിയോസ് പിതാവിന്റെ വാക്കുകൾ ഹൃദയത്തിൽ സ്വീകരിച്ച ഒരു വലിയ മിഷണറിയായിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവ്.

അകാലത്തിൽ പൊലിഞ്ഞുപോയ ആ സുവിശേഷദീപത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇത്രയും വലിയ ഒരു മിഷണറിയെ നമുക്കു വളരെ പെട്ടെന്നു നഷ്ടമായല്ലോ എന്നോർത്ത് എനിക്ക് വലിയ വിഷമം

*(തുടർച്ച 14-ാം പേജിൽ)*

*( ...... 4-ാം പേജിൽ നിന്നും തുടർച്ച)*

കരിക്കുമ്പോഴുമൊക്കെ ദൈവം അദ്ദേഹത്തിലൂടെ സംസാരിക്കുന്നതിന് ഞാൻ നിരവധി തവണ സാക്ഷിയായിട്ടുണ്ട്.

ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ചുമതല അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായവും അനുഭവവുമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുതിയ ശുശ്രൂഷാമേഖലയായിരുന്നതുകൊണ്ട് തന്നെ ഞാനുമായുള്ള ഒരു വലിയ ആത്മബന്ധത്തിലാണ് അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചത്. ആസ്സാം, ഒറീസ്സാ മുതലായ സ്ഥലങ്ങളിലൊക്കെ അദ്ദേഹം ആരംഭിച്ച വികസന പദ്ധതികൾ സഭാതലവനെന്ന നിലയിലും വ്യക്തിപരമായും എനിക്ക് വലിയ ആവേശവും സന്തോഷവും സമ്മാനിച്ചിരുന്നു. തിരുമേനിക്കൊപ്പം ആ പ്രദേശങ്ങളിലെ ഗ്രാമങ്ങളിൽ ചെന്ന് ജനങ്ങളെ നേരിട്ട് കാണാനും അവരുടെ ദൗർബല്യങ്ങളിൽ കഴിയുവിധം ഒരു കൈത്താങ്ങ് കൊടുക്കാൻ കഴിഞ്ഞതുമൊക്കെ ഓർമ്മകളിലെ ധന്യനിമിഷങ്ങളാണ്.

സഭയിൽ അടുത്തകാലത്ത് ആരംഭിച്ച സുവിശേഷ സംഘമെന്ന ആത്മീയ കൂട്ടായ്മയുമായി ബന്ധപ്പെട്ട് എന്നെ ഏറെ ബലപ്പെടുത്തിയ ഒരാൾ മാർ ബർണബാസ് തിരുമേനിയാണ്. സുവിശേഷ സംഘമെന്നത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒരു ആത്മീയ ജീവിതശൈലിയാണ്. ഈ ആത്മീയശൈലിയുടെ രൂപപ്പെടുത്തലിലും സഭാമക്കൾക്കായുള്ള അതിന്റെ പരിശീലനത്തിലുമൊക്കെ അദ്ദേഹം പുലർത്തിയ നിഷ്കർഷയും താൽപര്യവും എനിക്ക് വലിയ കരുത്തായിരുന്നു. പിതാവുമായി ഈ വിഷയത്തിൽ നടന്നിട്ടുള്ള ആശയസംവേദനങ്ങളും പങ്കുവയ്ക്കലുകളും ഏറെ അർത്ഥവത്തായിരുന്നു. പറഞ്ഞു തീർക്കാനാവാത്തതുപോലെ ഓർമ്മകളുടെ കുത്തൊഴുക്കാണ് മനസ്സിൽ.

**ഒരിക്കലുംമണയാത്ത കാരുണ്യപ്രഭ**

അഭിവന്ദ്യനായ മാർ ബർണബാസ് തിരുമേനി ദൈവേഷ്ടപ്രകാരം സ്വർഗ്ഗത്തിലേക്ക് വിടവാങ്ങിയെ മനോക്ലേശമുണർത്തുന്ന യാഥാർത്ഥ്യത്തെ ഒരാത്മീയ വെളിച്ചത്തിൽ കാണാനാണ് ഞാൻ ആഗ്രഹിക്കുത്. ദൈവം അനുവദിച്ച ആറു പതിറ്റാണ്ടുകൊണ്ട് ഒരു പുരുഷായുസ്സുമുഴുവൻ ചെയ്യേണ്ട കഠിനാധ്വാനം അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. ഒട്ടനേകം പാവപ്പെട്ട മനുഷ്യരുടെ ജീവിതങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുത്തിട്ടുണ്ട്. അദ്ദേഹം കൊളുത്തിവച്ച കാരുണ്യത്തിന്റെ തിരിനാളങ്ങൾ, നന്മയുടെ പ്രഭാകിരണങ്ങൾ അദ്ദേഹത്തിന് ശേഷവും നിലനിൽക്കുമ്പോൾ, ആ കാരുണ്യപ്രഭയിൽ പ്രകാശിതരായി നിൽക്കുന്ന നമുക്ക് അദ്ദേഹം വിടവാങ്ങിയെന്ന് എങ്ങനെ പറയാനാകും! ഇല്ല, ദൈവം അദ്ദേഹത്തിന്റെ ആത്മാവിനെ മാത്രമേ സ്വന്തമാക്കിയിട്ടുള്ളൂ. അദ്ദേഹത്തിലൂടെ ദൈവം പ്രസരിപ്പിച്ച കരുണയുടെയും മാനവസ്നേഹത്തിന്റെയും വെളിച്ചം ഭൂമിയിൽ ഇപ്പോഴും നിലനിൽക്കുന്നു. കരുണയുടെ ആ പ്രഭയാണ് സമകാലിക സമൂഹത്തിൽ അദ്ദേഹത്തെ ക്രിസ്തുവിന്റെ പരിമളമാക്കുന്നത്. പലതുകൊണ്ടും ഇരുളുവീണ് ഭീതിദമായ ഒരു കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ജീവിതം നമുക്ക് വെളിച്ചവും പരിമളവുമായി ഭവിക്കുന്നു. നമ്മുടെ ക്രിസ്തീയമായ പ്രത്യാശയെ അത് ബലപ്പെടുത്തുന്നു.

ഈ ഭൂമിയിൽ അദ്ദേഹം നമുക്ക് കാരുണ്യത്തിന്റെ പ്രഭയും സുവിശേഷത്തിന്റെ പരിമളവുമാണ്. പൂർവ്വപിതാക്കൾക്കൊപ്പം അദ്ദേഹം സ്വർഗ്ഗസ്ഥിതനും എന്നും നമുക്ക് മധ്യസ്ഥനുമായിരിക്കട്ടെ. ദീപ്തമായ ആ ഓർമ്മകൾക്കുമുമ്പിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുവേണ്ടിയും ദൈവരാജ്യത്തിലെ എല്ലാ ദൈവമക്കൾക്കുവേണ്ടിയും ഹൃദംയഗമായ പ്രണാമം ഞാൻ അർപ്പിക്കട്ടെ! 'ഭാഗ്യവാനായ പിതാവേ സമാധാനത്താലെ പോവുക'.

www.malankaralibrary.com

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



ശ്രേഷ്ഠാചാര്യ സമാധാനത്താലെ പോകുക

## സഭാതല വാർത്തകൾ

### 1. പ്രത്യേക പ്രാർത്ഥന ശുശ്രൂഷ

സുവിശേഷസംഘം ചെയർമാനും ഗുഡ്ഗാവ് ഭദ്രസന അദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രപോലീത്തയ്ക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ശുശ്രൂഷ മെയ് മാസം 6 മുതൽ ഓഗസ്റ്റ് 29 വരെ സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. ലോകത്തിന്റെ





വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി പേർ ഓൺലൈനായി പ്രാർത്ഥന ശുശ്രൂഷകളിൽ സംബന്ധിക്കുകയും പിതാവിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വചന ശുശ്രൂഷയ്ക്ക് അഭി. പിതാക്കൻമാർ, ബഹു. വൈദികർ, സന്യസ്തർ, സുവിശേഷ സംഘാംഗങ്ങൾ നേതൃത്വം നല്കുകയും ചെയ്തു.

### 2. മാർ ബർണബാസ് അനുസ്മരണം

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ 40-ാം ഓർമ്മദിനത്തിൽ സുവിശേഷ സന്ധ്യയും അനുസ്മരണവും ഒക്ടോബർ 5-ാം തിയതി ഓൺലൈനായി നടത്തി. മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡേഷ്യസ് പിതാവ് അനുസ്മരണാ സന്ദേശം നല്കി. ബഹു. ഫാ. ആന്റണി കാക്കനാട്ട്, ബഹു. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒ.ഐ.സി, സി. മേരി പ്രസാദ് ഡി. എം, ശ്രീ. എൻ. സി. ഫിലിപ്പ്, ശ്രീമതി. റോസമ്മ രാജൻ എന്നിവർ ഓർമ്മകൾ പങ്കുവച്ചു.



### 3. ഓർമ്മപ്പെരുന്നാൾ ഒരുക്ക പ്രാർത്ഥനായജ്ഞം

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ജൂലൈ മാസം 1 മുതൽ 14 വരെ കബറിങ്കൽ മാധ്യസ്ഥപ്രാർത്ഥനയും തിരുവചന ശുശ്രൂഷയും ഓൺലൈനായി നടത്തപ്പെട്ടു. അനേകർ പ്രാർത്ഥനകളിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ച് സാക്ഷ്യപ്പെടുത്തി.

### 4. കാത്തിരുപ്പ് പ്രാർത്ഥന ശുശ്രൂഷ

പെന്തിക്കോസ്തി തിരുന്നാളിന് ഒരുക്കമായി കാത്തിരിപ്പിന്റെ കാലത്ത് സുവിശേഷസംഘങ്ങൾ ഒരുമിച്ച് ആത്മാഭിഷേക വചന ധ്യാനവും സന്ധ്യപ്രാർത്ഥനയും ആരാധനയും, അഭിഷേക ശുശ്രഷയും മെയ് 14 മുതൽ 22 ഓൺലൈനായി ക്രമീകരിച്ചു.

### 5. പുനരൈക്യ സുവിശേഷ സന്ധ്യ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 67-ാം പുനരൈക്യ വാർഷിക തൊടനുബന്ധിച്ച് സുവിശേഷ സന്ധ്യ നടത്തി. സി. മേരി പ്രസാദ് ഡി. എം

www.malankaralibrary.com

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



## നന്ദി...

കഴിഞ്ഞ മൂന്നര വർഷക്കാലം സുവിശേഷ സംഘത്തിന്റെ അസി. എക്സിക്യൂട്ടിവ് സെക്രട്ടറിയായി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച ബഹു. ആന്റണി കല്ലിൽ OIC അച്ചന് ഹൃദയപൂർവ്വമായ നന്ദി.



## സ്വാഗതം

സുവിശേഷ സംഘത്തിന്റെ പുതിയ അസി. എക്സിക്യൂട്ടിവ് സെക്രട്ടറിയായി നിയമിതനായ ബഹു. ബനഡിക്റ്റ് മൂഴിക്കര OIC അച്ചന് ഹൃദ്യമായ സ്വാഗതം.

സുവിശേഷ സന്ദേശം നല്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു വേണ്ടിയും പുനരൈക്യത്തിനുവേണ്ടിയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

### 6. ഭദ്രാസനതല ഡിറക്ടേഴ്സ്, കോ-ഓർഡിനേറ്റഴ്സ് മീറ്റിംങ്ങ്

സുവിശേഷസംഘത്തിനന്റെ ഭദ്രാസനതല പ്രവർത്തനങ്ങളെപ്പറ്റി വില യിരുത്തുന്നതിനും പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിലെപ്പറ്റി ആലോചിക്കുന്ന തിനുമായി 10 ഭദ്രാസനങ്ങളിലെ സുവി ശേഷസംഘ ഡിറക്ടേഴ്സിന്റെ മീറ്റിംങ്ങ് ജൂൺ 22-ാം തിയതിയും, സുവിശേഷ സംഘത്തിനന്റെ ഭദ്രാസനതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഭദ്രാസനതല കോ-ഓർഡിനേറ്റഴ്സ് മീറ്റ് സെപ്റ്റംബർ 4-ാം തിയതിയും ഓൺലൈനായി നടത്തി. ബഹു. ഫാ. ആന്റണി കാക്കനാട്ട് 2 മീറ്റിംങ്ങുകൾക്കും അധ്യക്ഷത വഹിച്ചു.

### 7. യുവജന സുവിശേഷ സംഘ ആലോചന മീറ്റിംങ്ങ്

സുവിശേഷ സംഘത്തിന്റെ ആത്മീയ ജീവിത ശൈലി യുവജനങ്ങളിൽ എത്തിക്കുന്നതിനെപ്പറ്റി ആലോചിക്കുന്ന തിനായി സുവിശേഷസംഘത്തിന്റെ സഭതലത്തിൽ കൈവയ്പ്പു സ്വീകരിച്ച യുവജനങ്ങളും, യുവജന ആനിമേറ്റേഴ്സും വൈദിക-സന്യസ്ത പ്രതിനിധികളും ചേർന്നുള്ള ഒരു മീറ്റിംങ്ങ് ഒക്ടോബർ 24-ാം തിയതി ഓൺലൈനായി നടത്തി. ബഹു. ഫാ. ആന്റണി കാക്കനാട്ട് മീറ്റിംങ്ങിന് അധ്യക്ഷത വഹിച്ചു.

### 8. ലക്സിയോ ദിവീനായും സുവിശേഷ സന്ധ്യയും

1. സുവിശേഷ സംഘത്തിന്റെ എല്ലാ ഭദ്രാസനങ്ങളിലെയും ഡിറക്ടേഴ്സിന്റെ ഒരു ലക്സിയോ ദിവീനാ പ്രാർത്ഥനാ കൂട്ടായ്മ ഓൺലൈനായി സെപ്റ്റബർ 9-താം തിയതി നടത്തി.

2. സുവിശേഷ സംഘാഗംങ്ങൾക്കായി എല്ലാ ചെവ്വാഴ്ചകളിലും ലക്സിയോ ദിവീനാ പ്രാർത്ഥനാ ശുശ്രുഷകൾ സുവിശേഷ സന്ധ്യ എന്ന പേരിൽ നടത്തപ്പെടുന്നു.

### 9. മാർ ഇവനിയോസ് പ്രയർ മിനിസ്ട്രി

ദൈവദാസൻ മാർ ഇവനിയോസ് പിതാവിന്റെ കബറിങ്കൽ നടത്തിവന്നിരുന്ന മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷ കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ വെള്ളിയാഴ്ച കളിലും ഓൺലൈനായി രാവിലെ 11 മുതൽ 12 വരെ നടത്തുന്നു.

### 10. പരിശീലന പരിപാടികൾ

സുവിശേഷ സംഘത്തിൽ കൈവയ്പ്പു സ്വീകരിച്ചവർക്കും പരിശീലന ത്തിരിക്കുന്നവർക്കും വിവിധ ബാച്ചുകളി ലായി ഓൺലൈനായി പരിശീലന പരിപാടികൾ ക്രമമായി നടന്നുകൊണ്ടിരിക്കുന്നു.

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ ഉപവാസ പ്രാർത്ഥന**
**എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 11 - 12 വരെ**




**ലക്സിയോ ദിവീനായും സുവിശേഷസന്ധ്യയും**
**എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മുതൽ 8.15 വരെ**




www.malankaralibrary.com

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

ചെയ്തു. 2011 ജനുവരിയിൽ സുവിശേഷ സംഘത്തിന്റെ ഒന്നാം ബാച്ചിന്റെ പരിശീലനത്തിൽ പിതാവും അംഗമാകുകയും വൈദികരും, സന്യസ്തരും, അല്മായരും ഉൾപ്പെടുന്ന കൂട്ടായ്മയിൽ അവരോടൊപ്പം പരിശീലനം നേടുകയും 2011 സെപ്തംബർ 21-ന് പത്തനംതിട്ടയിൽവച്ച് നടന്ന പുനരൈക്യശുശ്രൂഷയിൽ വച്ച് അവരോടപ്പം കൈവയ്പ് സ്വീകരിക്കുകയും ചെയ്തു. ഒരു മെത്രാപ്പോലിത്താ ആയിരുന്നിട്ടും അല്മായരോടും വൈദികരോടും സന്യാസികളോടുമൊപ്പം ബാവാതിരുമേനിയിൽനിന്നും കൈവയ്പ്പ് സ്വീകരിച്ച് സുവിശേഷ സംഘാംഗമായി എന്നത് പിതാവിന്റെ വിനയത്തിന്റെയും ലാളിത്യത്തിന്റെയും അടയാളമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സുവിശേഷസംഘാംഗമായി കൈവയ്പ് ലഭിച്ച ഏക മെത്രാപ്പോലിത്തായായിരുന്നു അദ്ദേഹം.



ഒന്നാം ബാച്ച് കൈവയ്പ്പ് സ്വീകരിച്ചതിനുശേഷം എല്ലാ വർഷവും ജനുവരി മാസം പുതിയ ബാച്ചുകൾ ആരംഭിക്കാൻ ഇടയായി. തുടർന്നുവന്ന എട്ട് സഭാതല ബാച്ചുകളിലും പിതാവ് ഡൽഹിയിൽനിന്നും ദീർഘദൂരം യാത്രചെയ്തു വന്ന് ക്ലാസുകൾ എടുത്തിരുന്നു. ആരോഗ്യം, സമ്പത്ത്, സമയം ഇവ കണക്കാക്കാതെ സുവിശേഷ സംഘത്തിന് തന്നെതന്നെ സമർപ്പിച്ചു. "എത്ര ചിലവ് വന്നാലും അതൊന്നും കണക്കുകൂട്ടി നോക്കാതെ എത്ര മുറിവേറ്റാലും അതൊന്നും പരിഗണിക്കാതെ ദൈവമേ നിനക്ക് ശുശ്രൂഷ ചെയ്യാൻ അടിയനെ ഒരുക്കണമേ" എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പ്രാർത്ഥന ബർണബാസ് പിതാവിനെ ശക്തിപ്പെടുത്തിയിരുന്നു.

സുവിശേഷസംഘ ചെയർമാൻ എന്ന നിലയിലുള്ള പിതാവിന്റെ ക്ലാസുകൾ എല്ലാവരെയും വളരെ സ്വാധീനിച്ചിരുന്നു. മിഷൻ തീക്ഷ്ണതകൊണ്ട് ജ്വലിക്കുന്നതായിരുന്നു പിതാവിന്റെ വാക്കുകൾ. നോർത്ത് ഈസ്റ്റിലും ഒറീസായിലും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും മിഷൻ ശുശ്രൂഷയ്ക്ക് പോകാൻ പലരും മടിച്ചപ്പോൾ "തലപോയാൽ പോകട്ടെ. രക്തസാക്ഷിത്വ മരണമാണ് ദൈവസന്നിധിയിൽ ഏറ്റവും വിലപ്പെട്ട മരണം" എന്ന് പറഞ്ഞുകൊണ്ട് മിഷൻ പ്രവർത്തനത്തിനായി ഇറങ്ങിത്തിരിച്ചു. സത്യത്തിൽ യേശുക്രിസ്തുവിനുവേണ്ടി മരിക്കാൻ പിതാവിന് ഭയമില്ലായിരുന്നു. "ഗോതമ്പുമണി നിലത്തുവീണ് അഴുകുന്നെങ്കിൽ അത് വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24). സുവിശേഷസംഘാംഗങ്ങളായി കൈവയ്പ്പ് ലഭിച്ച ഏകദേശം ആയിരം സുവിശേഷസംഘാംഗങ്ങളെ സംബന്ധിച്ചിടത്തോളം പിതാവിന്റെ സാന്നിധ്യവും ക്ലാസുകളും ഒരു ദൈവീക അനുഭവമായിരുന്നു. നാലു മാസകാലം എല്ലാദിവസവും പിതാവ് ആശുപത്രിയിലായിരിക്കുമ്പോൾ സന്ധ്യാസമയം നൂറുകണക്കിന് സുവിശേഷസംഘാംഗങ്ങൾ ഒന്നിച്ച് ഓൺലൈൻ പ്രോഗ്രാമിലൂടെ പ്രാർത്ഥിക്കുവാൻ സാധിച്ചത് എല്ലാവരും പുണ്യമായി കരുതുന്നു. അതിൽ സംബന്ധിച്ചവർക്കും അത് വലിയ ശക്തി പകർന്നുനൽകി. കോവിഡ് കാലഘട്ടത്തിൽ ഡൽഹിയിലെ പാവപ്പെട്ടവർക്ക് ആഹാരം നൽകാനും സഹായം ചെയ്യാനും രോഗത്തെ ഭയപ്പെടാതെ പിതാവ് മുന്നിട്ടിറങ്ങി. വിശുദ്ധ ഫാ. ഡാമിയൻ കുഷ്ഠരോഗികൾക്കിടയിൽ ശുശ്രൂഷ ചെയ്ത്, കുഷ്ഠരോഗിയായി മരിച്ചതുപോലെ കോവിഡ് കാലത്ത് എല്ലാവർക്കും ശുശ്രൂഷ ചെയ്യാൻ ഇറങ്ങിതിരിച്ച പിതാവ് കോവിഡ് ബാധിതനായി മരിച്ചു എന്നത് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ അടയാളമാണ്. വിശക്കുന്നവന് ആഹാരത്തിൽ കുറഞ്ഞതൊന്നും സുവിശേഷമല്ല എന്ന് മനസിലാക്കിയ പിതാവ് വിശക്കുന്നവന് അപ്പം നൽകി സുവിശേഷ മാതൃക കാണിച്ചു.

**പ്രേഷിത തീഷ്ണതയിൽ ജ്വലിച്ച ബർണബാസ് പിതാവ്**

സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം (1 കോരി 9:16) എന്ന വി. പൗലോസിന്റെ ചിന്ത ബർണബാസ് പിതാവിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. പിതാവ് മിഷൻ ശുശ്രൂഷയിൽ ശക്തി പകർന്നത് സുവിശേഷസംഘത്തിന്റെ ആധ്യാത്മികതയാണ്. ഒറീസയിൽനിന്നും രണ്ട് പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാർ പിതാവിന്റെ അരമനയിൽ താമസിക്കുകയും അവരോട് വ്യക്തിബന്ധം സ്ഥാപിച്ച് ഒറീസയിൽ ആദ്യം മിഷൻ ആരംഭിക്കാനിടയാകുകയും ചെയ്തു. ഇന്ത്യയിൽ എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കാൻ മലങ്കര സഭയ്ക്ക് അനുവാദം ഇല്ലാതിരുന്ന അവസരത്തിൽ ദൈവിക നിയോഗമായി കരുതി രഹസ്യമായിട്ടാണ് മിഷൻ പ്രവർത്തനം ഒറീസായിൽ ആരംഭിക്കുന്നത്. ഇപ്രകാരം മിഷൻ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോവുക പ്രയാസമാണെന്ന് കണ്ട നിമിഷം സ്വർഗം ഇടപെട്ട് ഇന്ത്യ മുഴുവൻ സുവിശേഷ പ്രഘോഷണത്തിന് 2015-ൽ റോമിൽനിന്നും അനുവാദം ലഭിച്ചു. അതിനുശേഷം പുറകോട്ട് നോക്കാതെ അദ്ദേഹം മിഷൻ പ്രവർത്തനങ്ങൾ നടത്തി. ഒറീസാ, അഗർത്തല, ത്രിപുര, ആസാം, പഞ്ചാബ്, രാജസ്ഥാൻ, ഛത്തിസ്ഗഡ് തുടങ്ങിയ സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനത്തിന് തനിക്ക് ശക്തി ലഭിച്ചത് സുവിശേഷസംഘത്തിന്റെ ആധ്യാത്മികത ജീവിച്ചതുകൊണ്ടാണ് എന്ന് പിതാവ് നിരന്തരം പറയുമായിരുന്നു. മിഷൻ പ്രദേശങ്ങളിൽ കടന്നുചെന്ന് വളരെ സാധാരണക്കാരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെകൂടെ ഭക്ഷണം കഴിക്കുവാനും, താമസിക്കുവാനും പിതാവ് കാണിച്ച മനസ് അവിടുത്തെ പാവപ്പെട്ടവരുടെ ഹൃദയങ്ങളെ ആഴത്തിൽ സ്പർശിച്ചു. മലങ്കര സഭയുടെ പ്രേഷിതചൈതന്യം പിതാവിലൂടെ സഭയ്ക്ക അനുഭവമായി എന്ന് പറയാം.

2020 ഡിസംബർ മാസം ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട ബഹു. സൈമൺ ഇലവുത്തിങ്കൽ അച്ചൻ പിതാവിനോട് ചേർന്ന് മിഷൻ പ്രവർത്തനം ചെയ്യാൻ കടന്നുവന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിരുന്നു എന്ന് തീർച്ചയാണ്. ബഹു. സൈമൺ അച്ചൻ സിറോ-മലബാർ സഭാഗംഹവും ഒറീസായിലെ ലത്തീൻ രൂപതയിലെ വൈദികനുമയിരുന്നു. ബർണബാസ് പിതാവുമായി പരിചയപ്പെടുകയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഭക്തനായിതീരുകയും ഡൽഹി-ഗുഡ്ഗാവ് രൂപതയുടെ മിഷൻ കോർഡിനേറ്ററായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടുവർഷത്തെ ശുശ്രൂഷ ഗുഡ്ഗാവ് രൂതയുടെ മിഷൻ മേഖലയെ ശക്തിപ്പെടുത്തി. ബർണബാസ് പിതാവും സൈമൺ അച്ചനും ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു എന്നത് എന്നും ഒരു നൊമ്പരമായി മനസിൽ നിൽക്കും.



**വന്ദ്യ ബർണബാസ് പിതാവുമായുള്ള വ്യക്തിബന്ധം**

ഞാൻ ഒരു സെമിനാരി വിദ്യാർത്ഥി ആയിരുന്ന കാലഘട്ടത്തിൽതന്നെയാണ് പിതാവും സെമിനാരിയിൽ പഠിച്ചത്. പരസ്പരം കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിനപ്പുറം വ്യക്തിബന്ധങ്ങൾ ഇല്ലായിരുന്നു. 1990-ൽ ഞാൻ റോമിൽ പഠിക്കുവാനായി പോയപ്പോൾ പിതാവ് താമസിച്ചിരുന്ന അതേ കോളേജിൽ താമസിക്കുവാനും പിതാവിന്റെ മുറിയുടെ തൊട്ടടുത്ത മുറിയിൽ താമസിക്കുവാനും സാധിച്ചു. നാലുവർഷം ഞങ്ങൾ അടുത്തടുത്ത മുറികളിൽ താമസിച്ചതുമൂലം വ്യക്തിബന്ധങ്ങൾ ആഴപ്പെട്ടു. ദൈവശാസ്ത്ര വിഷയങ്ങൾ, സഭാ വിഷയങ്ങൾ, വ്യക്തിപരമായ പഠനത്തിന്റെ പ്രയാസങ്ങൾ എന്നിവ ഞങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും സഹോദരതുല്യമായ ആഴപ്പെട്ട വ്യക്തിബന്ധം ശക്തിപ്പെടുത്തുകയും ചെയ്തു. പഠനംകഴിഞ്ഞ് നാട്ടിൽ വന്നതിനുശേഷം 2012-ൽ പിതാവിനെ സുവിശേഷസംഘത്തിന്റെ ചെയർമാനായും എന്നെ സുവിശേഷസംഘത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായും സുന്നഹദോസ് നിയമിച്ചു. 2021 വരെയുള്ള കഴിഞ്ഞ 10 വർഷങ്ങളിൽ ഒരുമിച്ച് ഒരേ മനസോടെ സഹോദരതുല്യം ശുശ്രൂഷ നിർവഹിക്കുവാനും എനിക്ക് സാധിച്ചു. ഞാൻ പിതാവിനെ പരിചയപ്പെട്ടതുമുതൽ ഇന്നുവരെ ഒരിക്കൽപോലും ഞങ്ങൾതമ്മിൽ ഒരു അസ്വസ്ഥതയോ പ്രയാസമോ ഉണ്ടായിട്ടില്ല. നിരവധി പ്രാവശ്യം ഗുഡ്ഗാവ് രൂപതയിൽ സുവിശേഷസംഘം ശുശ്രൂഷയ്ക്ക് ഞാൻ കടന്നുചെല്ലുമ്പോഴൊക്കെ വളരെ സ്നേഹത്തോടും സന്തോഷത്തോടുംകൂടെ സ്വീകരിക്കുകയും ഹൃദയം തുറന്ന് പിതാവ് കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നു. പത്തുവർഷക്കാലം പിതാവിനോടൊത്ത് ശുശ്രൂഷ നിർവഹിക്കുവാൻ സാധിച്ചത് എന്റെ പൗരോഹിത്യ ജീവിതത്തിൽ വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. പിതാവ് എന്നെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്തിരുന്നു. ബർണബാസ് പിതാവിന്റെ വത്സല പിതാവ് നിര്യാതനായപ്പോൾ അടക്കശുശ്രൂഷയിൽ സംബന്ധിക്കുവാനും തുടർന്ന് 40-ാം ചരമദിനത്തിൽ സംബന്ധിച്ച് അന്ന് വചനസന്ദേശം നൽകുവാനും എനിക്ക് സാധിച്ചു. തുടർന്ന് പരസ്പരം കെട്ടിപിടിച്ച് യാത്ര പറഞ്ഞാണ് ഞങ്ങൾ അവിടെനിന്നും പോയത്. തുടർന്ന് ഏതാനും ദിവസങ്ങൾക്കുശേഷം 120 ദിവസത്തോളം നൂറിലധികം സുവിശേഷസംഘാംഗങ്ങളോടുചേർന്ന് എല്ലാ ദിവസവും സന്ധ്യയ്ക്ക് പ്രാർത്ഥിക്കുവൻ സാധിച്ചത് വലിയ ദൈവാനുഗ്രഹമായി കരുതുന്നു. പിതാവിന്റെ ആഴപ്പെട്ട മിഷൻ തീക്ഷ്ണതയും ലാളിത്യവും ദൈവാഭിമുഖ്യവും പ്രാർത്ഥനാജീവിതവും സുവിശേഷസംഘത്തെ ഏറെ ബലപ്പെടുത്തി.

പിതാവ് മലങ്കര സഭയ്ക്കുവണ്ടിയും സുവിശേഷസംഘത്തിനുവേണ്ടിയും സ്വർഗത്തിലിരുന്ന് മാധ്യസ്ഥം വഹിക്കുന്നു എന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു.

"ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ-രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം"

www.malankaralibrary.com

www.malankaralibrary.com





# സ്വർഗ്ഗം സ്വപ്നങ്ങൾ പകർന്ന നമ്മുടെ ബർണബാസ് പിതാവ്

**ഡോ. സി. മേരി പ്രസാദ് ഡി.എം**
സുവിശേഷ സംഘം, ജോയിന്റ് സെക്രട്ടറി

ജീവിതത്തിൽ സ്വപ്നങ്ങൾ കാണുന്നവരേയും സൂക്ഷിക്കുന്നവരേയും അത് ജീവിതത്തിന്റെ മാർഗ്ഗദർശനമായി കൊണ്ടു നടന്നവരേയും എന്നും അതുല്യ പ്രതിഭാശാലികളായാണ് ലോകത്തിൽ അറിയപ്പെടുന്നത്. ഈ ലോകത്തിൽ പല തരത്തിലുള്ള സ്വപ്നങ്ങൾ കാണുന്ന ആളുകളുണ്ട്. ഒന്നാമതായി, വ്യക്തിപരമായ സ്വപ്നങ്ങൾ, അഥവാ, ലോകത്തിലെ ഭൗതീക കാര്യങ്ങളെ കുറിച്ച് സ്വപ്നം കാണുന്നവർ. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ അഹോരാത്രം തങ്ങളുടേ ജീവിതത്തിൽ പരിശ്രമിക്കുന്നവരും അവ നേടിയെടുക്കുന്നവരുമുണ്ട്. രണ്ടാമതായി, സമൂഹനന്മയ്ക്കായി, ലോകത്തിന്റെ പൊതുവായ കാര്യങ്ങൾക്കായി കുറച്ചുകൂടി വിശാലമായ സ്വപ്നങ്ങൾ നെയ്യുന്നവരും അതിനായി സ്വയം സമർപ്പിക്കുന്നവരുമുണ്ട്. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി, ഡോ. അബ്ദുൾകലാം തുടങ്ങിയ മഹാരഥന്മാർ ഇപ്രകാരം ഒരു ജനസമൂഹത്തിനായി കണ്ട വലിയ സ്വപ്നങ്ങളെ അനുധാവനം ചെയ്തവരാണ്.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സ്വർഗ്ഗത്തിന്റെ സ്വപ്നങ്ങൾ കാണുന്നവരും സ്വന്തമാക്കിയവരുമുണ്ട്. അപ്രകാരം സ്വർഗത്തിന്റെ സ്വപ്നങ്ങൾ നെഞ്ചിലേറ്റി രാപകൽ അതിനെ യാഥാർത്ഥ്യമാക്കാൻ തന്റെ ജീവനും, ജീവാംശവും, അദ്ധ്വാനവും, പ്രാർത്ഥനകളും സമർപ്പിച്ച ഒരു സ്വപ്നക്കാരനായിരുന്നു സ്വർഗ്ഗസന്നിധിയിലേയ്ക്ക് വാങ്ങി പോയ നമ്മുടെ ഏറ്റവും പ്രിയങ്കരനായ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് എന്ന് എനിക്ക് ഒത്തിരിയേറെ തവണ തോന്നിയിട്ടുണ്ട്. അപ്പോൾ സാധാരണമായി ഉയരാവുന്ന ചോദ്യമിതാണ്. എന്താണ് സ്വർഗത്തിന്റെ സ്വപ്നം? അത് മറ്റൊന്നുമല്ല, ഈ ചെറിയവരിൽ ഒരുവൻ പോലും നശിക്കുവാൻ പോകുവാൻ എന്റെ പിതാവ് ആഗ്രഹിക്കുന്നില്ല (മത്താ. 18, 14). 60 സംവത്സരങ്ങൾ നീണ്ട ജീവിതത്തിലെ ഏറെ സമയം ഈ പ്രത്യാശയുടെ സ്വപ്നം, സുവിശേഷം, പങ്കുവയ്ക്കുവാനായി ആർഷഭാരതത്തിന്റെ തലസ്ഥാന നഗരത്തിന്റെ വിശാലമായ വീഥികളിലൂടെയും പാവപ്പെട്ടവർ വസിക്കുന്ന ചേരികളിലൂടേയും ഗ്രാമങ്ങളിലെ ഊടുവഴികളിലൂടെയും പിതാവ് സഞ്ചരിച്ചു. ഒന്നിനേയും ഭയക്കാതെ പണ്ഡിതരും സാധാരണക്കാരുമായ അനേകരോട് തന്റെ സ്വപ്നങ്ങൾ പങ്കുവച്ച് മുന്നോട്ട് നീങ്ങി. കാരണം പിതാവിനെ എന്നും നയിച്ചത് സ്വർഗ്ഗശക്തിയും സ്വർഗ്ഗ സ്വപ്നങ്ങളുമായിരുന്നു.

സ്വപ്നവാഹകരെ പലപ്പോഴും ഈ ലോകത്തിന് പെട്ടന്ന് മനസിലാവാറില്ല എന്നത് തീർത്തും യാഥാർത്ഥ്യമാണ്. പഴയനിയമത്തിലെ പൂർവ്വയൗസേപ്പ് ഇതിന് ഉദാഹരണമാണ്. ഇസ്രായേലിന്റെ ഭാവിയെപ്പറ്റി സ്വപ്നം കണ്ടവനായിരുന്നല്ലോ യൗസേപ്പ്. പുതിയനിയമത്തിലേ യൗസേപ്പിനെ നോക്കിയാലും സ്ഥിതി വ്യത്യസ്ഥമല്ല. സ്വപ്ന യാഥാർത്യത്തിനായി പൂർവ്വ യൗസേപ്പും, പുതിയനിയമത്തിലെ യൗസേപ്പും ഏതു ക്ലേശവും സ്വീകരിക്കുവാൻ തയ്യാറായിരുന്നു. കാരണം, സ്വർഗത്തിന്റെ സ്വപ്നം അവർക്ക് മറ്റതിനെക്കാളും വലുതായിരുന്നു, വിലയുള്ളതായിരുന്നു. 20-ാം നൂറ്റാണ്ടിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും ഇപ്രകാരം വലിയ സ്വപ്നം കണ്ട് അത് യാഥാർത്ഥ്യമാക്കിയ മഹത്വ്യക്തിയാണ്. 21-ാം നൂറ്റാണ്ടിൽ മലങ്കരയുടെ ചരിത്രത്തിൽ മറ്റൊരു ഒരു സ്വപ്നവാഹനായി മാറുകയായിരുന്നു നമ്മുടെ ബർണബാസ് പിതാവ്. പിതാവിന്റെ സ്പനം വളരെ വിശാലവും ഏറെ വിശിഷ്ഠവുമായിരുന്നു. അത് മറ്റൊന്നുമല്ല, നമ്മുടെ ഭാരതത്തിലെ ജാതി-മത വർഗ്ഗ-വർണ്ണ ഭേദമന്യേ എല്ലാവരേയും ഏകരക്ഷകനായ യേശുവിനെ അറിയിക്കണം എന്ന മഹാസ്വപ്നമായിരുന്നു. ഒരു പക്ഷേ നമുക്ക് ഇത് വിസ്മയമായിരിക്കെ, ഭാരതത്തിലെ കോടാനുകോടി ജനത്തിനായുള്ള മഹാസ്വപ്നം നിരന്തരം പിതാവിന്റെ ഉള്ളിൽ തിരതള്ളുന്നതിന്റെ ബഹിർ സ്പുരണങ്ങൾ അദ്ദേഹത്തിന്റെ തീപാറുന്ന വാക്കുകളിൽ എന്നും നിഴലിച്ചിരുന്നു. രാവും പകലും, തന്റെ ഊണിലും ഉറക്കത്തിലും കണ്ടു നടന്ന ഈ സ്വപ്നം പിതാവിന്റെ ഏക ലക്ഷ്യമായിരുന്നു എന്നു തോന്നിപ്പിക്കും വിധമായിരുന്നു.

അഭിവന്ദ്യ ബർണബാസ്പിതാവിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു സമാനമായ സ്വപ്നങ്ങൾ ഉള്ളിലുറങ്ങിയവരെ കണ്ടെത്തുക എന്നത്. അപ്രകാരമുള്ളവരെ പിതാവ് തേടി നടന്നിരുന്നു. പിതാവിന്റെ കണ്ണുകളിലെല്ലാം എപ്പോഴും ഈ അന്വേഷണം ചാതുര്യം ഉണ്ടായിരുന്നു എന്ന് നിസംശയം പറയാൻ കഴിയും. സ്വർഗ സ്വപ്നങ്ങൾ ഉള്ളിലുറങ്ങിയ അനേകരെ പിതാവ് തന്റെ യാത്രകളിൾക്കിടയിൽ കണ്ടെത്തി. അവരെ തന്റെ കൂടെ ചേർത്തു നിർത്തുവാൻ പ്രത്യേക ശ്രദ്ധിച്ചിരുന്നു. ഒരു പക്ഷേ തനിച്ച് തന്റെ ലക്ഷ്യത്തിലേയ്ക്ക് മുന്നേറാൻ ശ്രമിക്കാതെ അതിന് ക്രിസ്തുമാർഗ്ഗത്തിലെ കൂട്ടായ്മയുടെ മാനങ്ങൾ തേടിയുരുന്ന പിതാവിന്റെ രീതി നമ്മുക്ക് വലിയ മാർഗ്ഗദർശനമാണ്. ഈ മാർഗ്ഗം പിതാവിന്റെ സ്വപ്ന പൂർത്തീകരണത്തിന് ക്രിയാത്മകതയും പുതിയ ഊർജ്ജവും വിശാലതയും നൽകി എന്നു മാത്രമല്ല പുതിയ ദിശാബോധത്തോടും ദൃഢനിശ്ചയത്തോടും കൂടി ലക്ഷ്യത്തിലേയ്ക്കു മുന്നേറുന്നതിനു ഹേതുവായി. പിതാവ് സാധാരണയായി വളരെ വേഗതയിൽ നടക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. അത് പിതാവിന്റെ തീക്ഷ്ണതയുടെ ഭാഗമായിരുന്നും എന്നും വിശ്രമിക്കാനും സാവകാശമാകാനും സമയമില്ല എന്നും ആ ശരീരഭാഷ പോലും പറഞ്ഞിരുന്നു എന്നാൽ ആ യാത്രയുടെ ആവസാനം ഇത്ര പെട്ടന്നാകുമെന്നും നാമാരും കരുതിയിട്ടുണ്ടാവില്ല.

ഹൃദയത്തിൽ അഗ്നി നിറയുന്നവർ അവരറിയാതെ അതിന്റെ ചൂട് തനിക്ക് ചുറ്റുമുള്ളവർക്ക് പകർന്നുകൊണ്ടിരിക്കും എന്ന യഥാർത്ഥ്യവും പിതാവിന്റെ കാര്യത്തിൽ അരത്ഥപൂർണ്ണമാണ്. പിതാവിനോട് ബന്ധപ്പെട്ടു നിന്നവരിലേയ്ക്കും ഇപ്രകാരമുള്ള സ്വപ്നം കാണാനറിയാത്ത അനേകരിലേയ്ക്കും അത് വ്യാപിക്കുച്ചതിനു നാം സാക്ഷികളാണ്. പ്രത്യേകിച്ചും സുവിശേഷ സംഘത്തിലെ ആദ്യ ബാച്ചിലെ അംഗം എന്ന നിലയിൽ പിതാവിന്റെ ചിന്തകളും ശൈലികളും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഒരു സന്യാസിനി എന്ന നിലയിലും സുവിശേഷസംഘാഗം എന്ന നിലയിലും സുവിശേഷത്തിനു വേണ്ടി എന്തെങ്കിലും നഷ്ടപ്പെടുത്തുന്ന ഒരു ആദ്ധ്യാമികതയുടെ നന്മയും മൂല്യവും പിതാവിന്റെ ജീവിതത്തോട് അടുത്തു നിന്നു കാണുവാനും പഠിക്കുവാനും അല്പമെങ്കിലും സ്വാംശികരിക്കുവാനും ദൈവം അനുവദിച്ചു എന്നത് എന്റെ ജീവിതത്തിലെ വലിയ ഭാഗ്യമായി കാണുന്നു. പിതാവ് നേരിൽ കാണുമ്പോഴൊക്കെ പങ്കുവച്ചിരുന്ന ചില ആഗ്രഹങ്ങൾ, സന്യാസത്തെപ്പറ്റിയും പ്രേഷിത പ്രവർത്തനത്തേയും പറ്റിയുള്ള ചില വ്യക്തമായി ദർശനങ്ങൾ ഞാൻ ഇപ്പോൾ ഓർത്തു പോകുകയാണ്.

എനിക്കു സംഭവിച്ചതെല്ലാം സുവിശേഷത്തിന്റെ വളർച്ചയ്ക്കു കാരണമാകണം എന്ന പിതാവിന്റെ ലക്ഷ്യം തന്റെ രോഗവസ്ഥയിലും ശരീര വിയോഗത്തിനുശേഷവും ഏറെ പ്രസക്തമാവുകയാണ്. കാരണം വിശുദ്ധർ ജീവിച്ചിരിക്കുന്നതിനേക്കാൾ വാചലരാകുന്നുതും, ശക്തരാകുന്നതും മരണശേഷമാണല്ലോ. സുവിശേഷ സംഘത്തേയും മലങ്കരസഭയേയും ഭാരത സുവിശേഷീകരണത്തേയുംപ്പറ്റി പിതാവ് കണ്ട സ്വപ്നങ്ങൾ യാഥാർഥ്യമാകാൻ സ്വർഗ്ഗത്തിലിരുന്നു കൊണ്ട് ജീവിച്ചിരുന്നതിനേക്കാൾ തീക്ഷ്ണതയോടെ ശക്തിയോടെ മധ്യസ്ഥം വഹിക്കും എന്ന വിശ്വാസം നമുക്ക് ആശ്വാസമാവട്ടെ. പിതാവിന്റെ ആത്മാവ് നിത്യശാന്തിയിൽ ആനന്ദിക്കട്ടെ.



# അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ്, എന്റെ ആരാധ്യനായ പിതാവ്

**പി. വി. ഫിലിപ്പ് പടിഞ്ഞാറോത്തിൽ**
സഭാതല സുവിശേഷസംഘം
മൂവാറ്റുപുഴ ഭദ്രാസനം

പിതാവ് എല്ലാവർക്കും സ്വന്തവും എല്ലാവരും തനിക്ക് സ്വന്തവുമായിരുന്ന വന്ദ്യ ബർണബാസ് പിതാവിനെക്കുറിച്ച് നിറ കണ്ണുകളോടെയല്ലാതെ ഓർക്കുവാൻ സാധിക്കുകയില്ല. പിതാവിനോട് ബന്ധപ്പെട്ടിട്ടുള്ള പിതാവ് ബന്ധപ്പെട്ടിട്ടുള്ള, എല്ലാവരും തന്നെ എന്നെപ്പോലെ വന്ദ്യപിതാവിന്റെ ഓർമയിൽ നിറകണ്ണുകളോടെ നിറഞ്ഞസ്നേഹത്തോടെ, പൂർണ്ണനന്ദിയോടെ സ്മരിക്കുന്നു. ആചാര്യപദവിയിലേക്ക് ഉർത്തപ്പെട്ടപ്പോൾ തനിക്കുവേണ്ടി തിരഞ്ഞെടുത്ത ബർണബാസ് എന്ന നാമം തന്നെ പിതാവിനെ പൂർണമായി എടുത്തുകാട്ടുന്നു. ആശ്വാസ പുത്രൻ, പ്രബോധനപുത്രൻ, (ബർണബാസ്) എന്ന നാമം തന്റെ ഓരോ പ്രവർത്തിയിലും തന്റെ ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും പിതാവ് അന്വർത്ഥമാക്കി. ഞങ്ങളുടെ ജീവിതത്തിൽ വിവിധ സന്ദർഭങ്ങളിൽ സാന്ത്വനമേകിക്കൊണ്ട് പിതാവുണ്ടായിരുന്നു. ആ അനുഭവങ്ങളെക്കുറിച്ച് വിവരിക്കുന്നതിനു മുൻപ് പിതാവ് എന്ന പ്രബോധകനെ അതുപോലെ ഓർമിക്കുന്നു. പിതാവ് നൽകിയ ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമായിരുന്നു. പിതാവിന്റെ ജ്ഞാനസമ്പത്ത് നിറഞ്ഞ പ്രബോധനങ്ങൾ എത്രത്തോളം മറ്റുള്ളവരെ ഉദ്ബുദ്ധരാക്കിയിരുന്നുവെന്ന് അനുഭവസ്ഥർ നന്ദിയോടെ ഓർക്കുന്നു. 'യേശുവിൽ ആയിരിക്കുക, യേശുവിൽ ചരിക്കുക' എന്ന പിതാവിന്റെ ആപ്തവാക്യം പിതാവിന്റെ ജീവിതവും ലക്ഷ്യവും ആയിരുന്നുവെന്ന് നിസ്സംശയം പറയാം. യേശുവിനോട് ചേർന്നുനിൽകക്കുന്ന ഒരാൾ യേശു ഉള്ളിടത്തോളം കൂട്ടായ്മയിലാകുന്നുവെന്ന് പിതാവ് ഞങ്ങളെ പഠിപ്പിച്ചു. യേശുവിന്റെ കാഴ്ചപ്പാടിൽ കാണുവാനുള്ള ഉൾക്കാഴ്ച ഉണ്ടാകണമെന്നും കാണണമെന്നും ഈ പ്രബോധനകൻ നമ്മെ ഓർമിപ്പിച്ചു. എന്റെ വ്യക്തിപരമായ ജീവിതത്തിലും ഈ ആശ്വാസപുത്രൻ വേദനകളിൽ ആശ്വാസവും സ്വാന്തനവും പകർന്നുതന്ന ഒന്നിലധികം സന്ദർഭങ്ങൾ പ്രാർത്ഥനയോടെ ഓർക്കുന്നു. എന്റെ ഗുരുതര രോഗാവസ്ഥയിലും ഞങ്ങളുടെ മകളുടെ രോഗാവസ്ഥയിലും നിര്യാണത്തിലും വേദനയുടെ മറ്റ് ഇതര വൈഷമ്യ സമയങ്ങളിലും ഞങ്ങളെ സന്ദർശിച്ച്, ആശ്വസിപ്പിച്ച്, സമാധാനിപ്പിച്ച് നിരാശയുടെ പടുകുഴിയിൽ നിന്ന് പ്രത്യാശയുടെ ഉത്തുംഗശൃംഗത്തിലേക്ക് ഞങ്ങളെ ഉയർത്തുകയും ആ നിലയിൽ നിലനിൽക്കുവാൻ സമയം കണ്ടെത്തി സഹായിക്കുകയും ചെയ്ത വന്ദ്യ പിതാവിനെ നന്ദിയോടെയും ആദരവോടെയും സ്മരിക്കുന്നു. ഇതേ അനുഭവങ്ങൾ ജീവിതത്തിന്റെ പല ഘട്ടങ്ങളിലും ഞങ്ങൾക്കു ലഭിച്ചു. നൽകുക എന്ന ദൈവീകതത്വം ജീവിതശൈലിയാക്കി പ്രവർത്തിക്കുകയും പഠിപ്പിക്കുകയും അങ്ങനെ മറ്റുള്ളവരെ നയിക്കുകയും ചെയ്ത പിതാവിന്റെ നിറഞ്ഞ സ്നേഹം വഴികാട്ടിയായിരുന്ന് ഞങ്ങളെ നയിക്കട്ടെയെന്ന് ഞങ്ങൾ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.




www.malankaralibrary.com

www.malankaralibrary.com





# ഞാൻ അറിയുന്ന എന്നെ അറിയുന്ന ഒരു വിശുദ്ധൻ നോർത്ത് ഇന്ത്യാ മിഷന്റെ സ്വപ്നനേതാവ്

**ഏബ്രഹാം ജോർജ്ജ് വിളയിൽ**
സഭാതല സുവിശേഷസംഘം, പൂനെ-കട്കി ഭദ്രാസനം

അഭിവന്ദ്യ പിതാവിനെകുറിച്ച് ഒരു അനുസ്മരണം ചുരുങ്ങിയ വാചകങ്ങളിൽ എഴുതുക ദുഷ്കരമായ കാര്യമാണ്. പിതാവിനോടുള്ള എന്റെ ആത്മബന്ധം 1996 മുതൽ പൂനായിലുള്ള രാമവാടി ബഥനി ആശ്രമത്തിൽനിന്നും തുടങ്ങിയതാണ്. അന്ന് ഞാൻ യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമായിരുന്നു. യുവജനങ്ങളുടെ വാർഷിക ധ്യാനം, നോമ്പുകാല ധ്യാനം, കുട്ടികളുടെ ക്യാമ്പുകൾ എന്നിവയിലെല്ലാം ഞാൻ പിതാവിനെ (അന്ന് അച്ചനായിരുന്നു) വിളിക്കുമായിരുന്നു. ബഥനി റെക്ടർ ആയിരുന്നപ്പോൾ എന്നെ ബ്രദറിന്റെകൂടെ Interactive സെഷനിൽ ക്ഷണിക്കുമായിരുന്നു. ആ അടുപ്പം പിൽകാലങ്ങളിൽ അതായത് 2001 മുതൽ 2006 വരെ തുടരുവാൻ സാധിച്ചു. 2007 മാർച്ച 10-ാം തീയതി അപ്പസ്തോലിക് വിസിറ്റേറ്റർ ആയി മെത്രാൻസ്ഥാനം സ്വീകരിച്ചതു മുതൽ ആ ബന്ധം 2021 ഏപ്രിൽ 10-ാം തീയതി 2 മണിവരെ തുടരുവാൻ സാധിച്ചത് ഒരു ദൈവീക പദ്ധതിയായി ഞാൻ മനസിലാക്കുകയും സർവശക്തനായ ദൈവംതമ്പുരാന് ആയിരമായിരം നന്ദി അർപ്പിക്കുകയും ചെയ്യുന്നു. 2007 മുതൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്മരണാർത്ഥം കേരളത്തിലേക്കുള്ള തീർത്ഥയാത്രയിലൊക്കെ ട്രെയിനിലുള്ള ഞങ്ങളുടെ അടുത്തുള്ള ഇടപെടലുകൾ ആശയവിനിമയങ്ങൾക്കും ഒന്നിച്ചുള്ള പ്ലാനിങ്ങുകൾക്കും തുടർന്നുള്ള കർമ്മപരിപാടികളുടെ രൂപീകരണത്തിനും ഉപകരിച്ചിട്ടുണ്ട്. 2008 മുതൽ തന്നെ നോർത്ത് ഇന്ത്യയിൽ മിഷൻ തുടങ്ങുന്നതിനെപ്പറ്റി എന്നോട് പറയുമായിരുന്നു. പിതാവിന്റെ ലക്ഷ്യം നോർത്ത്-ഈസ്റ്റ് ആയിരുന്നു. കാരണം ജീസസ് യൂത്ത് അവിടെ പ്രവർത്തിച്ചിരുന്നു. 2012 ഡിസംബറിൽ ഡീക്കൻ ദേവസ്യ ഒറീസായിൽ പോകുകയും അവിടുത്തെ അവരുടെ പ്രാർത്ഥനയുടെ ഓഡിയോ ക്ലിപ്പ് എടുത്ത് പിതാവിന് നൽകുകയും അത് ഞങ്ങളെ ജനുവരിയിൽ ഗോവയ്ക്ക് സ്ഥലം നോക്കാൻ പോയപ്പോൾ കേൾപ്പിക്കുകയും ചെയ്തത് ഞാൻ ഓർക്കുന്നു.

2011 നമ്മുടെ പ്രഥമ അസംബ്ലിയിൽ പിതാവിനെ സുവിശേഷസംഘത്തിന്റെ ചുമതല ഏൽപിച്ചതോടുകൂടി പ്രേഷിതപ്രവർത്തനത്തിനുള്ള ആഗ്രഹത്തിന്റെ ആക്കം കൂടി. 2013 മാർച്ച് മാസം 7-ാം തീയതി 4 മണിക്ക് എന്നെ വിളിച്ച് 8-ാം തീയതി ഡൽഹിയിൽ എത്തണം എന്ന് ആവശ്യപ്പെട്ടു. എന്റെ ബെർത്ത്ഡേ മാർച്ച് 10-ന് ആണ്. കുർബാനയും ഇടവകയിൽ ബ്രേക്ക്ഫാസ്റ്റും ഒരുക്കിവെച്ചിട്ടുണ്ടെന്ന് ഞാൻ പിതാവിനോട് പറഞ്ഞു. പിതാവ് പറഞ്ഞു ബെർത്ത്ഡേ അവർ ആഘോഷിക്കട്ടെ, നമുക്ക് ഇവിടെ ആഘോഷിക്കാം. പിതാവിന്റെ മെത്രാഭിഷേകത്തിന്റെ ദിവസവും പിറന്നാളും ഒരു ദിവസമായിരുന്നതിനാലാണ് പിതാവ് അങ്ങനെ പറഞ്ഞത്. പല വർഷങ്ങളിലും ഞങ്ങൾ ഇങ്ങനെ ആഘോഷിക്കുകയുണ്ടായി. ഞാൻ രാവിലെ 8 മണിക്ക് അരമനയിൽ എത്തി. പിതാവ് ഫരീദാബാദ് ഇടവകയിൽ പോയിരിക്കുകയായിരുന്നു. 1 മണിയോടുകൂടി വന്നു. സിറ്റൗട്ടിൽ ഇരുന്ന് ഞങ്ങൾ കാര്യം പറഞ്ഞു.എന്നെ വിളിച്ചത് എന്തിനാണെന്ന് അപ്പോഴാണ് പിതാവ് പറയുന്നത്. ഒറീസായിൽനിന്നും 5 പേർ വന്നിട്ടുണ്ട്. പാസ്റ്റർ റിക്കിറാമിന്റെ നേതൃത്വത്തിൽ. അവരുടെ കൂടെ ആയിരിക്കുകയും കത്തോലിക്കാ തിരുസഭയെകുറിച്ചും നമ്മുടെ മലങ്കര സഭയെകുറിച്ചും അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണമെന്നും നാലു ദിവസം കഴിഞ്ഞ് അവരോടൊത്ത് ഒറീസായിലേക്ക് പോകണമെന്നും ഡീക്കൻ ദേവസ്യയും ഫാ ജോർജ് തേക്കടയും കൂടെയുണ്ടെന്നും പറഞ്ഞു. അതുപോലെ ഞാൻ ചെയ്തു. മാർച്ച് 12-ന് ഞങ്ങൾ ഒറിസായിൽ പോയി. ഒരു ലോഡ്ജിന്റെ കോൺഫറൻസ് ഹാളിൽ 14 പാസ്റ്റേഴ്സ് ചർച്ച് ഹിസ്റ്ററി ക്ലാസ് എടുത്തു. ഏപ്രിലിൽ ഡീക്കൻ ദേവസ്യ ഫാദർ ആയി. അവിടേക്ക് വന്നു. അങ്ങനെയാണ് ഒറീസാമിഷൻ ആരംഭിക്കുന്നത്. പിന്നീട് എല്ലാ ഒന്നിടവിട്ട മാസങ്ങളിലും അവിടെ പോകുകയും ക്ലാസുകൾ എടുക്കുകയും ചെയ്തുകൊണ്ടിരുന്ന ശ്രീ. അലക്സ് വളവിൽ, ബാർ ഈത്തോ കാശീറോ പി.വി. തോമസ്, പി. ജി. ജോൺ, പി. ജെ. സജി, സാലു, ശ്രീമതി റോസമ്മ രാജൻ, ശ്രീമതി സാറാ മാണി കുറിയാക്കോസ്, ശ്രീ സണ്ണി പവത്ത് എന്നിവരൊക്കെ എന്നോടൊപ്പം അവിടെ മിഷൻ ചെയ്തിട്ടുള്ളവരാണ്. 2014-ൽ പഞ്ചാബ് മിഷൻ ആരംഭിച്ചു. ബ്രദർ ഹഗ്ഗായിയുടെ നേതൃത്വത്തിലുള്ള മിഷനിൽ അദ്ദേഹത്തെ സഹായിക്കാൻ പല പ്രാവശ്യം പഞ്ചാബ് സന്ദർശിക്കുകയുണ്ടായി. ഏതു മിഷൻ തുടങ്ങിയാലും എന്നെ നിർബന്ധമായി അവിടെ അയയ്ക്കുക പതിവായിരുന്നു. 2015-ൽ ഫാ. ജിമ്മി തിരുപട്ടം സ്വീകരിച്ചു. ഫാ. വാലിക്കോടത്ത്, ഫാ. ജോസ് കുന്തറ എന്നിവർ ഒറീസയിൽ മിഷൻ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഫാ. ജിമ്മിയെ അവിടേക്ക് അയച്ചു. അപ്പോഴാണ് 2015 അവസാനവും 2016 ആദ്യമാസവും അസാമിൽ മിഷൻ സാദ്ധ്യതകൾ തെളിഞ്ഞുവന്നത്. ഫാ. ജിമ്മിയെ അവിടേക്ക് വിടുകയും ഞാൻ കൂടെ പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആസാം, അരുണാചൽ പ്രദേശ് മിഷനുകൾ അങ്ങനെയാണ് ആരംഭിക്കുക. അരുണാചൽ പ്രദേശിലുള്ള കണ്ണൂർകാരൻ ഷാജി സർ വളരെ സഹായിയും നമ്മുടെ മിഷന് പിന്തുണ നൽകുന്നയാളും ആയിരുന്നു. 2016 പകുതിയോടെ ബ്രദർ തോമസ് പള്ളിക്കന്റെ മിഷനുകൾ സന്ദർശിക്കാൻ ത്രിപുരയിലും അഗർത്തലയിലും പോകുവാൻ നമുക്ക് സാദ്ധ്യത തെളിഞ്ഞു. ഞാൻ പിതാവിനേയും ഫാ. ജിമ്മിയേയുംകൂട്ടി അവിടെയെത്തി. മിഷൻ സാദ്ധ്യതകൾ കണ്ടു മനസിലാക്കി. അവിടെ മിഷൻ ആരംഭിച്ചു. 2017-ൽ ബ്രദർ വർഗീസ് പുത്തൂർ രൂപതയിൽനിന്ന് റീജന്റ് ആയി വന്നു. ത്രിപുരയിലെ റയിസൻബാരിയിൽ മിഷൻ ആരംഭിച്ചു. അവിടേക്ക് പോകണമെന്ന് പിതാവ് എന്നോട് ആവശ്യപ്പെട്ടു. 2017-ൽ CNEWA ഡയറക്ടർ മോൺ ജോൺ കൊർസാർ, ഇന്ത്യയിലെ പ്രസിഡന്റ് ശ്രീ. M.L. തോമസ് എന്നിവർ ആസാം, ത്രിപുര സന്ദർശനത്തിന് വന്നപ്പോൾ എന്നെയും ആ സന്ദർശനത്തിൽ കൂട്ടി ചേർത്തു. 2018-2019 പഞ്ചാബിലെ എല്ലാ മിഷൻ കേന്ദ്രങ്ങളും ഉറപ്പിക്കാൻ ഫാ. മാത്യു കുറ്റിയിലിന്റെ നേതൃത്വത്തിൽ സാധിച്ചപ്പോൾ അവിടെയെല്ലാം Basic Catechism നൽകുവാൻ പിതാവ് എന്നെ ചുമതലപ്പെടുത്തി. ഈ കാലഘട്ടത്തിൽ ഫാ. സാം പതായ്ക്കലിന്റെ നേതൃത്വത്തിൽ നമുക്ക് ഡൽഹിയിൽ ഹിന്ദു കമ്മ്യൂണിറ്റിയെ ലഭിക്കുകയും 40 പേരെ മാമോദിസായ്ക്ക് ഒരുക്കുകയുംചെയ്തു. മാമോദിസാ ഫാ. സൈമൺ അച്ചന്റെ നേതൃത്വത്തിൽ ആയിരുന്നു. 2019-20കളിൽ അയോധ്യ, ബറേത്തി, രാജസ്ഥാൻ എന്നിവിടങ്ങളിലും 2018-19ൽ ഛത്തിസ്ഗഡ്, ഝാർഖണ്ഡ്, ബിഹാർ എന്നിവിടങ്ങളിലും ഫാ. സജി ജോണിന്റെ നേതൃത്വത്തിലും ഫാ. ജോസ് കുന്തറയുടെ നേതൃത്വത്തിലും മിഷനുകൾ തുടങ്ങി. അവിടെയൊക്കെയും പോകാൻ ദൈവം കൃപ നൽകി.

2015 മെയ് മാസം 1-ാം തീയതിയാണല്ലോ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ഉദ്ഘാടനം നടന്നത്. അന്നുതന്നെ ഒറീസയ്ക്കുള്ള പിതാവിന്റെ പ്രഥമ സന്ദർശനം നടന്നു. മെയ് 12 മുതൽ 17 വരെ പിതാവും, ഞാനും സാറാമാണി കുര്യാക്കോസും അവിടെ ഫാ. ദേവസ്യയും, സിസ്റ്റേഴ്സും ഉണ്ടായിരുന്നു. എല്ലാ മിഷൻ കേന്ദ്രങ്ങളും പിതാവ് ആദ്യമായിട്ടായിരുന്നു സന്ദർശിച്ചത്. 2013 മാർച്ച് 8-ന് എന്നെ ഡൽഹിയിൽ വിളിച്ചുവരുത്തി എന്ന് ഞാൻ മുമ്പ് രേഖപ്പെടുത്തിയല്ലോ. അപ്പോൾ എന്നോട് പറഞ്ഞ രണ്ടു കാര്യങ്ങൾ ഞാൻ ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുന്നു. പിതാവ് എന്നോട് പറഞ്ഞു: ജോജി അങ്കിളിനെ ഞാൻ തിരഞ്ഞെടുത്തത് ഒറീസയിൽനിന്നും വന്നവരുടെ കൂടെ കൈ അടിക്കുവാനും സ്തോത്രം പറയുവാനും അങ്കിളിനേ കഴിയൂ എന്നതിനാലാണ്. നമ്മൾ Jurisdiction ഇല്ലാതെയാണ് അവിടെ കടക്കുക. നാളെ സി.ബി.സി.ഐ. നമ്മെ ചോദ്യം ചെയ്താൽ എന്റെ ഒരു അല്മായനാണ് ഇത് തുടങ്ങിയതെന്നും കൂടുതൽ കുടുംബത്തെ കിട്ടിയപ്പോൾ ഞാൻ പാസ്റ്ററൽ കെയറിനു അച്ചനെ അനുവദിച്ചുവെന്നേയുള്ളുവെന്നും ഞാൻ അവിടെ പോയിട്ടില്ല എന്നും എനിക്ക് പറയണം. 2014-ൽ സി.ബി. സി.ഐ.യിൽനിന്നും ഇടപെടൽ വന്നു എന്നാണ് പിൽകാലത്ത് പിതാവ് എന്നോട് പറഞ്ഞത്. എന്ത് ഉൾകാഴ്ചയാണ് എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചുപോയിട്ടുണ്ട്. 2015-ലെ ഒറീസാ സന്ദർശനം ഇന്നെന്നപോലെ എന്റെ മനസിൽ നിറഞ്ഞു നിൽക്കുന്നു. തുടർന്നു വന്ന മിഷൻ മീറ്റുകൾ, പ്രീസ്റ്റ് മീറ്റുകൾ, തുടർ പരിശീലനങ്ങൾ, മിഷൻ-മാന്യുവൽ ഉണ്ടാക്കുന്ന പ്രക്രിയ എന്നിവയിൽ എല്ലാം പിതാവ് എന്നെ ഉൾചേർത്തിരുന്നു എന്നത് ഞാൻ നന്ദിയോടെ ഓർക്കുന്നു. 2021 ഫെബ്രുവരിയിൽ ഞാൻ പഞ്ചാബ്, രാജസ്ഥാൻ സന്ദർശനം കഴിഞ്ഞ് വന്നപ്പോൾ ഡൽഹിയിൽവെച്ച് പിതാവിനെ കാണുകയുണ്ടായി. എന്റെ ഒരു റഗുലർ പ്രാക്ടീസ് ആയിരുന്നു അത്. മിഷന്റെ ഫീഡ്ബാക്ക് കൊടുക്കുക എന്നുള്ളത്. അന്ന് എന്നോട് ആവശ്യപ്പെട്ടത് ഞാൻ എടുക്കുന്ന ക്ലാസുകളുടെ എല്ലാ നോട്ടുകളും ഒരു പുസ്തകരൂപത്തിൽ ആക്കി പിതാവിന് കൊടുക്കണമെന്നായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു ഒരു ബുക്ക് എഴുതുവാൻ ഞാൻ യോഗ്യനല്ല. അപ്പോൾ പിതാവ് എന്നോട് പറഞ്ഞു: യോഗ്യത നിശ്ചയിക്കുന്നത് കർത്താവാണ്. പിന്നെ ഏപ്രിൽ 6 മുതൽ 10 വരെയുള്ള തീയതികളിൽ ഞങ്ങൾ ഒന്നിച്ചായിരുന്നു. ബത്തേരിയിലെയും പുത്തൂരിലെയും തിരുപട്ട ശുശ്രൂഷയ്ക്കായി ഫാ. ജോളി കരിമ്പിലും ശ്രീ. റെനിയും ചേർന്നുള്ള യാത്ര ജീവിതത്തിൽ മറക്കാൻ കഴിയില്ല. അപ്പോഴും എന്നോട് പുസ്തകത്തെകുറിച്ച് ഓർമ്മപ്പെടുത്തുകയുണ്ടായി. എന്നെ അറിയുന്ന എന്റെ പിതാവ് സ്വർഗത്തിലിരുന്ന് നമുക്ക് ഓരോരുത്തർക്കും സുവിശേഷസംഘത്തിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ആവശ്യമായതെല്ലാം തമ്പുരാനിൽനിന്നും വാങ്ങിത്തരും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. നമ്മെ അറിയുന്ന, നമ്മൾ അറിയുന്ന ഒരു വിശുദ്ധൻ നമുക്ക് സ്വർഗത്തിൽ ഉണ്ട് എന്ന് നമുക്ക് വിശ്വസിക്കാം, പ്രാർത്ഥിക്കാം. വളരെ വേദനയോടെ, സന്തോഷത്തോടെ, ഈ ഓർമ്മകുറിപ്പ് ഉപസംഹരിക്കുന്നു. ദൈവം പിതാവിന്റെ ആത്മാവിനെ അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ പാർപ്പിക്കട്ടെ.

## സുവിശേഷസംഘാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയയ്ക്കേണ്ട ബാങ്ക് അക്കൗണ്ട് നമ്പർ താഴെകൊടുത്തിരിക്കുന്നു**

**Suvishesha Sangam**
**CSB Bank**
**A/C No : 0298-04112633-190001**
**Pattom Branch, Trivandrum**

**IFSC : CSBK0000298**

**Contact : Fr. Antony Kakkanatt**
**9447562877**

www.malankaralibrary.com

www.malankaralibrary.com



# സുവിശേഷ അഗ്നിയും പ്രേഷിത തീഷ്ണതയുമുള്ള ശ്രേഷ്ഠാചാര്യൻ

**എൻ.സി. ഫിലിപ്പ് നടുവിലേടം**
സുവിശേഷസംഘം, ഗുഡ്ഗാവ് ഭദ്രാസനം

ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ! ആറു പതിറ്റാണ്ടികാലം സഭയോടും സമൂഹത്തോടും ഉൾച്ചേർന്ന് ധന്യതയാർന്ന ഇഹലോക ജീവിതത്തിൽ നാനാജാതി മതസ്ഥരായ അനേകായിരം മനുഷ്യർക്ക് ക്രിസ്തുവിന്റെ സ്നേഹവും, സുവിശേഷത്തിന്റെ ചൈതന്യവും പ്രേഷിത തീഷ്ണതയും പകർന്നു നൽകി, തന്റെ 61-ാം വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞ് കർത്തൃ സന്നിധിയിലേക്ക് വാങ്ങിപ്പോയ മനുഷ്യസ്നേഹിയും ശ്രേഷ്ഠ പുരോഹിതനുമായ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്ത തിരുമേനിക്ക് അജഗണങ്ങളുടെ കണ്ണീരിൽ കുതിർന്ന പ്രണാമം!

പിതാവ് തന്റെ ജീവിതത്തിന്റെ ശൈശവദിശയായ ആദ്യത്തെ 5 വർഷം ദൈവഭക്തനും സ്നേഹ നിധികളുമായ മാതാപിതാക്കന്മാരുടെയും കുടുംബാംഗങ്ങളുടെയും പരിലാളനയിൽ വളർന്നു. തുടർന്ന് ബാല്യ-കൗമാര കാലത്തെ 10 വർഷം കലാലയത്തിലൂടെയും ദൈവാലയത്തിലൂടെയും ലഭിച്ച നല്ല സുഹൃദ് ബന്ധങ്ങളും ഗുരുഭൂതന്മാരുടെ ശിക്ഷണവും സ്വീകരിച്ച് പിന്നീടുള്ള യൗവ്വനത്തിലെ 10 വർഷക്കാലം വൈദിക പരിശീലനത്തിലൂടെയും പ്രാർത്ഥനയിലൂടെയും പക്വത പ്രാപിച്ച് - പൗരോഹിത്യം സ്വീകരിച്ച് പിന്നീടുള്ള 35 വർഷത്തെ ശ്രേഷ്ഠമായ അജപാലന ശുശ്രൂഷയിൽ 20 വർഷം സഭയ്ക്കും സമൂഹത്തിനും അഭിമാനകരമായ ആചാര്യ ശുശ്രൂഷയും തുടർന്ന് വന്ന 15 വർഷക്കാലത്തോളം അനുഗ്രഹീതമായ ശ്രേഷ്ഠാചാര്യ ശുശ്രൂഷയും സ്തുത്യർഹമായി നിർവഹിച്ച്, സമയത്തിനുമുമ്പേ ദൈവസന്നിധിയിലേക്ക് വിളിച്ച് ചേർക്കപ്പെട്ട ഒരു പുണ്യപിതാവിനെയാണ് അഭിവന്ദ്യ “ജേക്കബ് മാർ ബർണബാസ്” എന്ന വ്യക്തിത്വത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

ഈ വന്ദ്യ പിതാവിന്റെ മെത്രാഭിഷേകദിനം (10-03-2007) മുതൽ തന്റെ ജീവിതത്തിന്റെ അവസാന നിമിഷംവരെ (26-08-2021) ഏകദേശം 15 വർഷകാലത്തോളം പിതാവിനെയും പിതാവിന്റെ ശുശ്രൂഷകളേയും അടുത്തറിയാനും മനസ്സിലാക്കാനും, പിതാവിനോട് ചേർന്നുനിന്ന് എളിയ ശുശ്രൂഷകളിൽ പങ്കാളിയാകാനും ലഭിച്ച ഭാഗ്യത്തേയും ദൈവകൃപയേയും ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

2007 മാർച്ച് മാസം 22-ാം തീയതിയാണ് അഭിവന്ദ്യ ബർണബാസ് പിതാവ് ബാഹ്യകേരള മലങ്കര കത്തോലിക്കാ സഭാ സമൂഹത്തിന്റെ അപ്പസ്തോലിക വിസിറ്റേറ്റർ ആയി ന്യൂഡൽഹി ആസ്ഥാനമാക്കി തന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷകൾക്ക് തുടക്കം കുറിക്കുന്നത്. 1997 മുതൽ 2007 വരെയുള്ള ഒരു പതിറ്റാണ്ട് കാലയളവിൽ MCC-ETRI യുടെ “ബാഹ്യകേരള കോർഡിനേറ്റർ” എന്ന നിലയിൽ ചിതറികടന്ന സഭാമക്കളെ ഒത്തൊരുമിപ്പിക്കുവാനും സഭാത്മക സംവിധാനങ്ങൾക്ക് അടിത്തറ പാകാനുമുള്ള ഒരു വലിയ പരിശ്രമമായിരുന്ന വന്ദ്യ ജോൺ ബർക്കുമൻസ് ഒ.ഐ.സി. അച്ചൻ ചെയ്തുപോന്നിരുന്നത്. ആ ശുശ്രൂഷകളുടെ തുടർച്ചയായും അതിന് ആക്കം കൂട്ടാനും സഭയുടെ അടിത്തറ ശക്തമാക്കാനും സഭയുടെ കെട്ടുപണിയിൽ കാര്യമായ പുരോഗതിയുണ്ടാക്കാനുമായിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ശുശ്രൂഷയും പരിശ്രമവും. അത് ഫലദായകമാക്കുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്ന 2015-ൽ രൂപീകൃതമായ ഗുഡ്ഗാവ് രൂപതയും, കഡ്കി-പൂന രൂപതയും.

ബാഹ്യകേരള മലങ്കര സഭ വിഭജിക്കപ്പെട്ട് 2015-ൽ രണ്ട് രൂപതയായി രൂപപ്പെട്ടപ്പോൾ, 6 സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന എന്നാൽ സഭാമക്കളുടെ എണ്ണം കൊണ്ടും മറ്റ് വിവിധ വിഭവശേഷികൊണ്ടും കൂടുതൽ സമ്പന്നമായ കഡ്മി-പൂന രൂപതയുടെ സാരഥിയായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് നിയോഗിക്കപ്പെട്ടു. അതുപോലെ 22 സംസ്ഥാനങ്ങളും ദേശീയ സംസ്ഥാന നഗരിയും ഉൾപ്പെടുന്ന ഭൂപ്രകൃതിയിൽ ഏറ്റവും കൂടുതൽ വലിപ്പമുള്ളതും സഭാമക്കളുടെ എണ്ണത്തിലും മറ്റ് വിഭവശേഷിയും കുറവുള്ളതുമായ ഗുഡ്ഗാവ്-ഡൽഹി ഭദ്രാസനത്തിന്റെ സാരഥ്യം അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനെ സഭ ഏൽപ്പിക്കുകയും ചെയ്തു.

ഒന്നുമില്ലാത്തവനായി ആഗോള കത്തോലിക്കാ സഭയിലേക്ക് കാലെടുത്തുവെച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മലങ്കര സഭാ നൗകയെ ഒട്ടനവധി പ്രതിസന്ധികളിലൂടെ ലക്ഷ്യസ്ഥാനത്തേക്ക് തുഴഞ്ഞ് മുന്നേറിയപോലെ ദൈവപരിപാലനയിൽ പൂർണ്ണമായി വിശ്വസിച്ച് ദൈവാശ്രയബോധം മാത്രം കൈമുതലാക്കി അഭിവന്ദ്യ ബർണബാസ് പിതാവ് ഗുഡ്ഗാവ് മിഷൻ രൂപതയുടെ സാരഥ്യം സന്തോഷത്തോടെ സ്വീകരിച്ച് ലക്ഷ്യ സ്ഥാനത്തേക്ക് രൂപതയെ സധൈര്യം മുന്നോട്ടു ഉന്നതിയിലേക്ക് നയിച്ചു.

തിരുസഭയുടെ എല്ലാ അപ്പസ്തോലിക ശുശ്രൂഷകളെക്കുറിച്ചും പൂർണ്ണ ബോധ്യവും കരുതലും ഉണ്ടായിരുന്നെങ്കിലും ഭാരത സുവിശേഷവൽക്കരണവും, അതിന് ആക്കം കൂട്ടാനുള്ള പ്രേഷിത പ്രവർത്തനവും അതിനുതകുന്ന വിഭവസമാഹരണവുമായിരുന്നു വന്ദ്യ പിതാവിന്റെ ജീവിതത്തിലെ മുൻഗണനാ പ്രാധാന്യ മുള്ള വിഷയങ്ങളും വെല്ലുവിളികളും. ഒട്ടനവധി പ്രതിസന്ധികളിലൂടെയും പരിമിതികളിലൂടെയും വെല്ലുവിളികളിലൂടെയും സാമ്പത്തിക പരാധീനതകളിലൂടെയും കടന്നു പോകുമ്പോഴും ഗുഡ്ഗാവ് മിഷൻ രൂപതയുടെ കെട്ടുപണിയിൽ വളർച്ചയിൽ അതിശയകരമായ മുന്നേറ്റങ്ങൾ നടത്തുവാൻ അഭിവന്ദ്യ ബർണബാസ് പിതാവിന് സാധിച്ചിട്ടുണ്ട്. “എന്റെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും” (ഫിലി.4:13).

ഒട്ടനവധി പ്രദേശിക ഭാഷകൾ, സംസ്ക്കാരങ്ങൾ പ്രതികൂല സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന 22 സംസ്ഥാനങ്ങളിലെ മിഷൻ പ്രവർത്തനങ്ങൾ എത്ര ശ്രമകരമാണ് എന്ന് നമുക്ക് ഊഹിക്കാം. ഇതിനെയെല്ലാം അതിജീവിച്ചാണ് വന്ദ്യ പിതാവ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളെ മുമ്പോട്ട് നയിച്ചിരുന്നത്. ഭാഷാ പരിജ്ഞാനമുള്ള, സേവന സന്നദ്ധതയുള്ള, ആവശ്യത്തിന് പരിശീലനം ലഭിച്ച വൈദീക-സന്യസ്ത-അൽമായ പ്രേഷിതരുടെ കുറവ് എപ്പോഴും ഒരു വെല്ലുവിളിയായി തുടർന്നിരുന്നു. എന്നാൽ സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയായിരുന്നു പിതാവിന്റേത്. വിൾക്കുന്നവന് അപ്പമായും വിദ്യാഭ്യാസമില്ലാത്തവർക്ക് അറിവ് പകർന്നും, അശരണർക്കും ആലംബമായും അനേകർക്ക് ആശ്വാസത്തിന്റെ-പ്രത്യാശയുടെ, സുവിശേഷത്തിന്റെ ചൈതന്യമായി മനുഷ്യ സ്നേഹത്തിന്റെ ആൾരൂപമായി മാറി വന്ദ്യ ബർണബാസ് പിതാവ്.

23 സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ഗുഡ്ഗാവ് രൂപതയിൽ കഴിഞ്ഞ 6 വർഷം കൊണ്ട് 15 സംസ്ഥാനങ്ങളിലേക്ക് (ഡൽഹി, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, ഛത്തീസ്ഗഡ്, മദ്ധ്യപ്രദേശ്, ഗുജറാത്ത്, ഒഡീഷ, ജാർഖണ്ഡ്, ബീഹാർ, വെസ്റ്റ് ബംഗ്ലാൾ, ആസാം, തൃപുര, അരുണാചൽപ്രദേശ്) മലങ്കര കത്തോലിക്കാസഭയുടെ ശുശ്രൂഷകളും മിഷൻ പ്രവർത്തനങ്ങളും ഭാഗീകമായെങ്കിലും വ്യാപിപ്പിക്കാൻ കഴിഞ്ഞു എന്നത് അഭിവന്ദ്യ ബർണബാസ് പിതാവിന്റെ സുവിശേഷ-അഗ്നിയും, മിഷൻ തീഷ്ണതയും, ദൈവപരിപാലനയിൽ ആശ്രയിച്ചുള്ള ധീരമായ കാൽവെപ്പുകളുമാണ്. “തീഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ” (റോമ.12:11) എന്ന തിരുവചനം വന്ദ്യ പിതാവിൽ നിറവേറുന്നു. വളരെയേറെ പരിമിതകളിലൂടെ സഭാ ശുശ്രൂഷ ചെയ്യുന്ന മിഷൻ മേഖലയിലെ വൈദികരേയും അൽമായ പ്രേഷിതരേയും, മിഷനറിമാരേയും, സന്യസ്തരേയും പിതാവ് ഏറെ സ്നേഹിച്ചിരുന്നു. മിഷൻ സമൂഹത്തെ തന്റെ ഹൃദയത്തോട് ചേർത്തു വെച്ചിരുന്നു. പാവങ്ങളോട് പക്ഷം ചേർന്നു സുവിശേഷത്തിന്റെ സന്തോഷവും ദൈവസ്നേഹവും, കരുണയുടെ കരുതലും കൊടുക്കുന്നതിൽ പിതാവ് ഏറെ ഉൽസുകനായിരുന്നു.

കഴിഞ്ഞ 15 വർഷത്തോളം സഭയ്ക്കും സമൂഹത്തിനും നേതൃത്വം കൊടുത്തുപോന്ന തന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ അൽമായരെ സഭയുടെ കരുത്തായി കാണുകയും, അവരെ ചേർത്തു നിർത്താനും പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വൈദികരേയും സന്യസ്തരേയും യുവജനങ്ങളേയും തന്റെ ശുശ്രൂഷയോട് ചേർത്തു നിർത്താൻ പരിശ്രമിക്കുകയും അതിന് അവരെ പ്രബോധിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിരുന്നു.

അഭിവന്ദ്യ ബർണബാസ് പിതാവിന് ആരെക്കുറിച്ചും പരിഭവമോ, പരാതിയോ, കുറ്റപ്പെടുത്തലുകളോ ഇല്ലായിരുന്നു. എന്നാൽ തന്റെ മനസ്സിൽ നമ്മുടെ സഭയെ കുറിച്ച്, സമൂഹത്തെക്കുറിച്ച് സങ്കടങ്ങൾ ഏറെയുണ്ടായിരുന്നു. പ്രത്യേകിച്ചും വ്യക്തികളിലും, കുടുംബങ്ങളിലും, ഇടവകകളിലും, സമൂഹത്തിലും സഭയുടെ എല്ലാ സംവിധാനങ്ങളിലും - പൊതുവെ സുവിശേഷ പ്രഘോഷണത്തിൽ, പ്രേഷിത പ്രവർത്തന ശുശ്രൂഷകളിലും കണ്ടുവരുന്ന മാന്ദ്യതയും ആലസ്യവും പിതാവിനെ ഒത്തിരി വേദനിപ്പിച്ചിരുന്നു. ഇതിന് ഒരുപരിഹാരമെന്നോണമാണ് സഭയായി ചിന്തിച്ച് 2012-ൽ പിതാവ് തന്നെ നേതൃത്വം നൽകി രൂപീകരിച്ച ‘സുവിശേഷസംഘം’’ മലങ്കര സഭയുടെ ഈ ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കാൻ ഉതകുന്ന രീതിയിൽ പരിശീലിപ്പിക്കപ്പെടുകയും, പ്രയത്നിക്കുകയും ചെയ്യുന്ന ഒരു “കർമ്മസേന’യായി മാറണം എന്ന് പിതാവ് ആഗ്രഹിച്ചിരുന്നു. ഈ സുവിശേഷസംഘം രൂപീകരണത്തിലൂടെ മലങ്കര സഭയ്ക്ക് ഒരു പുതിയ ആത്മീയ ചൈതന്യവും ഉണർവ്വും ലഭിക്കാൻ തുടങ്ങിയെന്നതിൽ തർക്കമില്ല. എന്നാൽ സഭ വിഭാവനംചെയ്ത ലക്ഷ്യപ്രാപ്തിയിലെത്താൻ ഇനിയും ഏറെ പ്രായോഗിക മുന്നേറ്റങ്ങൾ നടത്തേണ്ടതുണ്ട്.

പുനരൈക്യത്തിന്റെ ശദാബ്ദി ആഘോഷിക്കാൻ ഒരുങ്ങുന്ന 2030 നും ഉത്ഥിതനായ ക്രിസ്തുനാഥന്റെ മഹാജൂബിലി വർഷമായ 2033-ഉം ആകുമ്പോഴേക്കും കേരളത്തിനു പുറമേയുള്ള നമ്മുടെ മിഷൻ രൂപതകൾ സുവിശേഷ പ്രഘോഷണത്തിലൂടെയും മിഷൻ രൂപതകൾ സുവിശേഷ പ്രഘോഷണത്തിലൂടെയും മിഷൻ പ്രവർത്തനത്തിലൂടെയും മുന്നേറി അനേകം പുതിയ രൂപതകൾക്ക് ജന്മംനൽകി മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട “ഭാരത സുവിശേഷീകരണം” അതിന്റെ പൂർണ്ണതയിൽ സാഫല്യമാകണം എന്നതായിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ആഗ്രഹവും പ്രാർത്ഥനയും പരിശ്രമവും. അതിന് മലങ്കര സഭയിലെ അഭിവന്ദ്യരായ എല്ലാ പിതാക്കന്മാരും, വൈദീകരും, സന്യസ്തരും, അൽമായരും സഭാസംവിധാനങ്ങളും കൈകോർത്ത് - ഒരു കുടുംബമായി, ഒരു കൂട്ടായ്മയായി അക്ഷീണം പരിശ്രമിക്കണം, തങ്ങളുടെ കഴിവുകളും, സമ്പത്തും, സാദ്ധ്യതകളും വിനിയോഗിക്കണം എന്നതായിരുന്നു വന്ദ്യ പിതാവിന്റെ ആഗ്രഹം.

ഈ ആഗ്രഹവും, പ്രാർത്ഥനയും, പരിശ്രമങ്ങളും, മലങ്കര സഭയുടെ പുതുതലമുറയിലൂടെ സാധിതമാകുവാൻ അതിനു വേണ്ട സുവിശേഷത്തിന്റെ അഗ്നിയും, പ്രേഷിത ചൈതന്യത്തിന്റെ തീഷ്ണതയും ലഭിക്കുവാനായി ദൈവസന്നിധിയിൽ മാർ ഈവാനിയോസ് പിതാവിനോടൊപ്പം എത്തിച്ചേർന്ന അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് സ്വർഗ്ഗത്തിലിരുന്ന് മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കട്ടെ. അനുഗ്രഹം വർഷിക്കട്ടെ. ആ പുണ്യപിതാക്കന്മാരുടെ സ്നേഹസ്മരണകൾക്കുമുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ.




www.malankaralibrary.com

www.malankaralibrary.com





# സാക്ഷ്യജീവിതത്തിന്റെ ഋഷിവര്യൻ

**രഞ്ജിതാ രാജു**
സഭാതല സുവിശേഷ സംഘം,
തിരുവനന്തപുരം മേജർ അതി ഭദ്രാസനം

“നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധംമൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസോടെ ആയിരിക്കണം. തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തികൊണ്ട് ആയിരിക്കരുത്. സന്മാതൃക നൽകികൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും.” (1 പത്രോസ് 5:2-5). ഈ തിരുവചനം അന്വർത്ഥമായ ജീവിതമാണ് അഭിവന്ദ്യ ബർണബാസ് പിതാവിന്റേത്. ദൈവത്തോടുള്ള വിശ്വസ്ഥതയും ദൈവജനത്തോടുള്ള കരുണയുമാണ് പ്രധാനാചാര്യനായ ക്രിസ്തുവിൽ നാം കാണുന്നത്. ഈ രണ്ടു ഗുണങ്ങളും പിതാവിന്റെ ജീവിതത്തിലും മുഖമുദ്രയായിരുന്നു എന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്ന വസ്തുതയാണ്. മറ്റൊരു ക്രിസ്തുവായി രൂപപ്പെടാനുള്ള അമിതമായ ആഗ്രഹം പിതാവിന്റെ ജീവിതത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കി. പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകൾ ഈ അവസരത്തിൽ ഞാൻ ഓർത്തുപോവുകയാണ്. “സഭയിൽ ഒരു പെന്തക്കുസ്താ ആവശ്യമാണ്. അതുകൊണ്ട് എല്ലാവരുടെയും ഹൃദയത്തിൽ അഗ്നി, ചുണ്ടുകളിൽ വചനം, നോട്ടത്തിൽ പ്രവചനം, ഇവ ഉണ്ടാകണം.” ഈ മൂന്ന് ഗുണങ്ങളും തന്റെ മക്കളിൽ ഉണ്ടാകണമെന്ന് ആഗ്രഹിച്ച വ്യക്തിയാണ് ബർണബാസ് പിതാവ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലും സുവിശേഷത്തിന്റെ ദീപശിഖ എത്തിക്കാൻ സാധിച്ചതിനാലാണ് മലങ്കരയുടെ മിഷനറി പിതാവ് എന്ന് ബർണബാസ് പിതാവ് അറിയപ്പെട്ടത്.

**ബർണബാസ് പിതാവ് എന്റെ അനുഭവത്തിൽ:**

മലങ്കര കത്തോലിക്കാ സുവിശേഷ സംഘം രണ്ടാം ബാച്ചിൽ യുവജനങ്ങളുടെ പ്രതിനിധിയായി ഞാൻ എത്തുമ്പോൾ മുതലാണ് ബർണബാസ് പിതാവിനെ വ്യക്തിപരമായി എനിക്ക് അറിയാവുന്നത്. ഒരിക്കലും പഞ്ഞുതീർക്കാനോ എഴുതി തീർക്കാനോ കഴിയുന്നതല്ല ബർണബാസ് പിതാവിന്റെ ജീവിതവും ജീവിത ദർശനങ്ങളും. തന്റെ ജീവിതംമുഴുവൻ മലങ്കര സഭയ്ക്കും സുവിശേഷവത്കരണത്തിനുംവേണ്ടിയാണ് പിതാവ് മാറ്റിവച്ചത്. എന്റെ വ്യക്തിജീവിതത്തിൽ വളരെയേറെ സ്വാധീനംചെയ്ലുത്തിയ വ്യക്തിയാണ് ബർണബാസ് പിതാവ്. തീക്ഷ്ണതയുള്ള കണ്ണുകളും താപസന്റെ രൂപവും ദൃഢമായ വാക്കുകളും ലാളിത്യമുള്ള സ്വഭാവവും എല്ലാവരും ദൈവസൃഷ്ടിയാണെന്നുള്ള വിശാലബോധ്യവും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പിതാവിനെ സ്വീകാര്യനാക്കി. രണ്ടാം ബാച്ചിന്റെ എല്ലാ പരിശീലന ക്ലാസുകളിലും പിതാവ് സന്നിഹിതനായിരുന്നു. എല്ലാവരോടും വിശേഷങ്ങൾ ചോദിച്ച്, എല്ലാവരുടേയും കൂടെ ഭക്ഷിച്ച്, ഞങ്ങളിൽ ഒരാളായി മാറാൻ പിതാവ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. സുവിശേഷസംഘത്തിന്റെ പരിശീലന ക്ലാസുകളിലേക്ക് ഓരോ തവണ കടന്നുവരുമ്പോഴും സ്വന്തം കുടുംബത്തിലേക്ക് മടങ്ങിവരുന്നു എന്ന തോന്നൽ ജനിപ്പിച്ചത് പിതാവിന്റെ സാന്നിധ്യമായിരുന്നു. യുവജനങ്ങലുടെ ഇടയിലെ സുവിശേഷവത്കരണത്തെകുറിച്ച് എന്നോട് വ്യക്തിപരമായി എപ്പോഴും സംസാരിച്ചുകൊണ്ടിരുന്ന പിതാവ് എന്റെ സ്വന്തം അപ്പനെപോലെ എന്റെ ആത്മീകവും ഭൗതീകവുമായ കാര്യങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ എന്നെ സഹായിച്ചു. ഭക്ഷണമേശയിൽ ഒരുമിച്ചായിരിക്കുമ്പോൾ മിഷൻ മേഖലകളെകുറിച്ചും പിതാവിന്റെ പുതിയ മിഷൻ യാത്രകളെകുറിച്ചും മിഷൻ പ്രവർത്തനത്തിന്റെ മേന്മകളെകുറിച്ചും എപ്പോഴും പറഞ്ഞുകൊണ്ടേയിരുന്നു. ജീവിതത്തിന്റെ ഒരു വർഷമെങ്കിലും മിഷനുവേണ്ടി മാറ്റിവയ്ക്കണമെന്ന് പിതാവ് എന്നോട് പറഞ്ഞിട്ടുണ്ട്. സുവിശേഷസംഘത്തിന്റെ ക്ലാസുകളിൽ ഊർജസ്വലതയോടെ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചും പുനരൈക്യത്തെകുറിച്ചും സുവിശേഷവത്കരണത്തെകുറിച്ചും പിതാവ് പറഞ്ഞുകൊണ്ടേയിരുന്നു. പിതാവിന്റെ വാക്കുകൾ കേൾക്കുന്നവരിൽ ദൈവീക ഊർജം അറിയാതെ നിറയും. കാരണം സ്വന്തം ജീവിതത്തിൽ താൻ അനുഭവിച്ചതും കണ്ടുമുട്ടിയതുമായ ക്രിസ്തുവിനെയാണ് പിതാവ് മറ്റുള്ളവരുടെമുമ്പിൽ പ്രസംഗിച്ചത്. മണിക്കൂറുകളോടളം പരിശുദ്ധ അൾത്താരയ്ക്കുമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന പിതാവിനെ ഞാൻ കണ്ടിട്ടുണ്ട്. പിതാവിന്റെ വാക്കുകളിലെ തീക്ഷ്ണയ്ക്കു കാരണം പ്രാർത്ഥനാജീവിതം തന്നെയായിരുന്നു. പദയാത്രയിൽ മിഷൻ മേഖലകളിലുള്ള മക്കളെ പങ്കെടുപ്പിച്ച് അവരോടൊപ്പം പ്രാർത്ഥനാമന്ത്രങ്ങളുമായി നടക്കുന്ന പിതാവിനെ കാണുമ്പോൾ അഭിമാനം തോന്നിയിട്ടുണ്ട്. പദയാത്രയിൽ കൂടെവന്ന മക്കളെ വാത്സല്യത്തോടെ കരുതുന്ന പിതാവിനെ ഞാൻ അത്ഭുതത്തോടെ നോക്കിയിട്ടുണ്ട്. ഒരു പിതാവിന് സാധാരണ മനുഷ്യരോട് ഇത്രയധികം അടുപ്പത്തോടെ പെരുമാറാൻ സാധിക്കുമെന്ന് തെളിയിച്ച വ്യക്തിത്വമാണ് തിരുമേനിയുടേത്. തന്റെ ജീവിതംമുഴുവനും മരണംവരെയും മലങ്കര സഭയ്ക്കും മിഷൻ പ്രവർത്തനത്തിനുവേണ്ടി മാറ്റിവച്ച താപസശ്രേഷ്ഠനാണ് ബർണബാസ് പിതാവ്. അവസാന നാളുകളിൽ സഹനത്തിന്റെ കനൽ വഴികളിലൂടെ കടന്നുപോയെങ്കിലും പിതാവിന്റെ വാക്കുകളിൽ പ്രത്യാശ മങ്ങിയിട്ടില്ല. എപ്പോഴും രക്തസാക്ഷിയാകാൻ ഞാൻ സന്നദ്ധനാണ്. തലപോയാലും പോകട്ടെ എന്ന് തന്റെ എല്ലാ പ്രസംഗങ്ങളിലും പറയാറുള്ള പിതാവ് മരണത്തിന് എപ്പോഴും ഒരുക്കമുള്ളവനായിരുന്നു. തന്റെ നിത്യസമ്മാനത്തെ നോക്കിപാർത്തിരുന്ന ആചാര്യശ്രേഷ്ഠനായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ഞാൻ കണ്ടിട്ടില്ല. പക്ഷേ എന്റെ പഠനങ്ങളിൽ എന്റെ വായനകളിൽ ബർണബാസ് പിതാവ് മറ്റൊരു മാർ ഈവാനിയോസ് പിതാവായി എനിക്ക് തോന്നിയിരുന്നു. എന്റെ വ്യക്തിജീവിതത്തിൽ ഒരിക്കലും അസ്തമിക്കാത്ത സൂര്യപ്രഭയായി, കാവലായി, കരുതലായി, പ്രാർത്ഥനാസഹായമായി, പിതാവ് എന്നുമുണ്ടാകുമെന്ന് ഞാൻ വിശ്വാസിക്കുന്നു. ഇനിയും അനേകം അനുഭവങ്ങൾ പങ്കുവയ്ക്കുവാനുണ്ട്. എഴുതി തീർക്കാൻ കഴിയുന്നില്ല. ഒരു കാര്യം മാത്രം പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു. വാക്കുകളിലും വർണനകളിലും ഒരിക്കലും രചിച്ചുതീർക്കാൻ പറ്റാത്ത ചരിത്രത്തിന്റെ ഉടമയായ പിതാവ് ഒരിക്കലും മരിക്കുന്നില്ല. പുണ്യവാന്മാരുടെ ജീവിതം മരണത്തിൽ അവസാനിക്കുന്നില്ല. അതിനാൽതന്നെ ബർണബാസ് പിതാവ് ജീവിക്കുന്നു. നമ്മിലൂടെ... പുതുതലമുറയുടെ ജീവിതത്തിലൂടെ...

# എന്റെ ഓർമകളിലെ ജേക്കബ് മാർ ബർണബാസ് പിതാവ്

**ജയാ ഷാജി**
സഭാതല സുവിശേഷസംഘം, ബത്തേരി ഭദ്രാസനം



നമ്മുടെ അഭിവന്ദ്യ ബർണബാസ് പിതാവിനെ അനുസ്മരിക്കുമ്പോൾ ഒത്തിരി നല്ല ഓർമകളാണ് മനസിൽ നിറഞ്ഞുനിൽക്കുന്നത്. പിതാവ് ഞങ്ങളുടെ സുവിശേഷ ചൈതന്യത്തിന്റെ ഫോർമേഷൻ ക്ലാസുകളിൽ പറഞ്ഞ ഓരോ വാക്കുകളും ഇന്നും മായാതെ മനസിൽ തങ്ങിനിൽക്കുന്നു. പിതാവിന് എപ്പോഴും പറയാനുണ്ടായിരുന്നത് മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചായിരുന്നു. പിതാവിന്റെ മനസിൽ യേശുവിനെ അറിയാത്തവരെകുറിച്ചുള്ള വേദന നിറഞ്ഞുനിൽക്കുന്നതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. യേശുനാഥൻ തന്റെ ശിഷ്യർക്ക് നൽകിയ കല്പനകളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു “നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക” എന്നത്. ഈ കല്പന ബർണബാസ് പിതാവ് തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കിയിട്ടാണ് നമ്മളോട് പറഞ്ഞുതന്നിരുന്നത്. പിതാവ് പഞ്ചാബ് മിഷനുകളിലൊക്കെ പോയ അനുഭവകഥകൾ വിവരിക്കുമ്പോൾ എനിക്ക് തോന്നിയിട്ടുണ്ട് ഒരു പിതാവ് ഇങ്ങനെയൊക്കെ ചെയ്യുമോ എന്ന് പിതാവ് പലപ്പോഴും വികാരാധീനനായി കഥകൾ പറയാറുണ്ട്. സാധാരണ ഒരു വ്യക്തിയെപ്പോലെ മിഷനുകളിലെ ഓരോ കുടിലുകൾ പോലെയുള്ള വീടുകളിൽ പോയി അവരുടെ വേദനകളും പ്രയാസങ്ങളും നേരിൽകണ്ട് മനസിലാക്കി അവർക്ക് ക്രിസ്തുവിന്റെ സ്നേഹം പങ്കുവച്ചുകൊടുത്ത അനുഭവം അനുസ്മരിക്കുന്നു. പിതാവ് ഒരിക്കൽ പറഞ്ഞത് ഞാൻ ചിന്തിച്ചുപോവുകയാണ്. യേശുനാഥനുവോണ്ടി സ്വന്തം ജീവിതം അർപ്പിച്ചുകൊണ്ട് നാഥനോടൊപ്പം നിൽക്കുകയും അവിടുത്തെ സുവിശേഷം മറ്റുള്ളവർക്ക് കൊടുക്കുകയും ചെയ്യാൻ ക്രിസ്തുനാഥൻ നാം ഓരോരുത്തരേയും വിളിക്കുന്നുണ്ട് എന്ന്. പിതാവിന്റെ ആ വാക്കുകൾ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കിയാണ് നമ്മുടെ ബർണബാസ് പിതാവ് സ്വർഗീയ ഭവനത്തിലേക്ക് യാത്രയായത്.

പിതാവ് എത്രയോ അനുഗ്രഹീതനാണ് എന്ന് ഞാൻ പലപ്പോഴും ഓർക്കാറുണ്ട്. നമ്മുടെ സഭയിൽ ഇത്രയും പ്രാർത്ഥന ലഭിച്ച വേറെ ആരുംതന്നെ കാണുകയില്ല. സഭയിലെ എല്ലാ മക്കളും ഓരോ കുർബാനയിലും യാമപ്രാർത്ഥനകളിലും പ്രത്യേകം പ്രാർത്ഥനാ കൂട്ടായ്മയിലും പിതാവിന്റെ രോഗസൗഖ്യത്തിനായി കണ്ണീരോടെ യേശുനാഥനോട് യാചിച്ചിട്ടുണ്ട്. സ്വർഗീയ പിതാവ് നമ്മൾ ഓരോരുത്തരെയും മാനസികമായി ഒരുക്കിയ നിമിഷങ്ങളായിരുന്നു അത്. പ്രത്യേകിച്ച് കൊറോണ എന്ന ഈ മഹാമാരിയുടെ കാലയളവിൽ പ്രാർത്ഥനയിൽ ഒരുമിക്കാൻ എല്ലാവർക്കും സാധിച്ചു. ബർണബാസ് പിതാവ് രോഗകിടക്കയിൽ ആയിരിക്കുമ്പോഴും മൗനമായി സുവിശേഷം പ്രഘോഷിക്കുകയായിരുന്നു. നമ്മുടെ സുവിശേഷസംഘത്തിന്റെ പ്രാർത്ഥനകളിൽ ദൈവത്തിന്റെ വചനം ഞങ്ങൾക്കുവേണ്ടി മുറിച്ചുവിളമ്പി നൽകിയ ബഹുമാനപ്പെട്ട പിതാക്കന്മാരും വൈദികരും സിസ്റ്റേഴ്സും അത്മായ സഹോദരങ്ങളെയും ബർണബാസ് പിതാവിന്റെ സ്വർഗീയ മദ്ധ്യസ്ഥതയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

പിതാവിന്റെ മിഷൻ തീക്ഷ്ണത കാണുമ്പോൾ എനിക്ക് മിഷനിൽ പോയി പ്രവർത്തിക്കണമെന്ന ആഗ്രഹം ഉണ്ടായിട്ടുണ്ട്. പിതാവിന്റെ ഉള്ളിൽ എന്നും പാവപ്പെട്ടവരോടും പ്രയാസപ്പെടുന്നവരോടുമുള്ള സ്നേഹം നിറഞ്ഞുനിൽക്കുന്നതായി തോന്നിയിട്ടുണ്ട്. എനിക്ക് മനസിൽ ഒരു സുവിശേഷസംഘമായിട്ടും നാം കടമ നിറവേറ്റാതെയാണ് ജീവിക്കുന്നത് എന്ന കുറ്റബോധം തോന്നിയ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ നമ്മുടെ ജീവിതത്തെ സ്പർശിക്കുവാൻ ബർണബാസ് പിതാവിന് പല സന്ദർഭങ്ങളിലും സാധിച്ചിട്ടുണ്ട്. നമ്മുടെ ബർണബാസ് പിതാവ് എല്ലാ സഭാമക്കളുടെ മനസിലും ഇന്നും ജീവിക്കുന്നുണ്ട്. പിതാവിന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ശിരസുനമിച്ചുകൊണ്ടും മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടും പ്രാർത്ഥനയോടെ



www.malankaralibrary.com

www.malankaralibrary.com





# സുവിശേഷ ശുശ്രൂഷവേണ്ടി എന്നെ ഒരുക്കിയ ബർണബാസ് പിതാവ്

**റോസമ്മ രാജൻ, മാങ്കാവിൽ**
സഭാതല സുവിശേഷസംഘം
പൂനെ-ഘഡ്കി ഭദ്രാസനം

ദൈവതിരുനാമത്തന് മഹത്വമുണ്ടായിരിക്കട്ടെ. അപ്രതീക്ഷിതമായി ദൈവസന്നിധിയിലേയ്ക്ക് വിളിക്കപ്പെട്ട അഭിവന്ദ്യ ബർണബാസ് തിരുമേനിക്ക് ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട്, പിതാവുമായുള്ള എന്റെ ചുരുങ്ങിയ കാലത്തെ മറക്കാനാകാത്ത ഓർമകൾ അനുസ്മരിക്കുമ്പോൾ ബോംബയിൽ ദൈവാലയങ്ങളോ മറ്റ് സംവിധാനങ്ങളോ ഇല്ലാതിരുന്ന കാലത്ത് പൂനെ ബഥനി ആശ്രമത്തിൽ നിന്ന് ബോറ്വിലിയിലെ ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ചാപ്പലിൽ ദിവ്യബലി അർപിക്കാനെത്തിയിരുന്ന വൈദികരിൽ ഒരാളായ ശാന്തനും, സുമുഖനും ആരെയും സ്നേഹവലയത്തിലാക്കുന്ന പുഞ്ചിരിയോടുകൂടിയവനുമായ ചാക്കോ ഏറത്ത് അച്ചനെയാണ് ആദ്യം ഓർക്കുക.

പിന്നീട് Extra teritorial region (ETRI) ന്റെ Apostolic Visitator ആയിവന്ന പിതാവിനോടൊപ്പം മാതൃസംഘത്തിന്റെ പ്രസിഡന്റായി രണ്ട് പ്രാവശ്യം പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു.

ശൈശവദശയിലായിരുന്ന ETRI സംവിധാനത്തിന് സാമ്പത്തികസഹായം നൽകാൻ ധാരാളം സഭാമക്കൾ തയ്യാറുണ്ടായിരുന്നു. എങ്കിലും അമ്മമാർ എന്തെങ്കിലും ചെയ്യണമല്ലോ എന്നു കരുതി ഒരാശയം പിതാവിനെക്കണ്ടപ്പോൾ ഞാൻ പറയുകയുണ്ടായി. അതായത് എല്ലാ ഇടവകകളിൽ നിന്നും സാമ്പത്തികശേഷിയുള്ള അമ്മമാർ മാസംതോറും 1000 രൂപാവീതം ഒരു Recurring Deposit ആയി തന്നാൽ 5 വർഷം ആകുമ്പോഴേക്കും തിരികെക്കൊടുക്കാമെന്നു ഞാൻ വിശദീകരിച്ചു. സാമ്പത്തിക പ്രതിസന്ധി നേരിടാൻ ഇതു സഹായകമാകും എന്നു കരുതിയ പിതാവ് അത് സമ്മതിക്കുകയും എന്നെ വിശ്വസിച്ച് അക്കാര്യം ഏൽപിക്കുകയും രേഖാമൂലം എല്ലാ വൈദികരെയും അറിയിക്കുകയും ചെയ്തു. പണം തിരികെ കിട്ടുമോ എന്ന ആശങ്കയുണ്ടാകാതിരിക്കാനായി ഞാൻ ബോംബെയിലെയും പൂനയിലെയും ഇടവകകൾ സന്ദർശിക്കുകയും മറ്റ് സംസ്ഥാനങ്ങളിലുള്ള അമ്മമാരെ ഫോൺ വിളിച്ച് അവരെ പ്രോത്സാഹിപ്പിക്കുയും ചെയ്തു. സന്മനസുള്ള അമ്മമാരുടെ സഹായത്തോടെ അങ്ങനെ ഒന്നര ലക്ഷം രൂപാവീതം എല്ലാ മാസവും പിതാവിനെ ഏൽപിച്ചു. 5 വർഷം കഴിഞ്ഞപ്പോൾ പിതാവ് ആ തുക എല്ലാവർക്കും തിരികെ നൽകി വാക്കു പാലിച്ച കാര്യം അഭിമാനത്തോടെ ഞാൻ ഓർക്കുന്നു.

2012 ൽ ആദ്യത്തെ സഭാ അസംബ്ലിക്കു ശേഷം ബാംഗ്ലൂരിൽ നിന്ന് എന്നെ വിളിച്ച് തിരുവന്തപുരം കാതോലിക്കേറ്റ് സെന്ററിൽ ഒരു മീറ്റിംഗിൽ സംബന്ധിക്കണമെന്നു ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ പങ്കെടുത്തു. സുവിശേഷസംഘം സഭാതലം ഒന്നാമത്തെ ബാച്ചിൽ അംഗമാകാനുള്ള ഭാഗ്യമാണ് അതുവഴി എനിക്കു നൽകപ്പെട്ടത്. സുവിശേഷസംഘം എന്റെ ആത്മീയ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി.

എന്റെ രണ്ട് കാൽമുട്ടുകളും ഓപ്പറേഷൻ ചെയ്യുന്നതിനു മുമ്പ് പിതാവിനോടു ഞാൻ പ്രാർഥനാ സഹായം ആവശ്യപ്പെട്ടിരുന്നു. ഓപ്പറേഷൻ ദിവസം എന്നെ തിയേറ്ററിൽ പ്രവേശിപ്പിച്ച ഉടനെ പിതാവിന്റെ ഫോൺ വന്നു. രണ്ടു കാൽ മുട്ടുകളും ഓപ്പറേഷൻ ചെയ്ത ഒരു സിസ്റ്റർ പിതാവിനോടൊപ്പം ഉണ്ടെന്നും ആ സിസ്റ്ററിന്റെ പ്രശ്നങ്ങൾ ഇപ്പോഴും മാറിയിട്ടില്ലെന്നും അതിനാൽ ഒന്നു കൂടി ആലോചിക്കണമെന്നും എന്നോടു പറഞ്ഞു. എനിക്ക് ഓപ്പറേഷൻ വേണ്ട എന്നു പറഞ്ഞ് പിന്മാറാൻ സാധിച്ചില്ല എങ്കിലും പിതാവിന് തന്റെ അജഗണത്തോടുള്ള പരിഗമന എന്റെ ബന്ധുജനങ്ങളെ അതിശയിപ്പിച്ചു. ഓപ്പറേഷനു ശേഷം വിശ്രമത്തിനായി കാനഡയിൽ മകളോടൊപ്പം ആയിരുന്നപ്പോൾ ഒരു ഫോൺ വന്നു. മാർ ഈവാനിയോസ് പിതാവിന്റെ canonisation-നു വേണ്ടി പിതാവ് മലയാളത്തിൽ എഴുതിയവ ഇംഗ്ലീഷിലേക്ക് തർജമ ചെയ്ത് സഹായിക്കാനായിരുന്നു അന്ന് വിളിച്ചത്. എനിക്ക് അതിനുള്ള കഴിവുണ്ടോ എന്ന് സംശയിച്ച് പിന്മാറാൻ ശ്രമിച്ചെങ്കിലും, 'പരിശുദ്ധാത്മാവ് സഹായിക്കും' എന്നു പറഞ്ഞ് പ്രോത്സാഹിപ്പിച്ചു. അങ്ങനെ കാനഡയിൽ വച്ച് ഇ-മെയിൽ വഴിയും കാതോലിക്കേറ്റിൽ ഒരു മാസം താമസിച്ച് നേരിട്ടും ആ പുണ്യ പ്രവർത്തിയിൽ പങ്കുചേരാൻ സാധിച്ചു. പിതാവിന്റെ സന്മനസ്സും എന്നിലുള്ള വിശ്വാസവും കാരണമാണ് ഇതു സാധിച്ചതെന്ന് ഞാൻ കരുതുന്നു.

സുവിശേഷസംഘത്തിന്റെ ക്ലാസുകളിൽ പിതാവ് സുവിശേഷസംഘാംഗങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി ബോധവത്ക്കരിക്കുകയും മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഇന്ത്യയിലെങ്ങും പോകുന്നതിന് എല്ലാവരും സന്നദ്ധരാകമണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. പിന്നീട് പിതാവ് ഒറീസായിലെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞപ്പോൾ എന്നിലും ഒരു തീപ്പൊരി ജ്വലിച്ചു. അങ്ങനെ പിതാവിന്റെയും അവിടെ മിഷൻ ചമുതല വഹിച്ചിരുന്ന ബഹു. വർഗീസ് വാലിക്കോടത്ത് അച്ചന്റെയും അനുവാദത്തോടെ ശ്രി. സണ്ണി പൗവ്വത്തിന്റെയും ശ്രീ. ജോജിയുടെയും കൂടെ ഒരാഴ്ച മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. ഒറീസാ മിഷനെപ്പറ്റി ഞാൻ ഒരു ലേഖനമെഴുതി പ്രസിദ്ധീകരിച്ചപ്പോൾ പിതാവ് അതിൽ സന്തോഷിക്കുകയും എന്നെ അഭിനന്ദിക്കുകയും ചെയ്തു. ഇത് എനിക്ക് പ്രചോദനമാകുകുയും പിന്നീട് ആസ്സാം, അരുണാചൽ പ്രദേശ്, ഛത്തീസ്ഘട്ട് എന്നീ മിഷൻ പ്രദേശങ്ങളും പൂന-കട്കി രൂപതയിലുള്ള ആന്ധ്രാപ്രദേശും കാമഗിരിയും സന്ദർശിക്കാൻ പ്രോത്സാഹനമാകുകയും ചെയ്തു. ഇതൊക്കെ സാധിച്ചത് സുവിശേഷപ്രഘോഷകയാകാനുള്ള ആഗ്രഹത്തിന്റെ വിത്ത് പിതാവ് എന്നിൽ പാകിയതുകൊണ്ടുമാത്രമാണ്. സുവിശേഷസംഘത്തിലൂടെ എനിക്കു ലഭിച്ച ആധ്യാത്മികതയെക്കുറിച്ച് ഞാൻ എഴുതി മാർ ഈവാനിയോസ് പിതാവിന് സമർപിച്ച് 88-ാം പുനരൈക്യ വാർഷികത്തിൽ പൂനയിൽ വച്ച് അഭിവന്ദ്യ അന്തോണിയോസ് പിതാവ് പ്രകാശനം ചെയ്ത ആധ്യാത്മികതയുടെ സാക്ഷ്യം എന്ന പുസ്തകത്തിന് അഭിവന്ദ്യ ബർണബാസ് പിതാവ് എഴുതിയ ആശംസയും സന്ദേശവും പിതാവിന്റെ ഓർമ എന്നും എന്നിൽ നിലനിർത്തും.

പിതാവിനെ ഞാൻ അവസാനമായി കാണുന്നത് 2018 ൽ കോട്ടയത്തു വച്ച് നടന്ന പുനരൈക്യ വാർഷികത്തിൽ വച്ചാണ്. അന്നും പറഞ്ഞത് പഞ്ചാബിലും ത്രിപുരയിലും പോകമണമെന്നും അവിടെ സിസ്റ്റേഴ്സ് ഉള്ളതുകൊണ്ട് താമസത്തിന് പ്രശ്നമുണ്ടാകില്ല എന്നുമാണ്. ദൈവം അനുഗ്രഹിച്ചാൽ കൊറോണ കഴിഞ്ഞ് പോകണം എന്നാഗ്രഹിക്കുന്നു.

സങ്കീ 16; 12-13 ൽ പറയുന്നതു പോലെ ഞാനും പാടുന്നു, "കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും."

മിഷനുവേണ്ടി ബർണബാസ് തിരുമേനിയുടെ മധ്യസ്ഥത തേടിക്കൊണ്ട്,

# *Bishop Jacob Mar Barnabas - Past reminiscences*

**By Sabu Pappachan**, Bangalore
Sabhathala Suvisesha Sangam, Eparchy of Puttur



Of course, he was tough. In all aspects, even in his last days fighting against various health issues. A few months after his ordination as Bishop, I caught a glimpse of him for the first time at a house blessing back in 2007. There was very minimal interaction during that time, even then he exuded confidence and resembled a Basket ball player. His frequent visits to Bangalore and various interactions paved the way in establishing a closer bond between us.

Once after a function, he showed an interest to have some quality time, which I accepted joyfully. The talk was nothing to do with church nor spirituality. His questions guided me to talk about Bangalore city, evolution from 1980 onwards, population growth, technological growth, formation of IT city, financial growth, cultural changes and of course Social media influence. As the questions he asked me and his keen interest to know more about Bangalore excited me, our conversation lasted for an hour. He seemed to pause for a while in silence, and then a new question was raised by him, he asked me how we could channelize all the benefits the city (or any city) has to offer for the growth of rural areas. He spoke enthusiastically of what he desires to do. While spreading the world of God is an integral part, he earnestly wanted to be involved in service of the downtrodden and sought measures to achieve the same. He was not gentle about his intentions, rather he was firm and strong-willed, he asked me to prepare a report on how the city could provide support to the rural community. I happily agreed.

From that time, I noticed that in all his sermons, speeches, casual conversations mission activity was the central theme. He was quite serious whenever he talked about mission activity. He was not politically correct, nor did he ever want to be politically correct just to impress a few people around him. He had the conviction and courage to tell anyone about the purpose and his call. I have noticed a few occasions where he spoke up when we had taken things for granted. Be it the scorching heat or the freezing cold, he would walk with the tribal people and joyously engage with them.

On another occasion, he took up 3 roles together a Counsellor, a *Mahapurohithan* and a school friend. Three different versions of the same person could be noticed when he visited a home in Bangalore where a child was extremely worried over his studies in 2012. After patiently listening, he counselled for an hour and then prayed over the boy. Before leaving he pulled out his business card (since spreading the Good News is his business) from his cassock and gave it to the boy and said, "*Any problem, any time, even at midnight call me"* and he left after a pat on the boy's back.

Many times he used to get upset and give his piece of mind for the careless attitude of our (Malankara Catholics) mission activities. He dared to pinpoint the core issue amongst us in propagating the Word of God and criticized our inability to come out of our comfort zone for a greater cause because his yardstick was the Servant of God, Mar Ivanios. Honestly, he had every right to criticize us, when he took the trouble of walking through the broken lanes of many villages, eating unhygienic food among the poorest of the poor in many North Indian villages.

Clear conviction about his call on earth and unquestionable faith in his heavenly Master Lord Jesus Christ was evident in him while executing many services for HIM. He truely believed in the Bible Verses "The harvest is great, but the workers are few". I believe that he was in a hurry to complete his asignments before his time on earth concluded and that's probably why he was stern and punctual in his endeavours. Let many of us come forward to follow in his footsteps and be part of the missionary relay that he started.

www.malankaralibrary.com

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വേദവായന കുറിപ്പുകൾ
## 2021 നവംബർ, ഡിസംബർ, 2022 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ

### 2021 നവംബർ (തെശ്രീൻ ഹ്രോയി)

**തീ ദി വിശേഷദിവസങ്ങളും വേദവായനക്കുറിപ്പുകളും**

1 തി 1 തെസ 4:1-8; മത്താ 5 :1-12
സകല വിശുദ്ധരുടെയും ഓർമ്മ

2 ചൊ 1 കോറി 1:4-9; മത്താ 13:1-9

3 ബു ഹെബ്രാ 13:7-16; മത്താ 24:45-51
**അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് തിരുമേനിയുടെ ഓർമ്മ (1998)**
നിഖ്യായിലെ 318 പിതാക്കൻമാർ

4 വ്യാ 1 കോറി 2:6-15; ലൂക്കോ 6 :37-42

5 വെ ഹെബ്രാ 12:4-13; മത്താ 13:31-35

6 ശ 1 കോറി 1:26-31; മർക്കോ 3 :24-30

7 ഞാ **ഹൂദോസ് ഈത്തൊ ഞായർ**
(സഭയുടെ നവീകരണം)
മർക്കോ 11:15-17; പുറ 32:1-14; 1 രാജാ 8:22-30; ജറെ 31:10-14, 22-26; ഏശ 55:1-13; വെളി 3:14-22; ഹെബ്ര 9:1-14; യോഹ 2 :13-22
മിലിത്തീനിലെ 33 സഹദേൻമാർ

8 തി ഹെബ്രാ 1 :5-14; മത്താ 18:10-14
സകല മാലാഖമാർ

9 ചൊ 1 തിമോ 6:1-2; മത്താ 20:1-16
വി. തിയഡോർ

10 ബു എഫേ 3:14-21; മത്താ 7:21-28
സാമുവൽ നിബിയാ, വി. ലിയോ മാർപാപ്പാ

11 വ്യാ ഹെബ്രാ 11:32-40; യോഹ 8:31-38

12 വെ എഫേ 1 :15-23; മർക്കോ 4:26-29
അലക്സാൺഡ്രിയായിലെ മാർ യോഹന്നാൻ

13 ശ 1 കോറി 2:6-15; മത്താ 13:44-52
സ്വർണനാവുകാരനായ മാർ ഈവാനിയോസ്
**അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാൾ**

14 ഞാ **സ്കറിയായോടുള്ള അറിയിപ്പ്**
ലൂക്കാ 1:1-17; ഉൽപ 17:15-22; റൂത്ത് 1:11-18; 1 സാമു 1:9-17; ഏശ 41:8-17; 2 പത്രോ 1:3-11; റോമ 4:13-25; ലൂക്കോ 1:5-25
**മാർ ഫീലിപ്പോസ് ശ്ലീഹാ**

15 തി 2 തിമോ 4:1-5; മത്താ 5:13-16
വി. ആൽബർട്ട്

16 ചൊ എഫേ 4:1-6; മത്താ 9:9-13
**മാർ മത്തായി ശ്ലീഹാ**

17 ബു 1 കോറി 4:1-5; യോഹ 14:7-14

18 വ്യാ 2 തിമോ 4:16-18; ; മത്താ 23:37-39

19 വെ എഫേ 6:1-4; മത്താ 23:1-12

20 ശ 2 തെസ 2:13-17; ലൂക്കോ 13:22-30

21 ഞാ **വി. ദൈവമാതാവിനോടുള്ള അറിയിപ്പ്**
മത്താ 1:1-17; ഉൽപ 3:8-15; ന്യായാ 13:2-14; സഖ 4:1-7; ഏശ 63:15-64:5; 1 യോഹ 3:1-10; ഗലാ 4:1-7; ലൂക്കോ 1:26-38
**വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം, സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം**
ക്രിസ്തുരാജത്വത്തിരുനാൾ (ലത്തീൻ ക്രമം)

22 തി ഫിലെ 1:1-7; ലൂക്കോ 6:43-45
മാർ ഫിലെമോൻ; വി. സിസിലിയാ

23 ചൊ തീത്തോ 2:11-15; മത്താ 24:32-36
വി. ക്ലെമന്റ് മാർപാപ്പ, വി. ഫെലിസിറ്റ
**സെന്റ് എഫ്രേം കഡ്കി ഭദ്രാസനത്തിന്റെ സ്ഥാപനം (2019)**

24 ബു 2 തെസ 3:1-5; മർക്കോ 10:1-12

25 വ്യാ ഫിലി 1:3-11; മത്താ 10:40-42

26 വെ 1 കോറി 10:23-31; ലൂക്കോ 4:31-37

27 ശ 1 കോറി 4:15-21; മർക്കോ 4:30-34

28 ഞാ **വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു**
ലൂക്കോ 1:39-45; ഉൽപ 24:15-27; 1 സാമു 2:1-11; സുഭാ 31:10-26; ഏശ 29:17-24; 1 പത്രോ 2:6-10; 1 തിമോ 2:4-10; ലൂക്കോ 1:39-56

29 തി ഗലാ 4:12-20; ലൂക്കോ 6:27-36
സാറൂഗിലെ മാർ യാക്കോബ്

30 ചൊ റോമാ 10:14-17; യോഹ 1:35-42
**മാർ അന്ത്രയോസ് ശ്ലീഹാ**

### 2021 ഡിസംബർ (കോനൂൻ ക്ദീം)

1 ബു **ഇരുപത്തഞ്ച് നോമ്പാരംഭം**
റോമാ 13:8-14; യോഹ 1:1-5

2 വ്യാ 1 തിമോ 4:6-10; യോഹ 7:40-43

3 വെ 1 കോറി 9:19-23; മർക്കോ 16:14-18
വി. ഫ്രാൻസിസ് സേവ്യർ

4 ശ റോമാ 10:18-20; മത്താ 5:21-26
ഡമാസ്കസിലെ മാർ യോഹന്നാൻ

5 ഞാ **യോഹന്നാൻ മാംദാനയുടെ ജനനം**
ലൂക്കോ 1:67-80; പുറ 2:1-10; 1 സാമു 1:19-28; സങ്കീ 127:1-5; ഏശ 62:1-12; 1 യോഹ 4:1-6; ഗലാ 4:21-31; ലൂക്കോ 1:57-66
മാർ സാബാസ്, അലക്സാൺഡ്രിയായിലെ മാർ ക്ലീമിസ്

6 തി 2 തിമോ 1:8-14; യോഹ 16:25-33
അന്ത്യോക്യായിലെ മാർ തെയോഫിലോസ്

7 ചൊ 2 തിമോ 4:1-8; മത്താ 16:24-28
വി. അംബ്രോസ്

8 ബു **വി.ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ**
ഗലാ 4:1-7; ലൂക്കോ 1:46-56

9 വ്യാ ഹെബ്രാ 1:1-4; ലൂക്കോ 6:37-42

10 വെ 1 തെസ 4:9-12; മത്താ 10:26-33
മാർ ബഹനാൻ സഹദായും സഹോദരി സാറായും നാല്പതു സഹദേന്മാരും

11 ശ 1 തെസ 5:12-22; മർക്കോ 9:42-50

12 ഞാ **മാർ യൗസേപ്പിനുണ്ടായ ദർശനം**
മത്താ 1:18-25; ഉൽപ 37:5-11; പ്രഭാ 7:11-17; 1 സാമു 3:10-18; ഏശ 45:20-25; 1 പത്രോ 2:11-17; ഗലാ 1:11-24; മത്താ 1:18-25

13 തി ഹെബ്രാ 8:1-6; യോഹ 16:1-4

14 ചൊ 2 കോറി 12:7-10; ലൂക്കോ 14:25-35
കുരിശിന്റെ വി. യോഹന്നാൻ
മാർ അബ്രഹാം കിദുനോയൊ

15 ബു റോമാ 1:8-15; മത്താ 11:1-6

16 വ്യാ 1 കോറി 2:1-5; ലൂക്കോ 9:18-20
**മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996)**

17 വെ റോമാ 16:17-20; മത്താ 3:1-6
മാർ റാബുള

18 ശ എഫേ 2:14-22; യോഹ 14:1-6
മൈലാപ്പൂരിലെ അത്ഭുതകുരിശ്

**II യൽദാ-ദനഹാക്കാലം**

19 ഞാ **യൽദായ്ക്കു മുമ്പുള്ള ഞായർ**
മത്താ 1:1-17; ഉൽപ 46:8-27; 1 രാജാ 9:3-7; ജറെ 23:5-8; ഏശ 11:1-9; അ.പ്ര 3:20-26; ഹെബ്രാ 7:14-17; ലൂക്കോ 2:1-5

20 തി ഗലാ 4:8-11; യോഹ 5:30-40

21 ചൊ ഹെബ്രാ 12:1-3; യോഹ 1:6-13

22 ബു 1 കോറി 9:24-27; ലൂക്കോ 17:7-10

23 വ്യാ കൊളോ 1:24-29; ലൂക്കോ 10:21-24

24 വെ റോമാ 1:18-23; യോഹ 1:14-18

25 ശ **യൽദാപ്പെരുന്നാൾ** (ക്രിസ്തുമസ്)
**വികാരി കുർബാന**
യോഹ 1:6-18; ഉൽപ 21:1-8; 2 രാജാ 4:8-17; മിക്കാ 5:1-4; ഏശ 9:1-7; അ.പ്ര 3:20-26; ഹെബ്രാ 7:14-17; മത്താ 2:1-12

26 ഞാ **യൽദായ്ക്കുശേഷം ഒന്നാം ഞായർ**
മത്താ 2:19-23; ഉൽപ 21:8-14; ന്യായാ 13:24-14:4; സങ്കീ 122:1-9; സഖ 8:3-12; 1 പത്രോ 5:5-11; ഹെബ്രാ 3:1-6; ലൂക്കോ 2:41-52
**വി. ദൈവമാതാവിന്റെ പുകഴ്ച**
**ബൈബിൾ ഞായർ**

27 തി ഹെബ്രാ 11:32-40; മത്താ 2:13-18
ശിശുവധം

28 ചൊ ഗലാ 5:1-6; മത്താ 22:41-46
രാജാവും പ്രവാചകനുമായ ദാവീദ്

29 ബു 2 തിമോ 2:7-13; ലൂക്കോ 16:19-31

30 വ്യാ റോമാ 15:7-13; മത്താ 2:19-23

31 വെ റോമാ 15:14-21; ലൂക്കോ 13:6-9

### 2022 ജനുവരി (കോനൂൻ ഹ്രോയി)

1 ശ **നമ്മുടെ കർത്താവിന്റെ നാമകരണം**
എഫേ 4:17-24; ലൂക്കോ 2:21-24
നവവത്സരാരംഭം
മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്
**മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ നാമഹേതുക തിരുനാൾ.**
**മാവേലിക്കര ഭദ്രാസന സ്ഥാപനദിനം (2007)**

2 ഞാ **യൽദായ്ക്കുശേഷം രണ്ടാം ഞായർ**
ലൂക്കാ 3:7-14; ഉല്പ 37:1-4; 1 സാമു 2:18-21 സങ്കീ 45:1-17; ഏശ 40:25-31; 1 യോഹ 3:19-24, ഹെബ്രാ 11:23-31; യോഹ 1:29-34
മാർ മക്കാറിയോസ് ഈഹീദോയൊ
(വ്യാഴാഴ്ച ദനഹാപ്പെരുന്നാൾ; വിശ്വാസികളെ ഓർമ്മിപ്പിക്കണം)

3 തി ഹെബ്രാ 11:23-31; മത്താ 5:1-12
മലാഖി നിബിയാ, **വി. ചാവറ കുര്യാക്കോസ് ഏലിയാസ്**

4 ചൊ 2 തിമോ 2:21-26; യോഹ 3:1-14
**അമേരിക്ക-കാനഡ സെന്റ് മേരീസ് സമാധാന രാജ്ഞി ഭദ്രാസന സ്ഥാപനം (2016)**

5 ബു 2 തിമോ 3:10-17; ലൂക്കോ 12:22-34

6 വ്യാ **ദനഹാപ്പെരുന്നാൾ** (നമ്മുടെ കർത്താവിന്റെ മാമോദീസാ)
**വികാരി കുർബാന**
മർക്കോ 1:1-11; ഉൽപ 24:10-20; 2 രാജാ 3:21-27 എസെ 47:1-12; ഏശ 12:1-6; അ.പ്ര 19:1-7, തീത്തോ 2:11-3:9; മത്താ 3:13-17

7 വെ **വി. യോഹന്നാൻ മാംദാനായുടെ പുകഴ്ച**
എഫേ 3:1-7; ലൂക്കോ 7:24-28
വി. ജൂലിയൻ

8 ശ മാർ സ്തേഫാനോസ് സഹദാ
അ.പ്ര. 7:54-60; 1 കോറി 16:15-18; മത്താ 23:34-39
**അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ്' തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**

9 ഞാ **ദനഹായ്ക്കുശേഷം ഒന്നാം ഞായർ**
മർക്കോ 1:14-20; ഉല്പ 30:25-43; പുറ 3:1-15; സങ്കീ 147:1-11; ഏശ 49:7-13; അ.പ്ര 2:37-47; എഫേ 1:3-14; മത്താ 4:12-22

10 തി 2 കോറി 1:3-11; യോഹ 3:31-36
നീസായിലെ മാർ ഗ്രീഗോറിയോസ്

11 ചൊ 2 കോറി 4:1-6; മത്താ 9:35-38
ആശ്രമശ്രേഷ്ഠനായ മാർ തേവോദോസിയോസ് **അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**

12 ബു 1 തിമോ 2:1-7; ലൂക്കോ 12:4-12

13 വ്യാ 1 തിമോ 6:11-16; മത്താ 5:17-20

14 വെ റോമാ 3:21-26; മത്താ 7:1-6
സീനായ്മലയിലെ നാൽപ്പതു രക്ത സാക്ഷികൾ

15 ശ 2 കോറി 9:6-11; ലൂക്കോ 2:15-19
**വിത്തുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ, മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനദിനം (2003)**

16 ഞാ **ദനഹായ്ക്കുശേഷം രണ്ടാം ഞായർ**
ലൂക്കോ 4:14-15; ലേവ്യ 22:26-33; സുഭാ 8:22-36; മിക്കാ 5:1-8; ഏശ 51:1-8; 1 പത്രോ 1:13-25; റോമാ 3:1-8; യോഹ 1:43-51
മാർ പത്രോസ് ശ്ലീഹായുടെ ബന്ധനം
**അഭിവന്ദ്യ ഗിവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ (2018)**
ഹെബ്രാ 13:7-16; മത്താ 24:45-51

17 തി ഗലാ 6:14-18; ലൂക്കോ 6:20-26
ഈജിപ്തിലെ മാർ അന്തോണിയോസ്
**അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**

18 ചൊ ഹെബ്രാ 13:7-16; മത്താ 24:45-51
**മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെയും (2007) ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെയും (1955) ഓർമ്മ**
അലക്സാന്ത്രിയായിലെ മാർ കൂറിലോസ്, മാർ അത്താനാസിയോസ്
**സഭൈക്യവാര പ്രാർത്ഥന ആരംഭം**

19 ബു 2 തെസ 2:13-17; മത്താ 5:13-16
ജറുസലേമിലെ മാർ മക്കാറിയോസ്
**അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**

20 വ്യാ 2 തിമോ 2:1-5; മത്താ 10:26-33
വി. സെബസ്ത്യാനോസ്

21 വെ 2 കോറി 11:21-29; മത്താ 25:1-13
വി. ആഗ്നസ്

22 ശ 2 തിമോ 2:20-26; ലൂക്കോ 21:34-36
മാർ തിമോത്തിയോസ്

23 ഞാ **ദനഹായ്ക്കുശേഷം മൂന്നാം ഞായർ**
യോഹ 3:22-4:3; പുറ 32:30-35; 2 രാജാ 2: 13-25; ജോയേ 2:21-32; ഏശ 34:8-17; അ. പ്ര 17:16-21; 1 കോറി 3:16-4:5; യോഹ 3:1-12

24 തി എഫേ 5:6-14; മർക്കോ 16:15-18
വി. ഫ്രാൻസിസ് സാലസ്

25 ചൊ അ.പ്ര 9:1-9; ഗലാ 1:13-24; യോഹ 17:17-23
സഭൈക്യവാര പ്രാർത്ഥന സമാപനം
മാർ പൗലോസ് ശ്ലീഹായുടെ മാനസാന്തരം
**പത്തനംതിട്ട, പൂത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനദിനം (2010)**

26 ബു റോമാ 13:1-7; മത്താ 22:15-22
ഭാരത റിപ്പബ്ലിക് ദിനം

27 വ്യാ ഫിലി 1:12-14; മത്താ 23:1-4

28 വെ 2 കോറി 13:5-8; മത്താ 12:33-37
വി. തോമസ് അകിനാസ്

29 ശ റോമാ 12:1-8; യോഹ 12:20-26
അഗ്നിമയനായ മാർ ഇഗ്നാത്തിയോസ്
**അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**

30 ഞാ **ദനഹായ്ക്കുശേഷം നാലാം ഞായർ**
ലൂക്കോ 7:18-23; ഉല്പ 2:5-17; 1 സാമു 16:1-13; സങ്കീ 89:20-33; ഏശ 40:27-31; 1 പത്രോ 2:11-17; 1 കോറി 4:6-13; മർക്കോ 6:1-6
മാർ യാക്കോബ് അഫ്രാത്തീസ്,
വി. ഹൈസീന്താ, വി. മാർട്ടീന

31 തി റോമാ 8:35-39; യോഹ 10:7-13
വി. ഡോൺ ബോസ്കോ

### 2022 ഫെബ്രുവരി (ശ്ബോത്ത്)

1 ചൊ ഹെബ്രാ 10:26-31; മത്താ 18:1-5

2 ബു **മായൽതൊ**
(നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം)
ലൂക്കോ 2:22-35; ലേവ്യ 12:1-8; ലേവ്യ 22:17-25; 2 സാമു 5:1-5; ഏശ 11:1-9; അ.പ്ര 24:16-21; ഹെബ്രാ 9:11-14; ലൂക്കോ 2:22-24

3 വ്യാ എഫേ 3:14-21; ലൂക്കോ 2:25-38
മാർ ശെമഓനും മൊർത്ത് ഹന്നായും

4 വെ 1 കോറി 9:19-23; യോഹ 15:18-25
വി. ജോൺ ബ്രിട്ടോ

5 ശ 1 തിമോ 6:11-16; ലൂക്കോ 12:16-21

6 ഞാ **ദനഹായ്ക്കുശേഷം അഞ്ചാം ഞായർ**
മത്താ 11:1-15; ഉല്പ 9:12-17; ജോഷ്വാ 4:4-9; സങ്കീ 29:1-11; ഏശ 41:8-20; 1 പത്രോ 3:8-12; 2 കോറി 4:1-6; മർക്കോ 1:12-20
**കാതോലിക്കാ ദിനം**

7 തി **മൂന്നു നോമ്പാരംഭം**
യോന 1:1-7; ഫിലി 2:1-11; മത്താ 12:38-42

8 ചൊ യോന 3:1-10; റോമാ 12:9-15: മത്താ 24:36-44

9 ബു യോന 2:1-10; 1 തെസ 5:1-11; ലൂക്കോ 13:1-5
**അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2008)**

10 വ്യാ **മൂന്നു നോമ്പുവീടൽ**
ലൂക്കോ 12:54-59; ഉല്പ 18:22-33; ജോഷ്വ 7:6-13 യോന 4:1-11; സങ്കീ 13:1-6; അ.പ്ര 9:1-9 ഗലാ 1:13-24; ലൂക്കോ 11:29-32
**മലങ്കര കത്തോലിക്കാ മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസന സ്ഥാപനദിനം (2005)**

11 വെ എഫേ 1:3-12; ലൂക്കാ 11:27-28
ലൂർദ് മാതാവ്

12 ശ ഗലാ 2:15-21; മത്താ 11:20-24

13 ഞാ **കൊഹനെ ഞായർ** (പരേതരായ വൈദികർ)
ലൂക്കോ 19:11-27; സംഖ്യ 20:22-29: ജോഷ്വാ 24:29-33: പ്രഭാ 45:15-22: ഏശ 65:13-16: അ.പ്ര 20:25-38; ഹെബ്രാ 13:7-16: മത്താ 24:45-51
ഹഗ്ഗായി നിബിയ
**മലങ്കര സുറിയാനി കത്തോലിക്കാ ബാല സഖ്യദിനം**

14 തി 2 കോറി 10:1-6; യോഹ 8:21-30
മാർ ക്സുസ്തോസ്

15 ചൊ ഹെബ്ര 4:12-16; ലൂക്കോ 9:49-50

16 ബു റോമാ 3:1-8; ലൂക്കോ 13:22-30

17 വ്യാ റോമാ 9:1-5; ലൂക്കോ 7:11-17

18 വെ എഫേ 1:1-8; യോഹ 10:31-39

19 ശ ഫിലി 2:12-18; യോഹ 15:1-10
മാർ ഇസഹാക്ക്, **അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2005)**

www.malankaralibrary.com

www.malankaralibrary.com





# ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

**ദൈവസ്നേഹത്തെപ്പറ്റി** : ദൈവത്തിന്റെ സ്നേഹത്തിനു മാത്രമാണ് എല്ലാറ്റിനെയും പുതുതാക്കാൻ സാധിക്കുന്നത്.

**വേദനകളെപ്പറ്റി :** ജീവിതത്തിന്റെ ചില നിമിഷങ്ങളിൽ കണ്ണീരിന്റെ കണ്ണടയുണ്ടെങ്കിലേ ദൈവത്തിനെ കാണാൻ കഴിയുകയുള്ളൂ.

**എളിമയെപ്പറ്റി** : നാം വളരെ ചെറിയവരാണെന്ന് തിരിച്ചറിയാത്തവർക്ക് വളരാനാവില്ല.

**വചനപ്രഘോഷണത്തെപ്പറ്റി** : സുന്ദരമായ ഒരു വചനപ്രഘോഷണം രക്ഷയുടെ പ്രഖ്യാപനത്തോടെയാണ് ആരംഭിക്കേണ്ടത്.

**വീണവരെപ്പറ്റി** : ഒരു വ്യക്തിയുടെ ജീവിതം മുഴുവനും മുള്ളും കളയുമാണെങ്കിലും നല്ല വിത്തിനു വളരുവാൻ ഒരിറ്റ് സ്ഥലമുണ്ടാകും.

**മാർപാപ്പാ ആയതിനെപ്പറ്റി** : ഞാൻ മാർപാപ്പാ ആകാൻ ആഗ്രഹിച്ചിട്ടില്ല.

**സമാധാനത്തെപ്പറ്റി** : അക്രമവും യുദ്ധവും മരണത്തിലേക്ക് മാത്രമേ നയിക്കൂ.

**അബോർഷനെപ്പറ്റി** : അന്യായമായി അബോർഷനു വിധേയരാകുന്ന ഓരോ കുഞ്ഞിനും യേശുക്രിസ്തുവിന്റെ മുഖമാണുള്ളത്.

**വിശുദ്ധരാകുന്നതിനെപ്പറ്റി** : വിശുദ്ധരാകുന്നത് ചിലർക്കുള്ള പ്രത്യേക അവകാശമല്ല. ഓരോരുത്തന്റെയും ദൈവവിളിയാണ്.

**യുവാക്കളോട് പറഞ്ഞത്** : വലിയ കാര്യങ്ങൾ സ്വപ്നം കാണാൻ ഭയക്കരുത്. ദൈവം തന്ന താലന്ത് മൂടിവയ്ക്കരുത്.

**അനുരഞ്ജന കൂദാശയെപ്പറ്റി** : കുമ്പസാരമെന്ന കൂദാശ ദൈവത്തിന്റെ അലിവുള്ള ആലിംഗനമാണ്.

**യേശുവിന്റെ ജീവിതത്തെപ്പറ്റി** : യേശുവിന്റെ ജീവിതം മറ്റുള്ളവർക്കുവേണ്ടിയുള്ളതായിരുന്നു.

**വി. കുർബാനയെപ്പറ്റി** : വി. കുർബാനയിൽ യേശു നമ്മുടെ ഉള്ളിൽ പ്രവേശിച്ച് നമ്മിൽ ദൈവകൃപ നിറയ്ക്കുന്നു.

**ലോകത്തെ പരിവർത്തനം ചെയ്യുന്നതിനെപ്പറ്റി** : ലോകത്തെ പരിവർത്തനപ്പെടുത്താൻ, തിരിച്ച് ഒന്നും നല്കാനാകാത്തവർക്ക് നന്മ ചെയ്യണം.



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

20 **ഞാ ആനീദെ ഞായർ** (പരേതരായ വിശ്വാസികൾ)
മത്താ 25:31-46; ഉൽപ 49:29-33; 2 മക്ക 12:38-45: പ്രഭാ 41:1-4: ഏശ 38:9-22; 2 പത്രോ 3:8-13; 1 തെസ്സ 4:13-18; യോഹ 5:19-29
21 തി എഫേ 6:1-4; മത്താ 7:21-28
22 ചൊ ഹെബ്രാ 13:7-16; മത്താ 24:45-51
**തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ ഓർമ്മ (1943)**
മാർ പത്രോസ് ശ്ലീഹായുടെ അന്ത്യോക്യ സിംഹാസന സ്ഥാപനം.
**തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിന്റെ പ്രതിഷ്ഠാ വാർഷികം. (1965)**
23 ബു എഫേ 5:15-21; ലൂക്കോ 12:8-12
സ്മിർണായിലെ മാർ പോളിക്കാർപ്പസ്
24 വ്യാ എഫേ 6:5-9; മത്താ 14:1-12
യോഹന്നാൻ മാംദാനയുടെ ശിരസു കണ്ടെത്തൽ
25 വെ 2 കോറി 4:7-15; മത്താ 10:16-25
വാഴ്ത്തപ്പെട്ട റാണി മരിയ
26 ശ എഫേ 5:6-14; മത്താ 5:43-48

### III വലിയ നോമ്പുകാലം

27 **ഞാ കൊത്തിനെ ഞായർ**
(കാനായിൽ വെള്ളം വീഞ്ഞാക്കിയത്)
**വലിയ നോമ്പിലെ ഒന്നാം ഞായർ**
യോഹ 10:22-30; ഉല്പ 9:12-17; പുറ 20:7-22; ജോയേ 2:12-20; ഏശ 58:6-14; അ.പ്ര. 11:19-26; കൊളോ 3:5-17; യോഹ 2:1-11
28 തി **ശുബ്ക്കോനൊ**
ഉല്പ 1:1-12; എഫേ 4:25-32; മത്താ 4:1-11
ഒബാദിയ നിബിയ

### 2022 മാർച്ച് (ഓദോർ)

1 ചൊ ഹഗ്ഗാ 2:18-23; എഫേ 5:1-4; മത്താ 6:1-4
2 ബു ഏശ 13:6-13; റോമാ 2:7-16; മത്താ 6:5-8
3 വ്യാ ജോബ് 8:1-22; റോമാ 3:1-8; മത്താ 6:16-18
4 വെ എസെ 18:21-32; റോമാ 3:9-20; മത്താ 6:19-23
5 ശ സഖ 7:8-14; റോമാ 12:9-21; മത്താ 7:21-28
മാർ അപ്രേമിന്റെയും മാർ തിയഡോറിന്റെയും പ്രത്യേക ഓർമ
**മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ വാർഷികം (2007)**
6 **ഞാ ഗർബോ ഞായർ**
(കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്)
**വലിയ നോമ്പിലെ രണ്ടാം ഞായർ**
മത്താ 8:1-4; ഉല്പ 7:6-16; 2 രാജ 5:1-14; ജറെ 50:4-7; ഏശ 33:2-9; അ.പ്ര 9:20-25; റോമാ 3:27-4:3; ലൂക്കോ 5:12-16
7 തി 2 സാമു 16:5-14; ഫിലി 3:8-11; മർക്കോ 7:14-23
8 ചൊ ഏശ 33:1-6; 1 കോറി 6:1-11; മർക്കോ 4:21-29
9 ബു സുഭാ 7:1-5; 1 കോറി 8:1-13; മർക്കോ 13:9-13
സെബസ്തിയിലെ നാൽപ്പതു സഹദേന്മാർ
10 വ്യാ സംഖ്യ 16:1-11; 1 തിമോ 6:11-16; ലൂക്കോ 4:16-21
11 വെ സങ്കീ 94:1-11; എഫേ 5:6-14; മത്താ 11:16-19
12 ശ നിയമാ 30:1-7; റോമാ 7:7-12; മത്താ 13:53-58
13 **ഞാ മ്ശറിയോ ഞായർ** (തളർവാതരോഗിയെ സൗഖ്യമാക്കിയത്)
**വലിയ നോമ്പിലെ മൂന്നാം ഞായർ**
ലൂക്കോ 5:17-26; നിയമാ 31:19-30; പ്രഭാ 9:10-18; എസെ 33:23-33; ഏശ 5:18-25; അ.പ്ര 5:12-16; റോമാ 5:1-11; മർക്കോ 2:1-12
**അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം (2010)**
14 തി ഉല്പ 18:22-33; 1 തിമോ 6:1-10; മർക്കോ 2:18-22
15 ചൊ സുഭാ 3:1-12; എഫേ 2:11-22; മർക്കോ 8:14-20
16 ബു ലേവ്യ 25:35-46; തീത്തോ 3:1-7; ലൂക്കോ 12:32-40
17 വ്യാ സംഖ്യ 12:1-10; 2 തെസ 3:6-15; മർക്കോ 9:30-37, വി. പാട്രിക്
18 വെ ഏശ 1:10-20; കൊളോ 3:12-17; മത്താ 5:13-16
ജറുസലേമിലെ മാർ കൂറിലോസ്
**അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**
19 ശ 2 രാജാ 4:38-44; റോമ 4:16-18; മത്താ 1:18-25
**മാർ യൗസേഫ്**
20 **ഞാ ക്നാനയ്തോ ഞായർ**
(കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്)
**വലിയ നോമ്പിലെ നാലാം ഞായർ**
മർക്കോ 7:24-30; പുറ 16:1-12; 1 സാമു 7:10-17; പ്രഭാ 10:6-18; ഏശ 56:1-7; അ.പ്ര. 20:22-32; റോമാ 7:13-25; മത്താ 15:21-28
21 തി നെഹ 9:6-15; റോമാ 3:27-31; മത്താ 8:18-22
മാർ യോഹന്നാൻ ക്ലീമാക്കൂസ്
22 ചൊ ജറെ 6:16-21; 1 കോറി 16:13-24; യോഹ 7:1-13
23 ബു **പകുതി നോമ്പ്** -ഗോഗുൽത്താ സ്ഥാപനം
മത്താ 17:22-27; സംഖ്യ 21:1-9; 1 സാമു 7:5-9; സങ്കീ 34:1-9; സഖ 12:6-14; അ.പ്ര 15:22-33; 1 കോറി 10:1-13; യോഹ 3:13-21
24 വ്യാ ദാനി 4:29-37; 2 കോറി 1:12-22; മത്താ 19:16-26
25 വെ **വി. ദൈവമാതാവിനോടുള്ള വചനിപ്പ്**
**വികാരി കുർബാന**
യോഹ 1:14-16; ഉൽപ 3:8-19; ന്യായാ 13:2-14; സഖ 4:1-7; ഏശ 64:1-7; 1 യോഹ 3:1-10; ഹെബ്രാ 6:13-20; ലൂക്കോ 1:26-38
26 ശ ലേവ്യ 19:9-19; റോമ 8:31-39; മർക്കോ 13:9-13
**ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ സ്ഥാപനം (2015)**
27 **ഞാ ക്പിഫ്തൊ ഞായർ**
(കൂനിയെ സൗഖ്യമാക്കിയത്)
**വലിയ നോമ്പിലെ അഞ്ചാം ഞായർ**
ലൂക്കോ 10:25-37; ഉൽപ 9:1-7; പ്രഭാ 51:1-10; ജറെ 51:1-9; ഏശ 50:1-5; 1 പത്രോ 3:8-17; റോമാ 12:1-15; ലൂക്കോ 13:10-17
28 തി 2 രാജാ 2:19-25; റോമാ 9:14-18; ലൂക്കാ 4:31-37
29 ചൊ പുറ 14:21-31; 1 തിമോ 6:3-10; മർക്കോ 3:1-6
30 ബു 2 സാമു 19:24-30; 1 കോറി 10:1-13; മത്താ 14:13-21
31 വ്യാ സഭാ.പ്ര 5:1-7; കൊളോ 1:9-10; മർക്കോ 6:45-52

### 2022 ഏപ്രിൽ (നീസാൻ)

1 വെ ഹോസി 6:1-6; 1 തിമോ 1:3-11; മർക്കോ 10:13-16
2 ശ സങ്കീ 78:1-22; റോമാ 2:1-13; ലൂക്കോ 9:1-6
3 **ഞാ സമിയോ ഞായർ**
(കുരുടനെ സൗഖ്യമാക്കിയത്)
**വലിയ നോമ്പിലെ ആറാം ഞായർ**
മർക്കോ 10:46-52; നിയമാ 25:13-19; ജോബ് 42:1-9; 1 രാജാ 3:4-15; ജറെ 51:10-19; 1 പത്രോ 4:12-19; റോമാ 14:10-23; യോഹ 9:1-41
4 തി ഉല്പ 49:8-12; റോമാ 1:1-7; മത്താ 8:14-17
5 ചൊ 1 സാമു 17:34-51; റോമാ 8:12-17; മർക്കോ 10:32-34
6 ബു ഏശ 63:7-19; ഗലാ 5:16-26; മർക്കോ 4:35-41
7 വ്യാ ജോഷ്വ 6:1-21; 2 കോറി 6:1-10; മത്താ 20:17-19
8 വെ **നാല്പതാം വെള്ളി**
മത്താ 4:1-11; ഉല്പ 3:1-7; 2 സാമു 24:18-25; ജറെ 7:1-7; ഏശ 58:1-8; 1 പത്രോ 1:13-21; റോമാ 14:1-9; ലൂക്കോ 4:1-13 (ഉപവാസവും നാല്പതു കുമ്പിടീലും ഇല്ല)
**ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ (1997)**
ഹെബ്രാ 13:7-16; മത്താ 24:45-51
9 ശ ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ച ജ്ഞാനം 11:22-12:15; 1 കോറി 15:20-28; യോഹ 11:28-46
10 **ഞാ ഓശാന ഞായർ**
ലൂക്കോ 19:28-40; ഉൽപ 49:8-15; 2 സാമു 6:1-7; സുഭാ 16:13-25; സഖ 9:8-17; വെളി 7:9-12; റോമാ 11:17-24; യോഹ 12:12-19.
**സാമൂഹ്യക്ഷേമ ദിനം**
11 തി ഹാശാ തിങ്കൾ
ഏശ 28:5-13; ഹെബ്രാ 1:5-14; മത്താ 21: 23-32
12 ചൊ ഹാശാ ചൊവ്വാ
നിയമാ 31:16-20; ഹെബ്രാ 2:5-18; യോഹ 12:27-36
വി. യൂലിയോസ് പാപ്പ
**അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ**
13 ബു ഹാശാ ബുധൻ
എസെ 21:26-32; ഹെബ്രാ 9:24-28; മത്താ 26:14-16
മാർ സെറാഫിയോൻ
14 **വ്യാ പെസഹാ വ്യാഴം**
യോഹ 7:37-53; പുറ 12:1-11; ലേവ്യ 16:3-10; സുഭാ 1:10-19; ഏശ 24:16-23; വെളി 19:5-16; 1 കോറി 11:23-34; ലൂക്കോ 22:14-30
മാർ ശെമഊൻ ബെർസാബോയോ
15 വെ **ദു:ഖവെള്ളി**
16 ശ ദു:ഖ ശനി
ആമോ 6:10-14; റോമ 6:1-11; മത്താ 27:62-66

### IV കൃംതാകാലം

17 **ഞാ കൃംതാ** (ഉയിർപ്പു പെരുന്നാൾ)
**വികാരി കുർബാന**
മത്താ 28:1-10; പുറ 40:17-23; പ്രഭാ 30:21-25; ദാനി 6:18-24; ഏശ 57:14-21; അ. പ്ര 2:29-36; 1 കോറി 15:1-11; യോഹ 20:1-10
ഹേവോറെ ആഴ്ച
18 തി റോമ 8:1-11; മത്താ 28:11-15
19 ചൊ 1 കോറി 15:12-19; യോഹ 2:18-25
20 ബു ഹെബ്രാ 3:1-13; മർക്കോ 8:27-33
21 വ്യാ 1 കോറി 1:18-25; യോഹ 13:34-35
22 വെ ഹെബ്രാ 11: 32-40; മത്താ 10:26-33
സകല മൗദ്യാനന്മാർ
23 ശ 2 തിമോ 2:1-6; മത്താ 10:16-25
മാർ ഗീവർഗീസ് സഹദാ
24 **ഞാ പുതുഞായറാഴ്ച**
യോഹ 20:19-23; ഉൽപ 41:37-45; 2 രാജാ 2:1-12; ജ്ഞാനം 3:1-9; ഏശ 40:9-15; 1 പത്രോ 1:3-12; 2 തിമോ 2:7-13; യോഹ 20:19-29
**സെമിനാരി ദിനം**
25 തി റോമാ 12:1-2; മർക്കോ 16:14-18
**മർക്കോസ് സുവിശേഷകൻ**
26 ചൊ റോമാ 11:11-16; യോഹ 5:41-47
27 ബു ഫിലി 2:1-11; യോഹ 15:18-25
വി. ക്ലീറ്റസ്
28 വ്യാ ഹെബ്രാ 13:7-16; മത്താ 24:45-51
**അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ (1987)**
29 വെ 1 തെസ 5:23-26; മത്താ 25:1-13
സിയന്നായിലെ വി. കത്രീന
30 ശ ഗലാ 6:1-10; മർക്കോ 10:35-45
**സെബദിപുത്രനായ മാർ യാക്കോബ് ശ്ലീഹാ**

---

*( ...... 5-ാം പേജിൽ നിന്നും തുടർച്ച)*

തോന്നുമായിരുന്നു. അതുപോലെതന്നെ കോവിഡിന്റെ പിടിയിലകപ്പെട്ട് രോഗക്കിടക്കയിൽ പിതാവ് അനുഭവിച്ച ക്ലേശങ്ങളോർക്കുമ്പോഴും വലിയ സങ്കടമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ ദുഃഖങ്ങളെല്ലാം എന്റെയുള്ളിൽ സന്തോഷമായി മാറിയപോലെ. പിതാവിലൂടെ ദൈവം ചെയ്ത ശുശ്രൂഷകളെയെല്ലാം അതിന്റെ പൂർണതയിൽ ഫലദായകമാക്കുകയും സ്വർഗീയ മഹത്വത്തിന് പിതാവിനെ അവകാശിയാക്കുകയും, സ്വർഗീയഅനുഗ്രഹങ്ങളുടെ ഉറവയാക്കി മാറ്റുകയും ചെയ്യുകയായിരുന്നു ആ രോഗപീഡകളിലൂടെ എന്ന തിരിച്ചറിവാണ് എന്റെ ദുഃഖം സന്തോഷമാക്കി മാറ്റിയത്. പിതാവിന്റെ നല്ല മാതൃകകളും പ്രേഷിത തീക്ഷ്ണതയും നമ്മുടെ ജീവിതങ്ങളിൽ പകർത്താം! അങ്ങനെ അനേകരിലൂടെ നമ്മുടെ പിതാവ് ഇനിയും അനേക വർഷങ്ങൾ ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തട്ടെ!

www.malankaralibrary.com

www.malankaralibrary.com



















## ആദരാഞ്ജലികൾ



**വർഗ്ഗീസ് ഫിലിപ്പ് കാവനാട്ട്**

06-10-2021

സഭാതലസുവിശേഷസംഘം 4-ാം ബാച്ച്
കാരിച്ചാൽ - മാവേലിക്കര ഭദ്രാസനം

Printed and Published by Fr. Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14

www.malankaralibrary.com